IBX 260
260

ക്രിസ്തുഗാഥ.

(1-o 2-o 3-o ഭാഗങ്ങൾ.)

EDITED BY

Br. P. K. JOSEPH.

PUBLISHED BY

THE SUHANGALA BOOK DEPOT
KAYAMKULAM

Suvarna Ratna Prabha Press,
KAYAMKULAM.
1113

(24)

വില അണ 10.

അവതാരിക.

സന്ദേഹംവേണ്ടപേരന്നുപകാരത്തിനാകാത്തതെങ്കിൽ
കിന്ദേഹംകൊണ്ടൊരുഫലമിഹ പ്രാണിനാം ക്ഷോണിതന്നിൽ.
—മയൂരസന്ദേശം

അനന്തസ്സും കുലമഹിമയും ഉള്ള തറവാട്ടിൽ ജനിച്ചു് എല്ലാ ശ്രേയസ്സും ഒന്നിച്ചു് ഏകച്ഛത്രാധിപതിയായാലും, കുചേലനെപ്പോലെ 'ദാരിദ്ര്യശ്രുഷ്ക്കമായ പാഴ്കുടിലിൽ' ജീവിതത്തെ പഴിക്കുന്ന മഹാദരിദ്രനായാലും, മനുഷ്യജന്മം സർവ്വാത്മത്യാഗത്താൽ ലോകത്തിനു് ക്ഷേമം കൈവരുത്തുന്നതിനത്രേ എന്നുള്ള തത്വം പരിപൂർണ്ണമായി അനുഷ്ഠിച്ച അവതാരമൂർത്തിയാണു് ക്രിസ്തുദേവൻ. ആ പുണ്യാത്മാവു് ജീവിതകാലമെല്ലാം ലോകർക്കായി സേവനം ചെയ്തു് സ്വജീവനെപ്പോലും ക്രൂശിലർപ്പിച്ചു്, ശരിയായ ജീവിതം എന്താണെന്നു് പ്രവൃത്തിയിൽ കാണിച്ചു. മാഹാത്മ്യമേറിയ ഈ സമ്പൂർണ്ണ ത്യാഗത്തെ ആധാരമാക്കി എഴുതിയിട്ടുള്ളതാണു് ക്രിസ്തുഗാഥ. ഇതു് അത്യന്തം ശ്രുതിമധുരമാണു്. സരസങ്ങളും ഹൃദയാവർജ്ജകങ്ങളുമായ ഇതിലെ ഓരോ ഘട്ടങ്ങളും മാനവലോകത്തിനു് ചേതോവികാരോദ്ദീപകങ്ങളത്രെ. ജീവിതം സ്വാർത്ഥത്തിനായി നശിപ്പിച്ചിട്ടുള്ളതല്ലെന്നും നേരേമറിച്ചു് ലോകനന്മയ്ക്കും ഈശ്വരമഹിമയ്ക്കുമായി ത്യജിക്കേണ്ടതാണെന്നും ഇതിലെ ഓരോ വരികളും ഉപദേശിക്കുന്നു.

ക്രിസ്തു ആരെന്നു തെളിയിക്കുന്ന തത്വസമ്പൂർണ്ണങ്ങളായ ചില ഭാഗങ്ങൾ നോക്കുക:—

"ആദിയിൽ ശബ്ദസ്വരൂപിയായ് ശോഭിച്ചൊ
രാദി മദ്ധ്യാന്ത വിഹീനനേകൻ
ആനന്ദരൂപ നഖില ജഗൽപരി-
ത്രാണപരായണനപ്രമേയൻ
പാരിൽ പരിശുദ്ധിയേറുന്ന മേരിതൻ
ചാരുതിരുവയർ വാണുമുന്നം"

ഈ വരികളുടെ സാരള്യവും പ്രശംസനീയമായിരിക്കുന്നു.

അതുപോലെ—

"പാർവ്വണചന്ദ്രവദനയാം യേശുവെ,
പൂർവ്വദിങ്നാരിയാളുക്കുനേയും
പൂർവോത്തരഭാവം പൂണ്ടങ്ങു പെറ്റിതു
പൂർണ്ണസുഖാത്മീ ലോകക്കെല്ലാം"

ലോകസുഖാത്മം ജനിച്ച യേശുവിന്റെ ജനനം പ്രഭാതത്തിനു മുമ്പെന്നു കവി വിവക്ഷിക്കുന്ന ടി പദ്യവരികളിൽ അടങ്ങിയിരിക്കുന്ന യുക്തിയെപ്പറ്റി ചിന്തിക്കുക. പ്രാസപ്രയോഗത്തിൽ കവി യാതൊരു ക്ലേശവും അനുഭവിച്ചിട്ടില്ലെന്നു വ്യക്തം. അന്നു യേശു മുമ്പും സൂര്യൻ പിൻപും ജനിച്ചു എന്നു പാടുന്നു.

യേശുവിനെ കാണുമ്പോൾ അചേതനങ്ങൾപോലും സചേതനങ്ങളായി രൂപാന്തരപ്പെടുന്ന ആശയത്തെ പ്രദർശിപ്പിക്കുമ്പോൾ നമുക്ക് ഭക്തിപ്രഭാവം ഉണ്ടാകാതെ തരമില്ല. യേശുദേവന്റെ ഒലിവുമലയിലേക്കുള്ള യാത്രാസന്ദർഭത്തിൽ

"മാമലതൻതലതാഴ്ത്തിവണങ്ങുന്ന-
മാതിരിവൃക്ഷങ്ങൾ കൊമ്പുതാഴ്ത്തി
പത്രാളിമർമ്മരനാദം നലമൊട്ടു
ചിത്രമാകും ശ്രുതിക്രുട്ടിനില്ലേ
കോമളകോകിലനാദമാം സംഗീത-
മാമോദമാംമട്ടയന്നുകേൾപ്പിക്കായ്"

എന്ന ഭാഗം ഇതിലടങ്ങിയിരിക്കുന്ന കാവ്യഭാഗത്തിനു് ഒരൊന്നാന്തരം ഉദാഹരണമാണു്.

ആരവപൂരിതവാരാശിമോദേന
നിർമ്മലവീചികളാകും കരങ്ങളാൽ
ശർമ്മദൻതന്നെ വിളിച്ചു.. ... .

ഗലീലക്കടൽ യേശുവിനെ സല്ക്കരിക്കുന്ന ഈ ഭാഗം ആർക്കും രോമാഞ്ചമുണ്ടാക്കുക തന്നെ ചെയ്യും. കൊഴുത്തപദങ്ങളും ഒഴുക്കിനു ചേർന്നിരിക്കുന്നു. അനവധി അലങ്കാരപ്രയോഗങ്ങളും കവിതയെ പരിപുഷ്ടമാക്കുന്നു.

"കാന്തിപ്രവാഹത്തിൽ വിശ്വംവിളക്കിയ
കാന്തേന്ദുകല്പമുഖിയൊരുത്തി,
ആരമ്യഭംഗിതടവും തനു ദുർവി-
കാരപ്പിശാചിക്കു തിരേകിയോഗം,
മാനമകന്നമനോഭവവാനിയിൽ
മാനവവർഗ്ഗത്തെ ഹോമിച്ചവർഗം"

ഒരു പുംശ്ചലിയുടെ സൗന്ദര്യം, പ്രാഭവം, ഉമ്മാക്കുജീവിതം മുതലായി ഒരദ്ധ്യായത്തോളം വലിപ്പത്തിൽ വർണ്ണിക്കാവുന്ന ആശയങ്ങളും ഈ രണ്ടേമൂന്നു ചെറിയ വരികളിലായി അടക്കിയിരിക്കുന്ന കവിയുടെ ചാതുര്യം സ്തുത്യർഹംതന്നെ.

നിന്മഹിമാനമറിയാതസംഖ്യമായ്
നിർമ്മരിയാദങ്ങളംചെയ്തുപോയേൻ!
പശ്ചാദ്ഭാഗത്തുക്കണ്ടതന്നിലും താഴ്ന്നുഞാൻ
പശ്ചാത്താപപരിഖിന്നയായേൻ!

ഈനാലു വരികളാൽ ക്രിസ്തുദേവന്റെ സന്നിധിയിൽ പശ്ചാത്തപിക്കുന്ന അവളുടെ ചുരുങ്ങിയ വാക്കുകളും ഏറ്റവും ഹൃദയാവർജ്ജകങ്ങളാണു്.

ക്രൂത്തുമുത്തുള്ളൊരു മുള്ളുകൊണ്ടായവർ
ക്രൂടാരത്തൊപ്പി ചമച്ചുവെച്ചു!
ചെമ്പിച്ച വണ്ണത്തിൽകഞ്ചുകമുണ്ടാക്കി–
ച്ചെമ്പൊൽത്താർമേനിയിൽചേത്തുകൊണ്ടാർ.
പുഷ്പാച്ചനചെയ്തുപൂജിച്ചുകൊള്ളേണ്ട–
മപ്പുണ്യപൂരുഷവിഗ്രഹത്തെ
വേണ്ടുമലങ്കോലചിഹ്നം ധരിപ്പിച്ചു
രണ്ടുചെകിട്ടിലും കൈനടത്തി!"

ക്രിസ്തുവിനെ ബന്ധിച്ചു കൊലക്കളത്തിലേക്കു കൊണ്ടുപോകുന്ന ദൃശ്യമുൾപ്പെടെ പ്രമാണികളുടെ നിഷ്ഠുരമായ പ്രവൃത്തികളെ കവി വർണ്ണിച്ചിരിക്കുന്നു ഈ വരികൾ ഏതു അശ്രദ്ധയനേയും ആർദ്രമാനസനാക്കിത്തീർക്കുന്നതാണു്.

ഇതുപോലെ പലഭാഗങ്ങളും ഉദ്ധരിക്കാനുണ്ടു്. വിസ്തരഭയത്താൽ വിരമിക്കുന്നു. പലഗ്രന്ഥങ്ങളും പ്രസിദ്ധീകരിച്ചും സുമംഗല മാസിക മുതലായവ ഭംഗിയായി നടത്തിയും, പേരും പെരുമയും സമ്പാദിച്ചിട്ടുള്ള സുമംഗലാ ബുക്കു് ഡിപ്പോ പ്രവർത്തകന്മാർ വിദ്യാർത്ഥികൾക്കായി ചെയ്യുന്ന ഇത്തരം സേവനങ്ങളും എന്തുകൊണ്ടും പ്രശംസാവഹമായിരിക്കുന്നു. ചുരുക്കത്തിൽ സഹൃദയന്മാരും കൈരളീഭക്തന്മാരുമായ മഹത്തുക്കളുടെ ആദരവിനും സ്വീകരണത്തിനും ഈ ഗ്രന്ഥം പാത്രീഭൂതമെന്നു് നിസ്സംശയം പറയാം.

"ഞാൻ വാളുകൊണ്ടു സാമ്രാജ്യം സ്ഥാപിച്ചു. എന്നാൽ അതു് എന്നോടുകൂടി നശിക്കുന്നതു ഞാൻ കാണുന്നു. യേശുക്രിസ്തു സ്നേഹംകൊണ്ടു സാമ്രാജ്യം സ്ഥാപിച്ചു. അതു എന്നെന്നും നിലനില്ക്കും"—നെപ്പോളിയൻ.

കായംകുളം,
5—1—1113.

ജോൺ ജേക്കബ്
ബി. എ. എൽ. റ്റി.

260

ശ്രീ
ക്രിസ്തുഗാഥ.

(ഒന്നാംഭാഗം.)

ആൻപാൻ, ഭാവുക സമ്പൂർണ്ണ സൗഭാഗ്യം,
തൻപാദ പാവന സ്പർശനത്താൽ
ഭൂതലം തന്നിൽ പുലർത്തുവാനുണ്ടായ—
ഭൂതദയാനിധി യാരു? മുന്നം.

അദ്ധ്യാത്മതല്പരൻ, നിത്യസംശുദ്ധമാ-
മദ്ധ്യാത്മബോധ പ്രദീപമായോൻ,
സിദ്ധവിദ്യാഖില നജ്ഞാന ഭാരത്തിൻ
വിധ്വംസനോത്സുകൻ വിശ്വവന്ദ്യൻ,
സർവ്വസമുന്നതപ്രാഭവൻ പ്രത്യക്ഷ—
നിർവ്വാണദായകൻ, ക്രിസ്തുദേവൻ,
ലാലസിച്ചീടുന്നു, സൽപ്രഭാലോലനാം—
ബാല മരീചിമാനെന്നപോലെ.

ലോകസുഖത്തിനായ്, സത്യത്തിനെപ്പൊഴ
മേകമാമാധാരം കാട്ടുവാനായ്;
മായാസമുദ്ര നിമഗ്നമായ് തീരാതെ—
മാനവധർമ്മത്തെ രക്ഷിപ്പാനായ്,
ആദിയിൽ ശബ്ദ സ്പർശരൂപായായ് ശോഭിച്ചൊ—
രാദിമധ്യാന്ത വിഹീനനേകൻ,
ആനന്ദരൂപനഖില ജഗൽപരി
ത്രാണപരായണനാ പ്രമേയൻ

പാരിൽ പരിശുദ്ധിയേറുന്ന 'മേരി' തൻ
ചാരുതിരുവയർ വാണരുന്നം.

നിത്യൻ, നിരാമയൻ, നിർമ്മലനീശ്വരൻ
"ക്രിസ്തു"വായ് ലോകത്തിൽ ജാതനായി.

നിത്യവും ബ്രഹ്മചര്യത്തിൽ ലസിച്ചൊര
ക്രിസ്തുവെപ്പോലൊരുണ്ടാചാര്യന്മാർ?

ത്യാഗസാമ്രാജ്യ സുവർണ്ണ സിംഹാസന-
മാകമ്രമാക്കിയ യോഗിയേതൊ?

ഉന്മദമേറുംയഹൂദക്കൊ "രിഷ്ടി"ക്കു
നിർമ്മലമേഷമായാരു തീർന്നു?

ലോകരക്ഷാർത്ഥം ചുടുചോര ചിന്തിയ
ശോകാപഹാരിയാം ധന്യനേതോ?

ശാന്തിധനത്താലനന്ത പ്രഭാവനാം
സ്വാന്തവിശുദ്ധനില്ലന്യനേവം.

യേശുഭഗവാൻ ജനിച്ചൊരു ദേശമെ
ശാശ്വത പുണ്യക കേദാരമെ!

"ബേത്ലഹേം" ക്ഷേത്രമെ! നീ ജയിച്ചീടുന്ന
ഭക്തജനാനന്ദ കേന്ദ്രമായി.

നിന്നിലുള്ളോരോ മണൽത്തരി തന്നിലും
ചിന്തുന്നുശാശ്വത പുണ്യപൂരം.

അദ്ദേശം തന്നിൽ പിറന്നവരെയാക്കയും
ശുദ്ധപുണ്യത്തിൻ സ്ഫുരണമല്ലൊ

പാലകനീശനിരുന്നുപദേശിച്ചൊ—
"രോലിവൃക്ഷാചലം" നാകമല്ലൊ.

"യോർദ്ദാൻ" നദിയൊരു സ്വർഗ്ഗംഗയായ് മാറി
യാർദ്രനാം ക്രിസ്തുവിൻ സ്പർശനത്താൽ

അട്ടിവൃദ്ധേശാദി, യൻപാൻ ദശ്ചിച്ചാ—
ലത്തവ്വിൽ പാപിയും പുണ്യവാൻ താൻ.

"മന്നോരണിമണിയാകും 'ദാവീദി'ന്റെ—
ധന്യമാം വംശ പരമ്പരയിൽ,
ക്ഷീരാബ്ധിയിൽനിന്ന ശീതാംശുവെന്നപോ-
ലാരോമൽ ക്രിസ്തുജനിക്കു"മെന്നായ്,
ഭാവിയെ നന്നായറിഞ്ഞതി ദിവ്യരാം
പാവനന്മാർ പ്രവചിച്ചിരുന്ന.
തദ്ദേശം തന്നിൽ ജനിച്ചനതാംഗിമാർ
സദ്വ്രത മാരണി മൗക്തികങ്ങൾ.

ദിവ്യനെഗ്ഗർഭത്തിലോറു ഭജിക്കുവാ
നവ്യാജമാശവഹിച്ചിരുന്ന.
അന്നതിനുള്ളൊരു ഭാഗ്യം ലഭിച്ചതു
"ഹന്ന" തൻ പുത്രിയാം ധന്യയ്ക്കത്രേ.

ദിവ്യയാമക്കന്യ തന്നുടെയുൾഭവം
ഭവ്യപ്രദമതും ചൊല്ലിടുന്നേൻ:—

പാവനൻ "യൂയാഖി" മെന്നൊരു ധന്യാത്മാ
ദാവീദിൻ വംശത്തിൽ ജാതനായി.
ഉന്നതമാകും കുലത്തിൽ പിറന്നൊരു
ഹന്നയെ വേട്ടവൻ വാണുപിന്നെ.
സന്തതിയില്ലാഞ്ഞു സന്താപം പൂണ്ടവൻ
സന്തതം വാഴ്മക്കാലത്തിങ്കൽ
യുക്തമെന്നോർത്തൊരു 'യാഗം' നടത്തവെ
വ്യക്തമായിങ്ങനെ കേട്ടുവിണ്ണിൽ: —
"സന്താനമില്ലാത്ത നിൻ ബലിയേറ്റുവാൻ—
സന്തോഷമില്ലെനിക്കേതു മോർത്താൽ.

മന്നിൽ ഗൃഹസ്ഥന്മാർ, സന്താനഹീനരായ്-
തീർന്നെങ്കിൽ, പാപികൾതന്നെ നൂനം."

ഇങ്ങിനെ കേട്ടൊരബ്ഭക്തശിരോമണി
തിങ്ങിനദുഃഖനിമഗ്നനായി.

വേദാന്തവേദ്യൻ തൻ ചേവടിത്താരിണ
ഖേദശമനത്തിനാശ്രയിച്ചാൻ.

നാല്പതുനാളവൻ നല്ല തപംചെയ്തു
ചില്പുമാൻതന്നെ ഭജിച്ചു ഭക്ത്യാ.

കാന്തയാം ഹന്നായും താന്തയായെത്രയും
സ്വാന്തത്തിലീശനെയോർത്തു വാണു.

ശോകാർത്തയായിത്തൻ മാനസം തന്നിലാ
രാകേന്ദുവക്ത്രയുറച്ചിതേവം:—

"കാരുണ്യക്കാതലാംനാഥാ! കനിഞ്ഞുനീ
യാരോമലുണ്ണിയെനല്കിയെന്നാൽ

ദൈവത്താൽ ദത്തമായീടുമക്കുഞ്ഞിനെ
ദേവാലയത്തിൽ സമർപ്പിച്ചിടാം.

സങ്കടവാരിധി തൻ കരയേറുവാൻ
നിൻകനിവങ്കരിക്കേണമെങ്കൽ."

നൂന മസ്സാധ്വിയാം തന്നുടെ ചിന്തയാം
സൂനംഫലിച്ച വിധത്തിലന്നാം

ധ്യാനനിലീനനാം കാന്തനുകേൾക്കായ—
ങ്ങൂനമകന്നൊരു ദൈവവാക്യം:—

"സന്താപംവേണ്ട, ഞാൻ സന്പ്രീതനായിതു
സന്താനമുണ്ടാം നിനക്കു ബാലേ!"

കാർമ്മേഘനാദത്താൽ ചാതകപ്പക്ഷിപോ-
ലാമോദപൂർണ്ണമാവാചകത്താൽ

തന്നുടെ മന്ദിരംതന്നിൽ പ്രതിഷ്ഠനായ്
ഹന്നയുമൊത്തവൻ, ചാണിരുന്നു.
ദമ്പതിമാരവരാർജ്ജിച്ച പുണ്യൗഘ
സമ്പത്തിൻ സന്താനമെന്നപോലെ
പൊൺപൈതലാളൊന്നു സംജാതയായഹൊ!
തമ്പുരാൻതന്റെ കനിവു ചിത്രം!
മൂത്തിത്രയമൊന്നായ് നിത്യം വിളങ്ങുന്ന
സത്യസ്വരൂപൻ തൻ പത്തനത്തിൽ
അത്തനപി, കുഞ്ഞിനെ മൂന്നാംവയസ്സിൽ തൻ
സത്യത്തിനൊത്തു സമർപ്പിച്ചല്ലൊ.
പന്ത്രണ്ടുവത്സരം പ്രായംതികഞ്ഞിത
ച്ചെന്തളിർ മേനിയാലംകൃപ്പൊഴതിൽ
പുഷ്പിണിയാകുന്നതിൻ മുമ്പക്കന്യയെ
നിഷ്ഫലമാകാത്ത സൽപാത്രത്തിൽ
അർപ്പിതയാക്കുവാൻ കല്പിച്ചുകൊണ്ടാര-
ന്നല്പന്നകൗതുകമാചാര്യന്മാർ.
അദ്ദേശംതന്നിലെപ്പന്ത്രണ്ടുഗോത്രക്കാ
രുദ്ദേശിച്ചെത്തിനാർ കന്യാലാഭം.
"തൃക്കായിക്കന്യയെ ദാനംചെയ്കീട്ടുമൊ-
രാൾക്കും പരിഭവമെന്യെ"യെന്നായ്
പക്വമനസ്കരാമാചാര്യവര്യന്മാർ
ചിത്തമുണർത്തിച്ചു വാണിടുമ്പോൾ
നല്ലൊരശരീരിവാക്യമുണ്ടിങ്ങനെ
മെല്ലെത്തെളിഞ്ഞുകേൾക്കായി വാനിൽ:—
"പന്ത്രണ്ടുദണ്ഡുകൾ കൊണ്ടുവന്നീടട്ടെ
പന്ത്രണ്ടുപേരവരോരോന്നായി

നന്നായ ചിഹ്നമൊന്നോതൊന്നിൽകാണുമ-
ദ്ദണ്ഡുടയോനുതാൻ കന്യാരത്നം"

ദൈവികമാകും പരീക്ഷയതിൽ ജയം
കൈവന്നു "യോസഫാം" ഭക്തനാന്നാൾ

പൂത്തുംതളിർത്തുമദ്ദണ്ഡിനെ കണ്ടവ-
രോർത്തുസകലേശ വൈഭവത്തെ.

ആ മനോഹാരിണി, യോസഫിൻമഞ്ജുള-
വാമഭാഗത്തെയലംകരിച്ചു.

ചാരുവാം സമ്പൂർണ്ണസോമനും, രോഹിണി
താരവുംപോലവർ ശോഭതേടി.

ഭക്തമിഥുനങ്ങളും, യോസഫും മേരിയും
ചിദ്രൂപധ്യാനൈക നിഷ്ഠരായി

സന്തോഷമേറും സഹോദരർപോലെടു—
ശ്ചിന്തകളേശാതെ വാണകാലം

ഏകാന്തയായിട്ടന്യൈക വാഴ്മനോ—
ളാകാരഭീഷ്ടി കലന്നോരേകൻ

പ്രത്യക്ഷനായ്തീർന്നവളോടു സാദരം
സത്യവാക്കോതിനാനിപ്രകാരം:—

"ഭാഗ്യസംപൂജ്യയാം കന്യേമറിയമെ!
ശ്ലാഘ്യയാരുള്ളൂ? നിനക്കുതുല്യം.

ദൈവസുതനായി, ദ്ദിവ്യനൊരാൺപൈതൽ
ഭവ്യനിധേ! നിന്നിൽ ഭാസിക്കുന്നു.

തന്മൂലംജന്മസാഫല്യം ലഭിച്ചുനീ
മന്മേലനുഗ്രഹിതാത്മാവുതാൻ."

അൽഭുതാനന്ദസമ്പൂർണ്ണമീവാചകം
"ഗബ്രിയ"ലീശദൂതൻകഥിക്കെ

രോമാഞ്ചകഞ്ചുകം പൂണ്ടിട്ടും കന്യയാം
സാമാന്യമല്ലാതെ ലജ്ജയാൽ.

ജാനക്കം ഭ്രുവിലുറപ്പിച്ചുകൊണ്ടവ:-
ളാനമ്രശീർഷയായ് കൈകൾകൂപ്പി.

സർവ്വലോകേശവര തുല്യാദരസാരസം
സർവ്വസ്വമെന്ന സമാശ്രയിച്ചാൾ.

പൂരുഷസംസർഗ്ഗമേതുംലഭിയാതെ
സൈരമക്കന്യയാൾ ഗർഭിണിയായ്.

അൻപൊട്ടതൽപ്രേമസർവ്വസ്വമായിട്ടും
കന്യയാൾ ഗർഭിണിയായതിനാൽ

സന്ദേഹമാന്നിട്ടും യോസഫിൻചാരത്തും
സന്ദേശം ചൊല്ലിനാനീശദൂതൻ

"ഈശവരവിശ്വാസിയാകുന്ന യോസേഫേ!
ആശ്വാസം പൂണ്ടാലും മേൽക്കുമേൽനീ

കന്യകാരത്നമായ് വാഴ്ത്തുമറിയയിൽ
മിന്നുന്നുദൈവനിയോഗപുത്രൻ.

ശുദ്ധപരമാത്മ ചൈതന്യംതന്നെയാ
സാധ്വിയാം കന്യവഹിപ്പതിപ്പോൾ.

ഏറ്റംപവിത്രയിപ്പെൺകുലമാലിക
കേറ്റമറ്റുള്ളൊരു 'കന്യ' തന്നെ

സന്ദേഹമൊന്നും കലരാതെനിത്യവും
നന്ദിച്ചുശുശ്രൂഷചെയ്യുകാൾക.

ദൈവാലയംപോലെ ശുദ്ധമാമിക്കന്യ
യേവർക്കും വന്ദ്യയായ് വാണിരുന്നു.

കന്യകയാകുന്ന മേരിയിലങ്ങിനെ
ധന്യമാം ഗർഭവും പൂർണ്ണമായി.

അസ്ഥലമന്നു 'റോമാ'ധിപതിയായ
വിഖ്യാതനായൊരു "കൈസറി"ന്റെ
മുറ്റംനിറഞ്ഞുവിളങ്ങിനിന്നുള്ള വെൺ
കൊറ്റക്കുടയ്ക്കു കീഴായിരുന്നു.

ആ രാജരാജനക്കാലം ജനസംഖ്യ
യൊരുന്നകായ്ത്തിനേവരോടും
സപ്തസ്വകടുംബങ്ങളേറെ തോറുമിരിക്കുവാൻ
ശാസനംചെയ്തതൻ രാജ്യമെങ്ങും

ഭക്തനാം യോസേപ്പും ഭാമിനീയുക്തനായ്
ബേത്‌ലഹേം ദേശം ഗമിക്കും കാലം
നല്ലാരിൻമൗലിക്കു, രാവിൽ പ്രസവത്തിൻ-
തെല്ലൊരു ലക്ഷണം കണ്ടുമെല്ലെ.

ചെറുസമീപത്തു കണ്ടൊരുഗോശാല
"യീറില്ല"മാക്കി മനോഹരാംഗി.
ഗോവുവസിക്കും തൊഴുത്തുധരയിലെ
ദ്യോവെന്നതന്നെ ശരിക്കുചൊല്ലാം.

യേശുഭഗവാനമേയൻ, സനാതനൻ
ഗോശാലതന്നിലവതരിച്ചു.
മഞ്ഞിനാൽനല്ലയവനിക തീർത്തിട്ട
മന്ദിരമാക്കിമദ്ദൃശ്യമാക്കി.

ഉല്ലാസമേകും പ്രഭാതത്തിൻ മുമ്പായി-
ട്ടല്ലോജനിച്ചതു ക്രിസ്തുദേവൻ.
പൂങ്കോഴി'കാഹള'മൂതി പതുക്കവെ
പൂന്തിങ്കൾ പീയൂഷം വഷ്ിച്ചെങ്ങും

ശിക്ഷയിൽ ദേവഷ്ിജാലങ്ങളത്തറ്റിൽ
നക്ഷത്രദീപങ്ങൾ കാട്ടിനിന്നു,

മന്നായദേവിതൻ, നിശ്വാസമെന്നപോൽ
മന്ദപവനനും വീയിമെല്ലെ.

ചാരത്തുനിന്നൊരു ഗോവുകളെല്ലാമെ
ക്ഷീരാഭിഷേകവും ചെയ്യുമോദാൽ.

ചുറ്റിനുംനില്ക്കുന്ന പൂമരജാലങ്ങൾ
തെറ്റെന്നുചെയ്തിതു പുഷ്പവർഷം!

സന്തോഷബാഷ്പമദ്ദേവനമ്മാരെല്ലാരും
ചിന്തുന്നപോലെ തുഷാരബിന്ദു

ചന്തമായ് ചുറ്റിലുമിറ്റിറ്റുവീണപ്പോൾ
ഗന്ധമൊന്നങ്ങിനെ പൊങ്ങി, സത്യം.

പാർവ്വണചന്ദ്രവദനയാമം, യേശുവെ,
പൂർവ്വദിങ്നാരിയാളുക്കുനെയും,

പൂർവോത്തരഭാവം പൂണ്ടങ്ങുപെറ്റിതു
പൂർണ്ണസുഖാർത്ഥമീ ലോകക്കെല്ലാം.

ആട്ടിടയന്മാരടുത്തൊരു താവള
മേട്ടിൽ സുഖമായ് വസിച്ചിരുന്നു.

ഗർവ്വാദിദോഷമകന്നു വിളങ്ങിടും
നിർവ്യാജമാനസന്മാർ സമക്ഷം

ഏറുംപ്രഭാപൂരം വിശിവിശേഷശ്രീ
പേറും പരിശുദ്ധനീശദൂതൻ

പ്രത്യക്ഷനായിപ്പറഞ്ഞു മനഃപരി
ശുദ്ധിവളർക്കും വചനമേവം: —

"ഇസ്രായേലീയന്മാരാകുമജങ്ങളെ
യശ്രമം പാലിപ്പാനുള്ള ദിവ്യൻ

ഏറെറമടുത്തിതാ ജാതനായിപ്പൊഴേ
മുറുമന്നൽകണികാണ്മിൻ നിങ്ങളും.

ആത്മനാക്കേറെറവുമാശ്വാസദാതാവാം
നേത്രാഭിരാമനപ്പൈതൽ മാത്രം.

കോമളസാരാവതാരം, നയനാഭി-
രാമനാമാരോമലുണ്ണി തന്നെ,

നിസ്സല്ല്യനായ് സർവ്വസംസ്തുതനാമൊരു
ക്രിസ്തുവെന്നോർക്ക, വിശ്രുതന്മാരെ!

മാത്രയും താമസംക്രൂടാതെ നിങ്ങളും
നേത്രസാഫല്യം വരുത്തിക്കൊൾവിൻ!

അപ്രമേയാനന്ദ ദൈവമഹാത്മ്യത്തെ
ക്ഷിപ്രമിപ്പൃഥ്വീതലത്തിലെങ്ങും

ജാതപ്രമോദമറിയിച്ചു ലോകത്തിൻ
ചേതസ്സിൽ സംസ്ഥാപിച്ചു കൊൾവിൻ!

സാരസ്വതപ്രഭനെനിങ്ങനെ ദ്ദിവ്യ-
സാരസന്തന്നിൽ നിന്നാസ്വദിച്ചു

അസ്മദ്സന്ദേഹമജാപാല സംഘവും
ക്രിസ്തുവെക്കണ്ടു നമസ്കരിച്ചാർ.

ഒന്നാമതായിസ്സുവിശേഷം ചൊന്നവ
രന്നാമഹത്തുക്കൾ തന്നെ നൂനം.

എട്ടാംദിനത്തിലതിട്ടാളം കുഞ്ഞിനെ-
പ്പട്ടമായ് ദേവാലയത്തിലേക്കായ്

മാതാവാംസാധ്വിയാൾ കാന്തനുമായിട്ട
മാലകന്നങ്ങിനെ കൊണ്ടുപോയി.

പുണ്യം പുലരും 'യെരുശലേം' ദേശത്തിൽ
ധന്യനായ്, ഭക്തനായ്, നീതിജ്ഞനായ്

ഈശ്വരകാരുണ്യ ഭാജനമായൊരാൾ
ക്ലേശവിഹീനം വസിച്ചിരുന്നു

സാത്വികനാമവൻനാമം "ശിമോനെ"ന്ന
കീർത്തിതമിന്നും മഹീതലത്തിൽ.

ഇസ്രയേൽ ദേശത്തിൻ സൗഭാഗ്യസമ്പത്തെ
യശ്രമംകാത്തവൻ പാർത്തിരുന്നു.

പാൽനുരപോലെ നരച്ചൊരുശീർഷം തൻ
പാവനാവസ്ഥയ്ക്കു മാറ്റുകൂട്ടി.

ക്രിസ്തുവാമീശനെ കാത്തുദിനന്തോറും
ശുഭചെയ്വാനിതൻ വാഴ്നാളിൽ

കാരുണ്യക്കാതലാമീശനവനൊട്ടു
നേരെതിരുമൊഴിയോതിയേവം

"ക്രിസ്തുവെക്കാണാതെ മൃത്യുവേക്കില്ല
ഭക്തനായിട്ടും നിനക്കു—സത്യം".

യേശു,യരുശലേം ദേവാലയംതന്നി-
ലാശുകടന്നൊരു നേരത്തിങ്കൽ

രോമാഞ്ചമുണ്ടായി, ശീമോൻെറപൂമെയ്യിൽ
ഹാ! മനക്കണ്ണുകളെന്തുകാണാ!

അക്കൊച്ചുപൂമെയ്യാം 'കാന്ത'മശ്ശീമോൻെറ
വൃത്താ "മയഃഖണ്ഡ" മാകഷ്ടിച്ചു

കോമളദിവ്യകിശോരനെ പാണിയി-
ലാമോദപൂവ്വമെടുത്തുമന്ദം

സന്തോഷബാഷ്പം പൊഴിച്ചവനട്ടിവ്യ
സന്താനശാഖിയെ വാഴ്ത്തിമെല്ലെ.

"കാരുണ്യക്കാതലെ! കാത്തിട്ടും പൈതലെ!
കാമിതമെല്ലാം ഫലിച്ചിതിപ്പോൾ.

ദിവ്യവചനം സഫലമായ് തീർന്നു, മെ
നവ്യമാമാശ്വാസം ജാതമായി.

രക്ഷാനികേതമാം സച്ഛ്വമിന്നിതാ
ശിക്ഷയോടെൻകയ്യിലുല്ലസിപ്പൂ
പാപതാപാതങ്കമാറുവാൻ സൽബോധ-
പാടീരപങ്കമിപ്പൈതൽനുനം
ആനന്ദരോമാഞ്ചകഞ്ചുകം കൊണ്ടു ഞാ-
നാരോമലുണ്ണിയെക്കാണുന്നതോറും-
അത്ഥഗർഭങ്ങളാം വാക്യങ്ങളിങ്ങനെ
തീർത്തുരചെയ്തിട്ടപ്പൈതൽതന്നെ
മാതാവിൻ ബാഹുക്കളിൽനിന്നിൽ സമർപ്പിച്ചു
സ്തീതപ്രമോദിതനായി ധന്യൻ.
ഹന്നയെന്നുള്ളോരു ധന്യയാം വൃദ്ധയു —
മന്നവിടേശുവെകാത്തിരുന്നു.

നല്ലതപശ്ചര്യ്യകൊണ്ടഘമേശാതെ
യുല്ലസിച്ചുള്ളോരബ്ഭക്തനാമാ
ദൈവസുതനാമപ്പൈതലെക്കാൺകവെ
കൈവന്നമോദാൽ സ്തുതിച്ചുനിന്നു.
നീതിവിശാരദന്മാരോടശേഷവും
സ്തീതകൃതകമാവാത്ത ചൊല്ലീ.
പൂർവ്വാദിക്കിങ്കലെ ശാസ്ത്രിതുയവരർ
പൂർണ്ണകൃതഫലം പൂണ്ടിറങ്ങി.
ലക്ഷ്യമായ് മുന്നമെ നക്ഷത്രം കണ്ടവ
രക്ഷണം നാഥൻ ജനനമോത്തു്
ഭക്തന്മാരാകുമജ്ഞാസ്തിമാർ വേഗമാ-
രക്ഷകൻ തന്നെ നമിപ്പതിനായ്
യാത്രചെയ്തിടും വൃത്താന്തമറിഞ്ഞുടൻ
പാർത്ഥിവവീരൻ "ഹെരോദാ" താനും

ശാസ്ത്രിമാർ സന്നിധൗ സന്ദേശം ചൊല്ലുവാൻ
ശാസനം ദൂതനു നല്കിവിട്ടാൻ.

പണ്ടേ യഹൂദരാജ്യത്തിനു നാഥനാ
യുണ്ടാകും ക്രിസ്തുവെന്നോതി ദിവ്യർ.

യേശുജനിച്ചെന്നാൽ തന്നുടെ രാജത്വ-
മാശുനശിക്കുമെന്നോക്കയാലെ,

വൈരസ്യം ഹേരോദാ വിന്നുദിച്ചീശനിൽ
നൈരാശ്യം പൂണ്ടൊരു നീചനൊപ്പം.

ദുഷ്ടനാംരാജാവു രുഷ്ടനായ്തീർന്നിട്ട
ശ്ലിഷ്ടരാംശാസ്ത്രിമാർ തമ്മെയെല്ലാം

കണ്ടുപറഞ്ഞിതു കൂണ്ടതന്നക-
ക്കണ്ടിലൊളിച്ചു കപടശീലൻ

"ഈശപരസൂനുവാം ക്രിസ്തുജനിച്ചിതൊ?
ആശപാസംലോകത്തിനേകുവാനായ്

നിങ്ങളംപരീക്ഷിച്ചറിഞ്ഞുപറയണ
മങ്ങവൻതന്നെയെനിക്കുമിപ്പോൾ

കണ്ടേമതിയാവൂ, മാമകമാനസെ
രണ്ടില്ലുപക്ഷമെൻ ശാസ്ത്രിമാരെ!"

ആകട്ടെ എന്നോതിയാകുലം വിട്ടവർ
ശോകാപഹാരിയെക്കാണുവനായ്

യാത്രചെയ്തിടിനാർ-ആ രാത്രിയിൽത്തന്നെ
നേത്രത്തിൽമുൻപിലത്താരകയും

നേരെവഴികാട്ടി'യെന്നോണംവാനില-
ന്നേരംഗമിച്ചിതുലക്ഷ്യമായി.

യേശുമഹേശൻകുടികൊള്ളുമപ്പുണ്യ
ദേശത്തിന്മീതെനിലച്ചുതാരം.

"ക്രിസ്തുവാംദേവനിവിടത്തി"ലെന്നവർ
നിശ്ചയിച്ചപ്പൊഴതാശ്വസിച്ചാർ.
കോടക്കാർകുന്തളമാണ്ടനിശീഥിനി-
യാടിയൊതുങ്ങിനിശ്ശബ്ദമാന്നു.

ജീവിതനാടകനത്തനശ്രാന്തമായ്
സേവിച്ചുനിദ്രയേലോകമെങ്ങും.

എങ്കിലും കാലാഹി, ലോകഗുണങ്ങളിൽ
തിങ്ങിനതൻഗരളാപ്പണാത്ഥം
പാത്തുംപതുങ്ങിയും നോക്കുന്നുദംശിപ്പാൻ
പാത്തുരക്ഷിപ്പവൻകാത്തുകൊള്ളും.

നിശ്ശബ്ദയാകും നിശീഥിനിതൻനിഴ-
ലെത്തിച്ചരിക്കുന്നു ഘോരവൃന്ദം

ഭീകരവൃത്തരാം ബീഭത്സദുഷ്ടരും
ഭീകരകായ്യാത്ഥംസഞ്ചരിപ്പൂ.

ഹാ! ഹാ! നിശീഥിനിദേവി!നിൻ'താമസം'
ഹാ! ദുഷ്ടജാതിക്കഭയടമൊ?

* * * * * *

മിന്നും; രജനിതൻദീപമാമമ്പിളി
യന്നത്തെരാവിൽതെളിഞ്ഞതില്ല

പാരിനാതാരാധിനാഥനാമേശുവെ
പാരം വിരഞ്ഞങ്ങുകാണുവാനോ?

താരാഗണങ്ങൾ മിഴിച്ചുനോക്കുന്നു
ഭ്രരിപ്രകാശമണിഗണങ്ങൾ!

ഇങ്ങനെയുള്ളൊരാരാത്രിയിൽ ശാസ്ത്രിമാ
രങ്ങെഴും ഗോശാലതന്നിലെത്തി

നല്ലവിളക്കൊന്നുകത്തിച്ചെത്തളിയുന്ന
തെല്ലറങ്ങിടുന്നതത്രസ്ഥന്മാർ

പാരിനുസതൃദീപത്തെസ്സമപ്പിച്ച
നാരീമണിയാമദ്ദേവിയാളെ

വീണുനമസ്കാരംചെയ്തവരേവരും,
ചേണെഴുംമട്ടുവണങ്ങിനിന്നു,

ഭാഗ്യപയോധികളാകും പിതാക്കന്മാർ
യോഗ്യമായ് പൂജിച്ചുശാസ്ത്രിമാരെ,

മാതാമറിയത്തിൻ ചാരത്തുപ്പൈതലെ
ശ്രീതാവുംശാസ്ത്രിമാർ കണ്ടുപിന്നെ,

വിശ്വാസഭക്തിസംപൂർണ്ണരാവിടുവാനാ
രാശ്വാസദാതാവെക്കണ്ടനേരം,

പാദതളിരിൽ പതിച്ചുഹാ! സന്താന-
പാദപമല്ലയോദ്ദശ്യമായി!

സന്തോഷനേത്രാംബുവാത്തുനിന്നീടിനാ
രെന്തിതിലപ്പുറംവേണ്ടുപിന്നെ!

നിക്ഷേപപാത്രങ്ങളൊക്കെത്തുറന്നവർ
തൽക്ഷണം കാഴ്ചയായ് വച്ചുപിന്നെ,

പട്ടടയാടകം ഹാടകം, സൗരഭ്യം-
പെറ്റിടും മറുപദാർത്ഥങ്ങളും

ജ്ഞാനനിക്ഷേപനാമേശുവിൽചേവടി
ത്താരിണ മുമ്പാകെ വച്ചു നിന്നാർ

ദിവ്യമാമേശുപദങ്ങടം വിളങ്ങുമ
ഭവ്യഭവനത്തിൽതന്നെയവർ

നിദ്രയിലാമ്മാനുനിർല്ലീനരായപ്പോഠം
ഭദ്രമാംദർശനപ്രാപ്തിയുണ്ടായ്

"നിർല്ലജ്ജനാകം ഹെരോദാവോടിക്കഥ
ചൊല്ലരുതേതു"മെന്നോതിദേവൻ
മാഗ്ഗാന്തരേണവിജ്ഞാനികളാമവർ
നിഗ്ഗമിച്ചീടിനാർസുപ്രഭാതെ.
നൈരാശ്യരോഷകലുഷിതചിത്തനാ-
മാരാജരാജനാം ഹേരോദാവും
ബന്ധുരദ്യോതിസ്സുരൂപനാമംഭോജ
ബന്ധുവെകൈകൊണ്ടുതച്ചുടപ്പാൻ'
എന്തെന്നുമേതെന്നുമെന്യേതുനിയുന്ന
ഭ്രാന്തനെപ്പോലെ തന്നുള്ളിളകി
ജന്മമരണഭയംലേശമററനി-
ഷ്ക്രമഷനാകമൊരുണ്ണിതന്നെ-
കൊന്നുകളയുവാൻ! മോഹിച്ചുദുതരെ
യന്നുനിയോഗിച്ചാൻ നാട്ടുതോറും
ഹന്തനിഖിലഭ്രാന്തർഗതങ്ങളെ
സന്തതമങ്ങറിയുന്ന ദേവൻ
ക്രൂരൻഹെരോദാവിൻചിന്തിതമൊക്കയും
നേരെയറിഞ്ഞിട്ടു, സപ്പന്തിക്കൽ
യോസപ്പിനോടായ്കനിഞ്ഞരുളിച്ചെയ്തു
ശാസനമേവം, വിശദമായി:—
"യേശുവാമിസ്സിശുതന്നെയും മാതാവാം
പേശലഗാത്രിയേയും ക്ഷണത്തിൽ
നിത്യം രക്ഷിച്ചുകൊള്ളുവാനത്രനീ
നിർബ്ബന്ധിതനായിതിന്മൂലം
മിസ്രയിമീലേക്കുപോവുകയോഗ്യമാം
മിത്രങ്ങളുണ്ടവിടോത്തുകണ്ടാൽ

നാമരുളീടുംവരെയുള്ളവിടെത്താ-
നാമയമെന്നേ വസിച്ചീടണം".

ഈശ നിർദ്ദേശ മനാസരിച്ചുത്തുന്ത
വിശ്വാസമേലുമദ്ധന്യമൗലി

തിങ്ങിന ക്രൂരിരുൾ ക്രുത്താട്ടം രാത്രിയിൽ
മംഗലമൂർത്തിയാം ബാലകനെ

അംഗനാമൗലിയാമമ്മയുമൊന്നിച്ചു
ഭംഗ്യാ നയിച്ചിതദ്ദേശംതന്നിൽ

അജ്ഞാനഭീമാന്ധകാരം മദിക്കുമൊ
സജ്യോതിസ്സിൻെറാസമക്ഷ മോത്താൽ?

പ്രാകൃത ക്രൂരിരുൾ തൻകരിംപൂച്ചിറ
ഭാനുമാൻ സാക്ഷിയായ് നിൽക്കയില്ല.

ക്രോധവിവശനായ് തീർന്നഹെരോദാവു
പാതകകർമ്മത്തിനുദ്യമിച്ചാൻ

കാരുണ്യമേശാത്ത കാളാശ്മമാനസ
മാരണദേവതയാമവനൊ.

"രണ്ടുവയസ്സതികയാത്തബാലരെ
കണ്ടുവെന്നാകിലൊ കൊല്ലു"യെന്നായ്

അദ്ദേശംതന്നിലൊരേടമൊഴിയാതെ
നിർദ്ദയനാമവനാളയച്ചു.

ഹാ! പരംദുഷ്ടതചേരും പരിവാര
വീരരിക്കല്പന കേട്ടശേഷം,

ഓരോ ഗൃഹത്തിലുമെത്തിയന്നിർദ്ദയ
രാരോമൽ ശ്രീതിങ്ങും പൈതങ്ങളെ

മുറുമഹന്തയോടാശു തകർത്തു; വാ-
രുറവസരസ്സിനെ ദന്തിപോലെ.

തന്നോമലുണ്ണിയെ തിണ്ണയ്ക്കിരുത്തിത്തൽ
ഗണ്ഡസ്ഥലത്തിലൊരുമ്മവെച്ചു-
ബന്ധുരഗാത്രിയൊരുത്തി ജവേന ത-
ന്നന്തഃപുരജോലിക്കാശുപോകെ
മന്നൻഹെരോദാവിൻകല്പന കാപ്പോര-
ക്കുഞ്ഞിനെത്തുക്കിയെടുത്തുകഷ്ടം!
ചാരത്തു നിന്നൊരു ദാരുവിൻമൂലത്തിൽ
ഘോരമടിച്ചതു, വാ പിളർന്ന്!
പിഞ്ചുകാൽവച്ചുതൻ വീട്ടിന്നണിമുറ്റ
മഞ്ചിതമാക്കു മക്കുഞ്ഞിനെ ഹാ!
അഞ്ചാതെ ദുഷ്ടരടുത്തു പിടിച്ചൊരു
ചാഞ്ചല്യമെന്യേ കഴുത്തറുത്തു.
കുഞ്ഞിൻ കരച്ചിൽ കേട്ടോടിയങ്ങെത്തവെ
നെഞ്ചുപൊടിഞ്ഞു കരഞ്ഞു ധാത്രീ!
കക്ഷത്തിലുണ്ടു കിടാങ്ങളം; കരങ്ങളി-
ലുജ്ജ്വലഖഡ്ഗങ്ങളെന്തുഭയം!
ഘോരപിശാച സ്വരൂപികളമ്മട്ട
ക്രൂരനടനം നടത്തിടുമ്പോൾ
അന്തരീക്ഷം, കഷ്ടം! ആർത്തപ്രലാപത്താ
ലന്തമില്ലാതെ മുഖരിതമായ്.
സാഹന്തരാമവർ കാട്ടിയ ഭീകര
സാഹസവൃത്തികളോക്കുവയ്യേ!
അമ്മഹാപാപിഹെരോദാവുമന്നാളിൽ
കമ്മത്തിനൊത്ത ഫലമടഞ്ഞു

അച്ചണ്ഡവൃത്തികഠിക്കില്ലേറെനാളുക
ളച്ചണ്ഡനൊ രവി?യെപ്പൊഴുതും!

ഈശപരസന്ദേശവാഹിയൊരുദൂതൻ
യോസേപ്പിൻ ചാരത്തണഞ്ഞുചൊന്നാൻ

"ഇസ്രയേൽ ദേശത്തേക്കിപ്പിശുതന്നെനീ
യശ്രമംകൊണ്ടു ചെന്നാക്കിയാലും".

അച്ചാരുവാക്യം ശ്രവിച്ചൊരു സല്പുമാ
നീശപരനിർദ്ദേശമാചരിച്ചു.

പിന്നെയുമുണ്ടായരുളപ്പാടാകയാൽ
ഖിന്നതയെന്യേ "ഗലീല" തന്നിൽ

യേശുവുമമ്മയും വാസമുറപ്പിച്ചു
ക്ലേശമശേഷമണഞ്ഞിടാതെ.

സൗന്ദര്യ സമ്പൽസമാകുമബ്ബാലനിൽ
മിന്നുന്ന ലാവണ്യ മാർന്നവർണ്ണൃം!

സങ്കല്പശക്തനാമേതൊരു ശില്പിതാൻ
തങ്കത്താലിങ്ങനെ തീർക്കുംരൂപം

ന്യൂനമനന്യോപലഭ്യമാം കാന്തിത-
ന്മേനിയിലോള മടിച്ചിരുന്നു!

പഞ്ചമിച്ചന്ദ്രനുമഞ്ചുംലലാടത്തി
ലഞ്ചിക്കളിക്കുമളകങ്ങളും

നീണ്ടു നിവന്നൊരു നാസികാഭംഗിയും
നീരദ ശ്യാമളകേശങ്ങളും

തൊണ്ടിപ്പഴംകണ്ടു മണ്ടുമധരവും
ബന്ധുരദന്തമുകുളങ്ങളും

താമരത്താരിൻ ദളമൊത്തലോചനം
കോമളമായ കവിൾത്തടവും

മോഹനം, മുട്ടോളം നീളം കരങ്ങള-
മാഹന്ത! വാക്കുകൾ പോരചൊൽവാൻ.

ബാലകലീലകളാലെ മനോഹര-
നാലയമുത്സവരംഗമാക്കി.

ദിവ്യനാം ബാലകൻ കാട്ടിയലീലകൾ
നവ്യമാമത്ഭുതമായിരുന്നു.

അന്നൊരുനാളിലബ്ബാലകൻലീലയാ
ചെന്നുകഴച്ച നനൃത്തിനാലെ

പച്ചക്കിളികളെ നിമ്മിച്ചുവച്ചിട്ട
പിച്ചയായ് കയ്യൊന്നുകൊട്ടിയപ്പോൾ

മൺകിളിജാലങ്ങൾ പൈങ്കിളിക്കൂട്ടമായ്
ശങ്കകൂടാതെ പറന്നുപോയി.

ക്രൂരരിലേകനാം കോമളബാലകൻ
വീട്ടിലെമുറ്റത്തു വീണൊരിക്കൽ

കഷ്ടം! കരചരണങ്ങളൊടിഞ്ഞവാ-
റിഷ്ടനെക്കണ്ടൊരക്രിസ്തുബാലൻ

തന്നുടെ പാണിയാൽ മെല്ലത്തലോടവെ
ഖിന്നതമാറിസ്സുഖംലഭിച്ചു

തദ്ദിവ്യ വാക്യശ്രവം കേട്ടവരൊക്കയു
മത്യന്തവിസ്മയചിത്തരായി

പന്ത്രണ്ടുവത്സരപ്രായത്തിലബ്ബാല-
ചിന്തകൻ ദേവാലയത്തിലെത്തി

തത്പദങ്ങളോരോന്നു തക്കിച്ചുചോദിച്ചി
ട്ടുത്തരം മുട്ടിയ കാരണത്താൽ

പണ്ഡിതമന്യന്മാരായപരീശന്മാർ
മന്യുവും, ഖേദവും, പൂണ്ടിതന്നാൾ.

* * * * *

കാലം കുറേച്ചെന്ന കോലങ്ങൾ മാറിപ്പോയ്
നാനാദിഗന്തങ്ങളും വിളങ്ങി.

നല്ലശരൽക്കാലം മെല്ലെയണഞ്ഞിതെ
കല്ലോലിനികളുമല്ലസിച്ചൂ
താമരപൊയ്കകളാകെത്തെളിഞ്ഞിതു
കാർമ്മുകിൽ നീങ്ങിത്തെളിഞ്ഞുവാനം

ആകാശപ്പന്തലും, തുനീലപ്പൊട്ടിനാ
ലാകെ വിതാനിച്ചു ഭംഗിയായി
താരാമണികളാം രത്നസമൂഹങ്ങ-
ളാരമ്യശോഭവഹിച്ചുനിന്നു

കാലുഷ്യമററടിങ്ങ് നാരീമുഖങ്ങള
ബ്ബാലഖേറചിത്തംപോൽനിർമ്മലമായ്
പാത്തലശ്രുതിവരുത്താൻ, 'ശരത്തു' മ
ക്രിസ്തുവുമൊപ്പം തെളിഞ്ഞു മന്നിൽ.

യേശുവാം പുഷ്പത്തിൽനിന്നു നിഗമാത്മ-
പേശലഗന്ധം നുകർന്നുലോകം.

ജ്ഞാനമരന്ദം വഴിഞ്ഞുതുടങ്ങി ഹാ!
പാനത്തിനെത്തിനാർ ഭക്തരാളികളം

അക്കാലം ലോകരെ; ചില്ലുതൽതന്നൊട്ട
ചിക്കെന്നുചേക്കുവാനായൊരുത്തൻ—

—ഭക്തനായീടും പ്രവാചകൻ—യോഹന്നാൻ
വ്യക്തമധുരപ്രഭാഷണത്താൽ

ലോകത്തെ നന്നായുപദേശിച്ചന്നാളി
ലേകനു, ന്യായ്യനായ്വാണിരുന്നു.

"യോർദ്ദാനെ"ന്നാം പുണ്യനദീജലസംഗത്താൽ
മർത്ത്യക്ക് ചേർത്തവൻ "ജ്ഞാനസ്നാനം"
അക്കാലം യേശുവാം ചിൽകാലാദരാൽ
വെക്കംതൻ, ജ്ഞാനസ്നാനത്തിനെത്തി.
ഭക്തിയാം വാർദ്ധിതൻ കല്ലോലജാലങ്ങൾ
തത്തിക്കളിക്കും ഹൃദയമാന്നോൻ,
ഭക്തനാം യോഹന്നാൻ, സ്നാനാർത്ഥമെത്തിയ
മർത്ത്യൻ താനേശുവെന്നുള്ളുണർന്ന്
ഏറ്റവും വിനീതനായ് നിന്നുചൊല്ലീടിനാൻ
കുറമറവുള്ളോരദ്ദേവൻമുമ്പിൽ.
"അങ്ങയാൽ ജ്ഞാനസ്നാനാർഹനാകുന്നതാ
നിങ്ങനെ ചെയ്യുവാൻ ശക്തനാമോ?
എന്നിലമരുമിരുളകൊണ്ടങ്ങയെ
എങ്ങിനെ ദീപ്തനായ് തീർത്തിടുംഞാൻ?
നിന്നിൽതിളങ്ങും പ്രകാശത്തിൻ ലേശമി
ങ്ങെന്നിലൊന്നുല്ലാൻ കൊതിച്ചിരിപ്പോൻ.

മാധുര്യമൂറുന്ന വാക്കുകേട്ടിങ്ങനെ
ചാതുര്യമോടെ പറഞ്ഞു നാഥൻ:—
"ആചാര്യൻമൂലം നടക്കണം കർമ്മമി
ന്നാചാരമങ്ങിനെയാകയാലെ;
നീതികുറവുള്ളതൊക്കെപോക്കിടാം
നിയതിനേരും മടിച്ചീടേണ്ടാ!"
എന്നതുകേൾക്കവെസമ്മതംപൂണ്ടവൻ
നിന്നിതു "നിന്നിഷ്ടംപോലെ" യെന്നായ്.
ക്രിസ്തുഭഗവാനാസ്നാനം'ന്നടക്കവെ
വിസ്മയം ദിവ്യമാം തേജഃപുഞ്ജം,

കത്രുകപോതികാത്രുപേണവിണ്ണിൽനി-
ന്നമ്മതിമാങ്കലണഞ്ഞുവെല്ലൊ!

അന്നേരമാകാശവാണിയുംകേഠംക്കായി
"ധന്യനിവൻമമനന്ദനൻതാൻ

പാരമിവങ്കൽപ്രസാദിച്ചുഞാനെന്നും"
നേരെയതൈവമരുളിയല്ലൊ.

കേട്ടവർകേട്ടവരത്ഭുതംപേറിനാർ,
സ്പഷ്ടം സകലേശവാക്യസാരം.

യേശുഭഗവാനുംപ്പിന്നെത്തപസ്സിനാ
യാശയോടെത്തിമരുവനത്തിൽ

നാല്പതുനാളവൻഭക്ഷണപാനാദി
യല്പവുംക്രൂടാതെവാണശേഷം

പാരംപരീക്ഷിപ്പാനായിപ്പിശാചൊന്ന
ചാരത്തണഞ്ഞുപറഞ്ഞുമെല്ലെ:—

"നാല്പതുനാളായുപവസിച്ചല്ലൊനീ
കെല്പുകേടില്ലെവിശപ്പുമൂലം

ഇക്കാണുംകല്ലുകളപ്പങ്ങളാക്കുക
ശക്തനാമീശ്വരപുത്രനെങ്കിൽ

യോഗീന്ദ്രനോതി-ഉപജീവിച്ചീടുവാൻ
ലോകത്തിനപ്പമാകംവേണ്ടാ

ദൈവവചനമാംപീയൂഷമുള്ളപ്പോൾ
പൈദാഹമൊന്നുംവലയ്ക്കുകില്ല.

പിന്നെപിശാചൻ, വിശുദ്ധനഗരത്തി
ലുന്നതത്തൈവാലയത്തിന്മീതെ

ക്രിസ്തുവാംദേവനെക്കൊണ്ടുപോയ്നിത്തീട്ട
വിസ്തരിച്ചിങ്ങനെചൊല്ലിവേഗം

"ദൈവസുതൻഞാനെന്നുള്ളൊരഹന്തയും-
പൂവിലുണ്ടെങ്കിലൊകേട്ടുകൊൾക നീ
താഴേയ്ക്കിവിടുന്നുവേഗത്തിൽചാടിയാൽ
വീഴാതെദേവന്മാർതാങ്ങിടേണം.

"രക്ഷകനാകുംമഹേശ്വരൻതന്നെപ്പ-
രീക്ഷിക്കുംസാഹസിയായിടാഞ്ഞാൻ"

എന്നുമധുരമാമ്മാറുരുളിച്ചെയ്യും
ധന്യാനുഭാവനെയപ്പിശാചൻ

പിന്നെബ്രഹ്മരമാനയിച്ചുന്നുത്തി-
ലുന്നതമായൊരുശൈലമേറി,

രാജ്യം, തെരുവുകൾ, പട്ടണം, പ്രാകാരം.
രാജിക്കുമാലയം, ഗോപുരങ്ങൾ,

രമ്യമാം ഹർമ്മ്യങ്ങൾ, മറ്റുംപലവക,
കാമ്യങ്ങൾ കാണിച്ചുചൊല്ലീവീണ്ടും-

"എന്നെനമസ്കാരംചെയ്താലിക്കാണ്മെവ
തന്നിടാമിന്നുനിനക്കുകേൾക്ക

ഇന്നിതിനെല്ലാമധിപതിയായൊരു
മന്നവനായിട്ടുവാഴാമല്ലൊ"

നീരസം പൂണ്ടടൻയേശുവുംചൊല്ലിനാൻ
"പോരുംപറഞ്ഞതുഭോഷത്വം നീ

ദൈവത്തെയല്ലാതെകുമ്പിട്ടുപൂജിപ്പാ
താവതല്ലാക്കുമിന്നോളുംകണ്ടാൽ

സന്താനവിടുന്നുനിർഗ്ഗമിച്ചീടിനാൻ
സന്തോഷിച്ചെത്തിനാർദൈവദൂതർ

പാരംപ്രസന്നരായ് ശുശ്രൂഷചെയ്യുവാൻ
ആരംഭിച്ചാരവർമേല്ക്കുമേലെ

ദുഷ്ടമഹീപതികാരണമാപത്തു
പെട്ടിടുമെന്നുനിനക്കയാലൊ

അദ്ദേശംവിട്ടുകടൽക്കരെയെത്തിനാ
നട്ടിഷ്ടസിദ്ധിക്കായേശുദേവൻ

അജ്ഞാനമാകുമിരുളിൽചരിപ്പോക്കു
വിജ്ഞാനദീപംകൊളുത്തിക്കൊടുവാൻ

മൃത്യുഭയപരിഭ്രാന്തഹൃദയക്കു
നിത്യമാംശാന്തിയെനൽകീടുവാൻ,

അദ്ദേശം തന്നിലടനംചെയ്തീടിനാ
നദ്ദേഹമെന്നല്ലൊചൊല്ലിടേണ്ടു.

ദുരന്തകറിത്തൻപ്രാരാബ്ധദുഃഖങ്ങൾ
നേരോടെനിത്യമുയത്തിടാനും,

ആത്മവിശുദ്ധിഭവിക്കുകിലാക്കും നി-
ത്യാത്മാവെപ്രാപിച്ചുകൊള്ളുവാനും,

മാനസശുദ്ധിവളത്തീടുംമാർഗ്ഗത്തെ
യാനന്ദപൂവ്വമനശാസിപ്പാൻ,

പാരംദുരന്തദുരിതാബ്ധിമഗ്നരാം-
ഭ്രരിജനങ്ങളെയുദ്ധരിപ്പാൻ,

നല്ലഗലീലക്കടപ്പുറത്തായവ-
നല്ലാസമാന്നുലാവിനിന്നാൻ

ആരവ, പൂരിത,വാരാശി,മോദേന
ഭേരിനിനദം മുഴക്കിയപ്പോഠം

നിർമ്മലവീചികളാകുംകരങ്ങളാൽ
ശർമ്മദൻതന്നെവിളിച്ചുമോദാൽ

നർമ്മസചിവനാംമന്ദസമീരനെ
നിർമ്മലൻതൻചാരത്തങ്ങയച്ചു

ഫേനങ്ങളാകുന്ന പുഞ്ചിരിതൂകിട്ട
ന്തനം തുപ്പാദത്തിൽ ചുംബിച്ചല്ലൊ
തുല്യഹൃദയനാമദ്ദിവ്യമൂർത്തിയെ
സോല്ലാസംമാനിച്ചുസാഗരവും

പാരംപരോപകാരത്തിനായ് വാഴുമീ
വാരിധിതീരത്തിലപ്പൊഴതിൽ
മത്സ്യംപിടിപ്പാനായ് "പത്രോസ്സ്""മാൻഡ്രൂസ്സ്"
മുത്സാഹയുക്തരായ് നിന്നിരുന്നു.

ക്രിസ്തുവാംദേവനരുചു-സഹജരെ!
നിസ്സാരമിത്തൊഴിൽതള്ളിയാലും
മാനവന്മാരെ പിടിപ്പാൻമതിയാകും
മാനസംനമ്മുകാമെക്രൂടെവന്നാൽ

നിങ്ങൾവലയതിൽ മീനല്ലൊതങ്ങുന്നു!
മങ്ങാതെമാനവർതങ്ങുംമേലിൽ"

ഗീരിതുകേട്ടവിചാരപരവശ-
ന്മാരവരേറിനമോദപൂർവ്വം,
കയ്യിലിരുന്ന വലയോട്ടക്രൂടവെ
പയ്യെപ്രപഞ്ചവലയുംക്രൂടെ

ദൂരത്തെറിഞ്ഞുദുരിതാപഹാരിതൻ
വാരുറചേവടിപിൻതുടർന്നു.

ആത്മാത്മകമാകുംവചനാമൃതമേല്ക്കി-
ലശ്മങ്ങൾപോലുമലിയുമല്ലൊ!

യാത്രചെയ്തിട്ടുംഭഗവാനുചാരത്തു
നേത്രത്തിൽപെട്ടസെബദിജന്മാർ

യാക്കോബും, സോദരൻയോഹന്നാനും മന്ദ
മക്കന്യാപുത്രനോടൊത്തുചേന്നു

ചൈതന്യശക്തിയുംവാണീവിലാസവു-
മട്ടിവ്യമൂത്തിയിലുല്ലസിപ്പൂ.

കാപട്യമില്ലാത്തമാനസംപേറുന്ന
കോമളദപ്പണമായവക്ത്രം
ജീവകാരുണ്യവും ഭക്തിയുമാകുന്ന—
ധാവല്യമേറുമിനങ്ങിനിൽക്കെ
ഏതൊരുജീവിതൻചിത്തംതുടിപ്പീല
പാതകവൈരിയെക്കണ്ടുപോകിൽ!

ഏതുംശമനമുണ്ടാകാത്തരോഗത്താ
ലാതുരന്മാരായിക്കേഴ്വോരിൽ,
ദർശനസ്പർനമാത്രത്താൽതുഷ്ടിയു-
മാശ്വാസവും വേണ്ടപോലെനല്കി
മാനസകായികരോഗങ്ങൾമാഞ്ഞിതു
മാത്താണ്ഡൻമൻപിലേമഞ്ഞുപോലെ
ആമയജാലങ്ങളാകവെമാറുന്ന
കേമമാമൗഷധംമറെവിടെ?

ഭോഗങ്ങൾതേടിവലഞ്ഞുതനുവിൻെറ
വേഗംകുറഞ്ഞുകൂച്ചുകുനി
ഘോരമാംവ്യാധികളേറുന്നപാപിക
ളോരോരോക്ലേശമായ്തിങ്ങിക്കൂടി
കാരുണ്യമേറുംകടക്കണ്ണിഴിഞ്ഞവ-
ക്കാരോഗ്യഭാഗ്യമരുളിനാഥൻ.

ചിത്തംകലുഷവരെമ്മട്ടിലേശുവെ
വഴ്ത്തിയെന്നോതുവാനാകുമോശക്യം
ഘോരനരകനിവാസംവെടിഞ്ഞവ-
രേറിനാരാനന്ദനാകലോകം.

വിസ്മിത ചിത്തരായ്, പിന്തുടർന്നിടിനാർ
വിശ്വംഭരാവരൻതന്നെലോകം.

അത്ഭുതംകാട്ടിജ്ജനത്തെ ഭ്രമിപ്പിക്കാ-
നല്പവുംമോഹിച്ചില്ലേശുദേവൻ

ആത്മവിശുദ്ധിയുമക്ഷയഭക്തിയു
മുദ്ദിവ്യനേന്തിടുമായുധങ്ങൾ.

ത്യാഗമണിച്ചട്ട,കാരുണ്യനീതിക-
ളാകുംതുരഗങ്ങൾ, സ്നേഹരഥം,

സത്യമാംലക്ഷ്യവുമിമ്മട്ടിലുള്ളോരു-
യോദ്ധാവിനുണ്ടാമോ? തോൽവിയെങ്ങാൻ!

താനേസകലംത്യജിച്ചുതൻപിന്നാലെ
ജ്ഞാനപിപാസയാന്നൊത്തുവോക്കായ്,

തത്വജ്ഞാനാമൃതസേചനംകൊണ്ടതാ-
നാത്തിയെനീക്കുവാൻനിശ്ചയിച്ചു.

ദാനം സൽപാത്രത്തിലല്ലേ? പരമാത്മ-
ജ്ഞാനത്തിന്നഹരിതുപോലുണ്ടോ!

ഭൂദേവിനർകിയ ഭ്രാസനംപോലെ
യാദേശമാൻതള്ളോരാത്രിതന്നിൽ,

ദേവൻവിളങ്ങി,യുദയഗിരിതന്നിൽ-
താവുന്നഭാസ്കരബിംബംപോലെ.

"ഓലിവുക്ഷാചല"മെന്നല്ലൊചെല്ലുന്ന
വേലെഴുംപൂണ്യാത്രിയാമതിനെ.

സായാഹ്നമൊട്ടുത്തുള്ളസമയത്തി-
ലായാസമെന്യേജനങ്ങളെല്ലാം,

ആതപക്ലേശമൊഴിഞ്ഞങ്ങുതാഴ്ന്നു
മോദംകലർന്നിരുന്നിരുന്ന.

ചന്ദ്രനെക്കണ്ടകുതുകത്താൽ കൈരവ
കോരകജാലങ്ങളെന്നപോലെ.

പൂതമാംതൻകിരണങ്ങൾചൊരിഞ്ഞൊരു
ചൈതന്യസാരം നുകർന്നുകൊണ്ടാർ.

പ്രാകൃതികമാകുംസുകൃത്യമാത്രമെ,
പ്രാസംഗികനവൻ നോക്കിയുള്ളൂ.

കൊട്ടിലും, പന്തലും, മേശ, കസേരകൾ,
വട്ടങ്ങളെല്ലാം പ്രകൃതിദത്തം.

നല്ലമരമൊന്നുപൂപ്പന്തലായി,സ-
മുല്ലാസം മാരുതൻ വീശിനിന്നു.

മിന്നിമിനുങ്ങുംശിലയൊന്നു'മേശ'യായ്,
പിന്നൊന്നുനല്ല 'കസേര'യായി.

പാരംപരിശുദ്ധിയേറുംപ്രസംഗത്തെ
യാരംഭിച്ചപ്പോൾ ശുകാദിപോലും,

നിഗ്ഗൂഢമായിതു, വിശേഷസൂക്തിതൻ-
വശ്യതപമോത്താലവണ്ണമീയം!

നിസ്തുല്യവിസ്തൃതിചേർന്നു, രത്നാകര-
മൊത്തഗംഭീരമാം ചിത്തത്തികൽ,

മിന്നിത്തിളങ്ങുമാത്തപരതനാവലി
ചിന്നിപ്രകാശിക്കും മട്ടിലന്നാഥൻ,

പ്രൗഢപ്രസന്നപ്രഭാഷണമാരംഭി-
ച്ചീടിനാനുദ്ധപ്രമോദംദേവൻ.

മാധുര്യസാരവചഃപ്രസരത്തിങ്ക-
ലേതുമറിയാതെ നിന്നുലോകം.

പാരിച്ചഭക്തിസംയുക്തമാംജ്ഞാനമൊ
പൗരുഷതേജസ്സിൻശക്തിവായ്പാ!

യുക്തിയോടൊത്തൊരുതപമൊ? തന്നാത്മ-
ശക്തിയാൽ പ്രേരിതധീരതയൊ?
സ്നേഹപ്രചോദിതനീതിയൊ? എന്തുതാ-
നാഹവത! കണ്ണപീയൂഷമായീ!

ദാരിദ്ര്യംവന്നവശംകെട്ടോക്കിത്തട്ടിൽ,
പൂരിച്ചിട്ടുംധനതൃഷ്ണപോലെ,
ആത്മാവിനങ്ങജ്ജഗദന്തരാത്മാവി-
ലാഗ്രഹംവായ് പവർ ഭാഗ്യവാന്മാർ.

ആയവക്കായിട്ടാണല്ലൊവിനിമ്മിച്ചി-
തിശപരൻമുന്നമെസ്വർഗ്ഗരാജ്യം
ദുഃഖമനുഭവിച്ചീടുന്നോരീശപര-
സല്ലുരുണാമൃതഭാജനങ്ങാം

ആശപാസമ്പൂർണ്ണരാകുവാനുള്ളൊരു
ഭാഗ്യമിവക്കെല്ലാം കൈവരുമെ.

സ്വാന്തംതെളിഞ്ഞു സമചിത്തന്മാരായ
ശാന്തരും ദൈവപ്രസാദമുള്ളോർ

മായമകന്നമഹീതലമായവ-
ക്കായത്തമായിടും തക്കമെന്യേ.

നീതിയാംനിമ്മലപകപത്തിൽവർദ്ധിക്കും-
പ്രീതിയാൽ പൈ ദാഹ ക്ലേശജാലം,

നേരെസഹിച്ചതിനെപിൻതുടരുന്ന-
പൂരുഷന്മാരുമനുഗ്രഹിതർ.

സംതൃപ്തചിത്തരായ് തിരുമവരെല്ലാം
സന്തതസൗഖ്യമിങ്ങല്ലാതുണ്ടൊ?

കാരുണ്യശാലികം, സൗഭാഗ്യരാശികം,
ക്രൂരഖിലേശനവരിലേറും.

ഉണ്ട, ങ്ങൊരുമറയുള്ളത്തിലീശനെ-
കണ്ടുകൊൾവാനുതാതെയാക്കും.

കാമാദിദോഷരചിതമിതു ചിത്ത —
സീമാവിൽനിന്നകറീടുവോളും,

ഭാഗ്യവാന്മാരാണവരൊക്കെയുംനല്ല
യോഗ്യരാണീശചരദർശനത്തിൽ.

നല്ലസമാധാനപാലനശീലന്മാ—
രെല്ലാരുമീശചരനന്ദനന്മാർ.

നല്ലതുസാധിപ്പാൻക്ലേശംസഹിപ്പതു
നല്ലഗുണമെന്നറിഞ്ഞുകൊൾവിൻ

എന്നിലെവിശ്വാസംകൊണ്ടുസഹജരെ!
വന്നിടും ദുഃഖസമൂഹമെങ്കിൽ

അന്നുസൽഭാഗ്യംതികഞ്ഞവരായിട്ട
നിങ്ങളുംതീർന്നിടുംപേടിയാസ്സിൻ!

വേണ്ടുംഗുണഗണംനിങ്ങളിൽതങ്ങുന്ന
വേണ്ടപോലായതുകാത്തുകൊൾവിൻ!

ഭ്രവിന്നുപൊന്നൊളിവീശുംപ്രഭയൊന്ന
മേവുന്നനിങ്ങളിൽമേദുരാഭം

നേരെയയത്തിപ്പിടിക്കുവിനായതു
നേരായമാർഗ്ഗംതെളിഞ്ഞുകാണ്മാൻ

ധർമ്മംജഗത്തിതിൽസ്ഥാപിക്കുവാനത്രേ,
കർമ്മമെടുത്തുഞാനീവിധത്തിൽ,

തത്വപ്രബോധകന്മാരെയുംശ്രുമാം
തത്വവുംനീക്കുവാനല്ലകേൾപ്പിൻ!

അക്ഷയ,മിത്തത്വവാക്യങ്ങളാകയാൽ
അക്ഷരംപോലുംമറന്നിടാതെ,

അചരിച്ചീടുവിൻ! സത്യമെൻവാചകം
അചന്ദ്രതാരമചഞ്ചലാഭം

നിത്യംപരസ്പരമൈത്രിയിൽവർത്തിപ്പിൻ!
മർത്യരെ! നിങ്ങൾസഹോദരന്മാർ

മറെറാരുജീവിക്കുതാപമേകുന്നതാം
മട്ടിൽപെരുമാറീടൊല്ലേ നിങ്ങൾ

മത്സഹജാതരെ! മറെറന്തു്? തങ്ങളിൽ
മത്സരംകൊൾവതിലേറെനിന്ദ്യം!

പാരാതെദുഷ്കൃതമോരോന്നുമെണ്ണിയ
പ്പാരത്രികനായപ്രാഡ്വിവാകൻ

സാരമായ്വിസ്തരിച്ചാരെയുംഭീകര-
നാരകക്കുണ്ടിൻനടുവിൽതാഴ്ത്തും.

പെട്ട, കടമൊന്നുംവിട്ടിടാതന്ത്യത്തെ-
ത്തൂക്കുകാശ്രാന്തീന്നെമുക്തനാക്കൂ.

നീചം,വ്യഭിചാരകർമ്മംമഹാപാപ
മാചരിച്ചീടുവാനാശിക്കൊല്ലേ

മാനിനിമാരിൽനയനംചരിച്ചാലും
മാനവൻപാപിയായ്തീരുമല്ലൊ

പാപത്തിലാഴ്ത്തുമക്കണ്ണുചൂഴന്നിട്ട
മാപത്തൊഴിക്കുന്നതാണയുക്തം

ദുഷ്കൃതംചെയ്യുമിക്കയ്യെന്നുകാണുകിൽ,
വെക്കംമുറിച്ചതുതള്ളിടേണം

അംഗങ്ങളോരോന്നും സന്മാർഗ്ഗജീവിത
ഭംഗംവരുത്തിടുമെങ്കിലപ്പോൾ

തിട്ടമവയെ നശിപ്പിച്ചുകൊള്ളുക
ശിഷ്ടമെന്നപ്പൊഴമാമ്മവേണം

നീതിയല്ലൊട്ടുമിങ്ങാണയിട്ടീടുന്ന
രീതിയെന്നോക്കുവിൻസോദരരെ!

സ്വർഗ്ഗത്തെച്ചൊല്ലിനീയാണയിട്ടിടൊല്ലെ!
സ്വർഗ്ഗമദ്ദൈവസിംഹാസനംതാൻ.

പൃഥ്വിയെക്കൊണ്ടുമരുതുപാക്കുകി
ലുത്തമമീശ്വരപാദപീഠം.

ആകാ യവുശലേംപേരിലുമായതു
ലോകാധിനാഥനഗരിയല്ലൊ.

തൻതലതൊട്ടുമങ്ങാണയിട്ടിടരു
തെന്തെന്നാലൊറ്റത്തലനാരിനും

അല്പംകറുപ്പൊവെളുപ്പൊവരുത്തുവാൻ
കെല്പുനിനക്കേതുമില്ലയല്ലൊ.

ദുഷ്ടതാവഹ്നിവമിക്കുംമനുഷ്യരോ-
ടൊട്ടുമെനിങ്ങളെതിർത്തിടൊല്ലാ.

നേരേവലത്തുചെകിട്ടിൽപ്രഹരിക്കും
നേരമിടത്തേതുംകാട്ടിക്കൊടുവിൻ!

വസ്ത്രംകവരുവാനെത്തുന്നമർത്യനു
സല്ക്കരിച്ചിടുവിൻ സാൽവ ക്രൂടി

അത്ഥിവൃന്ദത്തെയുമാധമർണ്ണത്തിനാ-
യെത്തുമവരെയുംകൈവിടായ്വിൻ.

വൈരിയെസ്നേഹിക്ക, പീഡനംചെയ്യോനും
പാരിച്ചനന്മയെനേർന്നുകൊടുക്ക.

ശിഷ്ടനും ദുഷ്ടനുമൊപ്പം, ജഗൽപതി
വൃഷ്ടിയും വെയ്ലുംകൊടുക്കുന്നില്ലേ?

നിത്യനാമീശ്വരൻസന്തുഷ്ടനത്രെ തൽ
ഭക്തനുമവ്വണ്ണമായിടേണം.

അന്യപ്രശംസാത്മകമ്മങ്ങളൊക്കെയു
വിണ്ണിൽപ്രതിഫലംലഭ്യമല്ല.
മർത്യർധരിപ്പതിനൊന്നുമെയ്യേണ്ട
സത്യസ്വരൂപൻഗ്രഹിച്ചാൽമതിയാം.

നാമങ്ങയാതൊന്നുകൊണ്ടും ജഗദീശ-
സ്വാമിതൻകണ്ണുകൾനീളുകില്ല.
ക്ലേശിതരേണ്ടവനാണവൻ നിത്യാനു-
ക്ലേശിയായ് നിന്നെല്ലാംകണ്ടുകൊള്ളും.

ഭീകരവഞ്ചനാവൃത്തികളല്ലയൊ
ലോകസമക്ഷത്തിൽപ്രാർത്ഥിക്കുന്നോർ

പൂതമാമുള്ളുറയ്ക്കുള്ളിൽ കടന്നു നീ,
വാതിലടച്ചുനിശ്ശബ്ദമായി
അൻപുനിറഞ്ഞുനിന്നുള്ളിലിരിപ്പൊരാ
തമ്പുരാൻതന്നൊടുപ്രാർത്ഥിക്കേവം.

"സ്വർഗ്ഗസ്ഥനാകുംപിതാവേ! തിരുനാമം,
ശ്രേഷ്ഠമായെന്നെന്നുംവെൾവൂതാക!

നിന്തിരുവാഴ്ചയിൽ ശോഭിക്കുംസ്വരാജ്യം
അന്തരമെന്നിയെചേർന്നിടേണം.

വിശ്വപംതന്നിലുംനിന്നിഷ്ടംസ്വർഗ്ഗീയ-
മട്ടിൽപുലർത്തുമാറാകവേണം!

ഇന്നിഹഞങ്ങൾക്കുവേണ്ടുമാഹാരങ്ങ-
ളന്നദാതാവേ! നീ തന്നിടേണേ!

എമ്മട്ടുഞങ്ങൾപൊറുക്കുംകടക്കാരോ-
ടമ്മട്ടുഞങ്ങൾക്കെഴുംകടങ്ങൾ

സംക്ഷമിക്ക;പരീക്ഷിക്കരുതെന്നെ,
ദുർവൃത്തന്മാരോടുചേർക്കരുതേ.

രാജ്യവും,ശക്തിയും,മഹോത്മ്യവും സവ്വം
പൂജ്യനാകുംനിനക്കുള്ളതല്ലൊ.

ഇത്തരംപ്രാത്ഥനാരീതിയുപദേശി-
ച്ചിട്ടിവൃൻതതോകുതുകിവീണ്ടും: —

ലോകരെ!നിങ്ങളുപവസിച്ചീടവേ
ശോകദുശ്ശേഷ്ടകൾ കാട്ടിടൊല്ലെ.

കേതിയില്ലാത്തവക്കെല്ലാമുപവാസം
വക്ത്രസരോജത്തെ വാട്ടിടുന്നു!

നിക്ഷേപമൊന്നുമിഹത്തിൽകരുതാതെ
സൂക്ഷിച്ചുകൊൾകവ സ്വർഗ്ഗംതന്നിൽ.

സന്വത്തിരിക്കുംസ്ഥലത്തിനെ മാനസം
ഇമ്പമായെപ്പൊഴുംചൂഴുമല്ലൊ.

നേത്രംമനുജന്റെ ദീപമായ്മിന്നുന്നു—
നേർവഴികാണ്മാൻ നയിക്കുതിനെ.

ജ്ഞാനസമ്പാദനസാധനമായിത്താൻ
മാനിച്ചുകൊള്ളുക ലോചനത്തെ.

വസ്ത്രം,വിഭ്രഷണ,ഭോജന സൗഖ്യങ്ങൾ
ചിത്തംമയക്കാതിരുന്നിടേണം.

ആഹാരമാദിയാലുണ്ടായിടുംസുഖം
ആത്മസുഖത്തിനു താഴെയല്ലൊ.

ഭൂവിൽകൃഷികായ്മുമൊന്നുംനടത്താതെ
ജീവിക്കുന്നില്ലയൊ നീഡജങ്ങൾ?

നോക്കുക!കോമളത്താമരപ്പൂക്കൾ,വി-
തയ്ക്കുന്നില്ലായവകൊയ്യുന്നില്ല!

എങ്കിലുമെന്തവ "സോളമരാജ"ന്റെ—
തങ്കക്കിരീടത്തേക്കാൾമനോജ്ഞം!!

സൃഷ്ടിക്കുകാരണനായിട്ടുമീശ്വരൻ
പുഷ്ടിയെനൽകുവാൻനോറുറിരിപ്പൂ.
തെല്ലുമെവേണ്ടപരിഭ്രമം നമ്മൾക്കു-
യെല്ലാമെ,നൽകിയിട്ടില്ലേദൈവം.

ആശയിലാണ്ടുടൻ വിഭ്രമചിത്തരാ
യാശയമെന്തിനെറിച്ചീടുന്നു?
ദൈവികമായിട്ടും നിഷ്ഫലഭക്തിയാൽ
കൈവരുമെ സർവ്വകാമിതവും.

മാനസമാലിന്യം മാർജ്ജനംചെയ്യുവ-
ക്കാനന്ദമെന്തതിൻമിതേയായി.
അന്യരെമ്മട്ടിരുന്നീടണം നമ്മോടെ—
ന്നന്യർക്കുകാട്ടുകവേണംനമ്മൾ.

നാമളന്നീടുന്ന മാനദണ്ഡത്തിനാൽ
നമ്മെയളക്കുന്നു ലോകമെന്നും'
തീരെചെറുതും പരദോഷംകാണ്മവ
രോരുന്നതില്ല തൻഭീമദോഷം.

അന്യന്റെകണ്ണിൽകരടുതിരക്കുന്ന
കണ്ണിലേകോലതിനില്ല കുറവ്!
പാത്രമറിയാതുപദേശംനൽകുക
വ്യർത്ഥപ്രയത്നം, വിവാദമില്ല.

ഉറവപരിശ്രമമൊന്നിൽനിന്നല്ലയൊ?
മുറിയസൗഖ്യ മുടിച്ചു കാണ്മു.
ഉദ്യമം,ഈശാനുകൂല്യമുണ്ടെന്നാകിൽ
മിഥ്യയായ്തീരുവാൻ മാർഗ്ഗമുണ്ടൊ?
കിട്ടുമപേക്ഷിപ്പിൻ! കാണുംതിരക്കുവിൻ!
മുട്ടുവിനപ്പോൾ തുറന്നു! കൊള്ളുവിൻ.

ക്ഷുത്താലകമലഞ്ഞപ്പുമിരക്കുന്ന-
പുത്രനു കല്ലുകൊടുപ്പോരുണ്ടോ?
ആർത്തജനാവനതല്പരനീശ്വരൻ
ഭക്തിയുള്ളോർക്കുള്ള കാമധേനു.

വിശ്വാസശുദ്ധിബലത്തോടണയുവിൻ!
വിശ്വനിയന്താവിൻനൽസമക്ഷം.

കുണ്ഠിതംപൂണ്ടങ്ങിരിക്കരു, തെന്തെന്നാൽ?
കുണ്ഠിതംനിന്നെവളർത്തുകില്ലാ.

സത്യമായ്ക്കുമിടുങ്ങിയതാണല്ലൊ
സത്തുക്കളായതിൽചെന്നുചേരും.

വിസ്താരമേറുന്ന തിന്മയാംമാർഗ്ഗത്തി-
ലെത്തുവാൻവേണ്ട വിശേഷകമ്മം.

കുഞ്ഞാട്ടിൻതോലുധരിച്ച വൃകങ്ങളാം
നുണ്ണാണ്ടകള്ളപ്രവാചകന്മാർ

മുന്തിരിത്തേൻപഴംമുള്ളിന്മേലുണ്ടാമൊ?
പിന്തിരിഞ്ഞോരിവർസൽപഥത്തിൽ.

നല്ലൊരുപാദപമേകുന്നു സൽഫലം
പൊല്ലാത്തവൃക്ഷമസത്തിനേയും.

ജാത്യാഭവിച്ചീടുംശീലങ്ങളാരുമാറുവാ
നാദ്യനായുള്ളോനും ദുഷ്കരംതാൻ

ആശയശുദ്ധിയില്ലാതുള്ളഭക്തന്മാ-
രീശസംപ്രാപ്തിക്കനർഹരത്രേ.

മാമകംഗീതകളുള്ളിൽഗ്രഹിച്ചുവി-
വേകമതികളായി,ശുദ്ധരായി,

നന്നായ്ശിലമേൽപണിഞ്ഞൊരുമന്ദിര
മെന്നപോൽചിത്തംചലിച്ചിടാതെ,

മാനസസന്തോഷമകറ്റിപരമമാം
ജ്ഞാനപ്രദീപംതെളിച്ചുകൊള്ളും.

സംശുദ്ധമാനസമന്ദിരംനിർമ്മിക്കും
തമ്പുരാനേശുവാം ദിവ്യശില്പി.

തേനൂറുംവാക്കുകൾ ചൊന്നതുകേട്ടൊരു
മാനവസംഹതി വിസ്മയിച്ചാർ.

ഇത്തപസാരംഗ്രഹിച്ച വഴിപോലെ-
പ്രാർത്ഥിക്കാംദൈവത്തെ ഭക്തിപൂർവ്വം.

ചുറ്റുംനിലകളിൽനിന്നുമുയർന്നല്ലൊ
മുറുമുപ്പുവ്രതം നിന്നിടുന്നു.

ശ്രേഷ്ഠനാംയേശുവിൻ സാരോപദേശവു-
മേറെമായ് ശോഭിച്ചുയർന്നുനിന്നു.

യേശുതൻസാന്നിദ്ധ്യംകൊണ്ടുഗിരിവര
ശ്രേഷ്ഠനുയർന്നിന്നുംലാലസിപ്പൂ.

പർവ്വതപീഠംത്യജിച്ചിറങ്ങീടിനാൻ
ദുർവാര തേജോ വിഭവശാലി.

വിട്ടുപിരിയാനുതാതെ ലോകമ-
ശ്ലിഷ്ടാദങ്ങളേപിൻതുടർന്നു.

അത്തറ്റിൽ കൃഷ്ണപ്രണിതാംഗനാമൊരാൾ,
കർത്താവെ!രക്ഷിക്കയെന്നുണർത്താൻ

ഹസ്സ്യയുഗത്താലവനെത്തലോടിസ്സം-
ശുദ്ധനാക്കീടിനാനാർത്തബന്ധു.

പേർത്തുംപുരോഹിതൻതന്നെ നീ കണ്ടാലും
പ്രാർത്ഥിച്ചുകൊണ്ടാലും ഭക്തിപൂർവ്വം.

നേർച്ചയെ ദൈവാലയത്തിലർപ്പിച്ചു നീ
യീശമഹത്വം പുലർത്തികൊൾക

എന്നരുൾചെയ്തു വിടയവനേകിനാൻ
പിന്നെയും ദേവൻ നടന്നുമെല്ലെ

മറെറാരുവിശ്വാസി യെത്തിയുണർത്തിനാ
നുറെറാരുഭൃത്യന്റെ "പക്ഷവാതം"—

"രോഗംശമിച്ചെന്ന കല്പിച്ചാൽപോരുമെ
വേഗമവന്നു സുഖം ലഭിക്കും"

വിശ്വേശസൂനുസന്തുഷ്ടനായോതിനാ
"നാശ്വാസം വിശ്വാസത്താലെ നേടാം"

ഏവമരുളുമദ്ദേവന്റെ സന്തോഷ
ഭാവമറിഞ്ഞവൻ യാത്രയായി.

വാതാമയാർദ്ദിതൻ വന്നു വിരവിൽ തൃ-
പ്പാദസരോജം വണങ്ങിനിന്നാൻ

യേശുവുമായവൻ തന്റെ മഹാരോഗ-
മാശ്വാസസുഖമാക്കി വിട്ടപിന്നെ

ഭക്തപരായണൻ പത്രോസിൻ പത്നന
മെത്തിജ്ജ്വരമൊരു രോഗിണിയെ,

തൊട്ടനിമിഷം ജ്വരരോഗമൂർച്ഛത
പെട്ടെന്നൊഴിഞ്ഞു വിളങ്ങിനിന്നാൾ

സായാഹ്നമായപ്പോളായാസപ്പെട്ടെത്തി
പേയും പിശാചും പിടിച്ചുക്രൂരം.

ഭ്രാന്തങ്ങൾബാധിച്ച മർത്യരുംവന്നിത-
ദ്ദ് ഭ്രാതൃദയാനിധിതന്റെ മുൻപിൽ.

നോക്കുകൊണ്ടെന്നല്ല വാക്കുകൊണ്ടും ബഹു-
ശീഘ്രം രുജകളോഴിച്ചു നാഥൻ.

പിന്നെപ്പുരുഷാരത്തോടായ്പറ
ഞ്ഞുപോകെന്നുചൊല്ലീ.

അത്യന്തഭക്തിപരവശനാമൊരു
ശാസ്ത്രവിജ്ഞാനിതൊഴുതുചൊന്നാൻ:—

"അങ്ങയെവിട്ടുപിരിവാനശക്തൻ ഞാ-
നെങ്ങെന്നാലങ്ങോട്ടനുഗമിക്കും.

ശ്രദ്ധാത്മമായിട്ട ദേവനംചൊല്ലിനാൻ
ഗാഢമമം ചിന്തനംചെയ്കൊൾവാൻ.

ശ്രദ്ധമായ് പാർക്കുവാനാടലാം മത്സ്യനു;
ക്രൂരണ്ടുപക്ഷികൾക്കോത്തുകണ്ടാൽ.

ഈടറ്റ കൗശലക്കാരൻ കുറുക്കനും
ക്രൂരന്മ മണ്ണിലെകണ്ടുകളിൽ.

ജ്ഞാനിയാംമാനവപുത്രനിടമില്ല
താനെമറഞ്ഞുവസിപ്പാനെങ്ങും.

പിന്നെയൊരുദേശംപ്രാപിപ്പാനക്കാലം
ചെന്നകടൽക്കരെ യേശുദേവൻ.

കണ്ടപടവിൽ കരേറിയ നേരമെ
കണ്ടുനിന്നോർകളും കേറിമെല്ലെ.

അല്പംകഴിഞ്ഞപ്പോൾസപ്തസ്വരാരവ-
മുപ്പമിളകി കൊട്ടംകാറുകൾ

വാഹനം ഓളത്തിൽ പൊങ്ങുന്നതാഴുന്നു,
മോഹനമാംമട്ടുറങ്ങുന്നേശു.

ഒന്നുമറിയാത്തമട്ടിലുറങ്ങുന-
പ്പൊന്നുതിരുമനി തന്റെ മുൻപിൽ,

"കാത്തുകൊള്ളേണമെ! കർത്താവെ!"യെന്നുട
നാത്തുവിളിച്ചുതശിഷ്യജാലം,

ഉൽപ്പലനേത്രംതുറന്നുടനേശുവു
മല്പം ഹസിച്ചു പറഞ്ഞു മന്ദം:—

അല്പവിശ്വാസികളേ ഭീരുക്കളേ നിങ്ങളൊ
തല്പരഭക്തന്മാരല്ലയേതും

ഏവമുരച്ചുകടലിനെത്തന്നെയും,
ഏറ്റമെഴുന്നിടുംകാറ്റിനെയും

ഉറ്റൊന്നുനോക്കീട്ടശാസിച്ചു ഹാ!ഹന്ത!
കാറ്റും, പിശറുംശമിച്ചുചിത്രം!

വാരിധി, മാരുതന്മാരടിക്കുമ്പിട്ട
വീരനാമാരിവ?നോത്തുകണ്ടാൽ?

എന്നോരത്ഭുതഭാവം ധരിച്ചിതു
മന്ദന്മ ർ!അല്ലാതെന്തോതിടുന്നു?

അക്കടൽക്കരെക്കണ്ടപ്രദേശത്തിൽ
തുക്കഴൽപൊല്ലുമലംവിളങ്ങി.

പ്രത്യക്ഷരായിവിഹരിച്ചു തത്ര ദുർ-
വൃത്തിയിലാണ്ടുഗ്ര ഭ്രൂതയുഗ്മം

അദ്ദേശസംജ്ഞയ്ത്തിനാധിവളത്തുവാ
നെത്തിയധൂമകേതുക്കൾപോലെ.

കാറ്റുങ്കുപഞ്ഞിയെയെന്നോണംദൂരത്തി
ലാട്ടിപ്പറപ്പിച്ചവരെയേശു.

ഉൽക്കടരശ്മിചൊരിഞ്ഞുപരിസര
ദിക്കേളൊക്കെപ്രകാശമാക്കി,

വീണ്ടുംതിരിച്ചുതൻഗേഹത്തിലെത്തവെ
യിണ്ടൽമുഴുത്തൊരു രോഗിതന്നെ

പാപച്ചുമടുകണക്കെയെടുത്തുടൻ
പാപാപഹാരി തൻ മുൻപിൽ വച്ചാർ

കാരുണ്യമൂർത്തികടാക്ഷിച്ചരുളി "നിൻ
പാരിച്ചപാപംപൊടിഞ്ഞുവല്ലൊ."

കേട്ടവരൊട്ടുപേർ നീരസമാൻഗ്ര-
ഡാർഷ്ട്യമീവാക്കിലെന്നുള്ളിലോത്താർ

സ്പഷ്ടം പരേംഗിതജ്ഞാനപ്രഗത്ഭനാം-
ശിഷ്ടനരുളിനാനീവിധത്തിൽ.

"പാപജനിതമാണാമയമാകവെ
പാപരഹിതരനാമയന്മാർ".

ഇത്തത്ത്വസാരംമറച്ചുഞാനെങ്ങിനെ
തത്ത്വജ്ഞവര്യരെ! ചൊല്ലിടേണ്ടു?

ദീനംനിനക്കസുഖപ്പെട്ടുപോയെന്ന
ഞാനിന്നു ചൊന്നതിൻകായ്പു മോത്താൽ.

പാപത്തെമോചിക്കാൻ ശക്തനാരാണെന്നു
നോക്കുവിൻ! കാണിക്കാം നിങ്ങളെ ഞാൻ.

ഇങ്ങനെ ചൊല്ലീട്ടുനോടോതിനാ-
നങ്ങെഴുന്നേറു നടന്നുപോകു.

നിന്നെച്ചുമന്ന കിടക്കയെ നീതന്നെ
നന്നായ്വഹിച്ചങ്ങു കൊണ്ടുപോക.

അത്ഭുത!മത്ഭുതം! അംഗം തളർന്നവ
നക്ഷണമേറു നടന്നുവല്ലൊ.

അപ്പുരുഷാരമച്ചിൽപുരുഷൻ തന്നെ
അല്പേതരമായ്ഭജിച്ചു മേന്മേൽ.

മേലാളകഠംക്കെഴും നിർദ്ദയ മർദ്ദന-
ഹാലാഹലത്തിനാൽ മോഹിതരായ്,

എല്ലുംതൊലിയുമായ് ശോഷിച്ച പാവങ്ങൾ-
പുല്ലെന്നു തള്ളപ്പെട്ടുള്ള വർഗ്ഗം!

വിശ്വപിതാവിൻ കരുണയ്ക്കു പാത്രമാം
ശുദ്ധസാധുക്കൾ, ക്രൂരിപ്പണിക്കാർ

ദൃഷ്ടിപഥത്തിലങ്ങെത്തവെ ദേവ വി-
ശിഷ്ടഹൃദയ മലിഞ്ഞുപോയി.
ആഗമക്കാതല സ്നേഹര പംക്തിയെ-
സ്സ്വാഗതംചെയ്യുകൈക്കൊണ്ടുനന്നായ്,
പന്തിനിരന്നങ്ങിരുന്നവ രേതുമൊ
രന്തരമെന്നിയെ ഭുക്തിചെയ്താർ.
മാമൂൽ തമസ്സിനഭാസ്കരനായി നി-
മ്മായംപ്രവർത്തിച്ചകൃത്യമോർത്തു
ഈർഷ്യാകലുഷിതന്മാരാംപ്രേക്ഷകന്മാ-
രേശുവിൻശിഷ്യരോടാശു ചൊന്നാർ-
"നിങ്ങൾതന്നാചാര്യനെന്തിതുകാട്ടുവാൻ?
ഭംഗിയൊ? താഴ്ന്നവരിൽസമത്വം!
അഞ്ചിതമാകും മഹസ്സുതഞ്ചീട്ടുന്ന-
പുഞ്ചിരിതൂകി പ്പറഞ്ഞുദേവൻ.
"കള്ള, മവിവേക, മീർഷ്യ, മദാദിക-
ളുള്ളത്തിൽതിങ്ങുന്നനിങ്ങൾക്കെല്ലാം.
രോഗികൾക്കല്ലീ? ഭിഷ്ഗ്വരസന്നിധ-
മേകേണ്ടാ സ്ഥാനം ഭേഷജത്തെ.
അന്യസഹായമശക്തനാവശ്യമാം
ധന്യനെസ്സേവിച്ചീടുന്നലോകം.
പാപികളായിടുമേഴകളെപ്പോററാൻ
പ്രാപിച്ചുഞാനുമിങ്ങിസ്ഥലത്തിൽ.
നിത്യദരിദ്രനാ സദ്യനഭംകീടുക:
വിത്തവാനേകുകിലെത്രപുണ്യം!
നൈമ്മല്യശക്തിയാൽ മമ്മസംസ്പൃശ്യരാ-
മിമ്മൊഴികേട്ടവർ വിസ്മയിച്ചു!

യോഹന്നാൻതന്നുടെ ശിഷ്യർ ചോദിച്ചിതാ-
സ്നേഹസ്വരൂപിയാംദേവനോടായ്:—
"ആവശ്യമല്ലീ യുപവാസ? മെന്തതു-
താവകശിഷ്യർ ഗണിച്ചിടാത്തു?

ആശയാനന്ദംകലർന്നിതുകേട്ടക്കവെ
യീശപരനിമ്മട്ടരുളിച്ചെയ്തു:—
"ഞാൻപോകുമീവഴിയല്പംനവീനമാം;
മുൻപിലെയുള്ളോന്നിൽനിൽപ്പുനിങ്ങളും.

അന്യോന്യമീഭിന്നമാർഗ്ഗങ്ങളാണ്നവ-
രൊന്നിച്ചുപോകാൻവിഷമമല്ലൊ.

നിത്യംപരസ്പരഭിന്നതപമേലുന്ന
വസ്ത്രക്കഷ്ടക്കുണ്ടൊ? പൊരുത്തമോക്കിൽ.

കോടിട്ടിവസംപഴകിയ വസ്ത്രത്തിൽ-
കോടിത്തുണിക്കണ്ടം ചേർപ്പതാരോ?

ചേർത്തവ തുന്നിയാൽവീർത്തിരുന്നിടുമെ,
ചേർച്ചയശേഷംവരികയില്ല."

പുത്തനാംവീഞ്ഞുപഴയകുടങ്ങളി-
ലൊട്ടിരുന്നാൽകുടം പൊട്ടുമടല്ലൊ.

പുത്തൻകുടത്തിൽ പകർന്നുവച്ചെന്നാ-
ലെത്രയും നല്ലതാമില്ലവാദം.

വന്നപരീശന്മാരൊന്നാകെ മൗനമായ്-
നിന്നു നിലച്ചവർവാദമെല്ലാം.

കാണികളത്ഭുതാധീനരായ്നിലയ്ക്കെയ-
പ്രാണദൻതൻതിരുപ്പാദാബ്ജത്തിൽ

താണുതൊഴുതപേക്ഷിച്ചാനിമ്മട്ടിൽപ്രാ-
മാണികനാമൊരാളാധിപൻവും.

"മൽപുത്രിയിപ്പോൾമരിക്കയാൽ മാനസ
മല്പേതരാധിവിവശമായി.

ശിഷ്യാഗ്രഗണ്യൻ ശിഷ്യനാകും ഭവാൻ
തൊട്ടിടിൽ മമമകാം ജീവിച്ചീടും."

ദേവനെഴുന്നെള്ളി ശിഷ്യപരീതനായ്
താവുന്ന കാരുണ്യമാക്കിതുപോൽ!

ഭക്തനായിട്ടവനാടെ ഗേഹത്തിൽ
മുകതിപ്രദൻ മണഞ്ഞുമെല്ലെ.

കട്ടിലിൽകണ്ടതാൻ, ചേതനകൈവിട്ട
തപിട്ടേലുംനല്ലൊരുപാവപോലെ,

കന്യകതൻ മൃതകായം കിടപ്പതു
കന്യാതന്തുജനട്ടുത്തുചെന്നു;

"ബാലികനിദ്രയിലത്രേ! മൃതയല്ല!
ബാലരെ! നിങ്ങൾകരഞ്ഞിടാസ്റ്റിൻ!"

എന്നരുളിടിനാൻ നിന്നവക്കൈമൊഴി
യന്നു മഹാസ്യമായ്തീർന്നുപാരം!

അത്ഭുത!മദ്ദിവ്യനപ്പൊൻകിടാവിനെ
തൊട്ടൊരുനേരത്തെണിറ്റവളും,

കണ്ടവർ കേട്ടവർ വിസ്മയിച്ചീടിനാർ
പണ്ടാരുകണ്ടിടം പാരിലെങ്ങാൻ

ദേവൻമടങ്ങവെ, രണ്ടുകുരുടന്മാർ
ദ്രുവികൽയാചനംകണ്ടിടാത്തോർ,

"പാരിട, മന്ധകാരാന്ധാളത്തിലെ
ഘോരനരകമായ് ചിന്തചെയ്തോർ

ആമയഹാരിയായ് ജീവകാരുണ്യൈക -
ധാമമാമേശുവെ കാത്തുനിന്നു.

മറവുള്ളവർകളാൽ പ്രേരിതരാമവ-
രുറവുനിലവിളിച്ചുവമോതി.

"വാരുറകാരുണ്യക്കാതലാംക്രിസ്തുവെ!
ക്രൂരൊട്ടഞങ്ങളെ പാലിച്ചാലും!

ഏവംപറഞ്ഞവർതപ്പിതടഞ്ഞുടൻ
ദേവന്തപിന്നാലെ യാത്രയായി.

ക്രിസ്തുഭഗവാനങ്ങു നികേതന-
മാർത്തരാമന്ധരുമുണ്ടു പിന്നിൽ.

അല്പൽകടലിലാപ്പെട്ടൊരവരോടായ്
മെല്പെത്തിരിഞ്ഞരുൾചെയ്തു ദേവൻ—

"നേത്രപ്രകാശമരുളാനെന്നതി
മാത്രമാംവിശ്വാസമേലുന്നിതൊ".

ഏവംകഥിക്കവെ,സാധുക്കളന്ധന്മാർ
താവുന്ന വിശ്വാസമോതി വീണ്ടും

ദേവനവരുടെ നേത്രങ്ങൾ തൊട്ടവാ-
റാഹാ! നയനം തെളിഞ്ഞുവല്ലൊ

അന്ധന്നനേത്രംതെളിഞ്ഞെന്നാലുണ്ടാകും
സന്തോഷമെന്തെന്നു ചൊല്ലാവതൊ?

* * * * * *

ദേവനനന്തരംദിക്കുകളൊക്കെയും
പാവനമാക്കുവാൻ സഞ്ചരിച്ചു.

മാധുരിസാരമനോഹരവാങ്മയ-
മാധിയിലാരെയും മഗ്നമാക്കി.

ആധിയും, വ്യാധിയും പാടെത്തുരത്തിയ-
ബ്ബോധിപ്രവരൻചരിച്ചു മന്നിൽ

അത്തിരുമേനി യിപ്രാപഞ്ചികക്കെല്ലാം
നിത്യസുഖോദയം നേടിക്കൊടുപ്പാൻ
തക്കൊരു നേർവഴികാട്ടുവാനെത്രയു-
മുൾക്കരുത്തേറുമാ ചായ്പ്പുമാരെ

എങ്ങുമെകാണാഞ്ഞു ഖിന്നഹൃദയനാ
യിങ്ങനെചൊല്ലിനാൻശിഷ്യരോടായ്
"മർത്യരാം ഭ്രഷ്ടമഹജാതികളിൽനിന്ന
നിത്യാത്മബോധികളാംഫലങ്ങൾ,
ജാതമാക്കീടും സൽക്കർമ്മമാംകഷ്ട
നെതോരുകാലത്തുംദുർല്ലഭം താൻ.
കൊയ്യുവാനുണ്ടാംഫലമെങ്കിലും വേല
ചെയ്യുവാനാളില്ലിപ്പാരിടത്തിൽ.
വേലയ്ക്കുചേരുംമട്ടാളിനെനിർണ്ണയിക്കുവാൻ
പാലകനീശനെക്കെതൊഴുവിൻ."
ദേവനരുളുമീനന്മൊഴികേട്ടവ
രേവരുമാനന്ദ മഗ്നരായി.

ഇങ്ങനെ വാഴ്ന്ന കാലമദ്ദേവന-
ഭംഗിയിൽപ്പോദാശശിഷ്യരുണ്ടായ്.
ദിവ്യാത്മാവായിട്ടുംദേവനിൽശോഭിക്കും
ഭവ്യപ്രഭാവമാംചിൽപ്രകാശം.
ഏറുകൊടുംവാനുള്ളഭാജനരത്നങ്ങ-
ളേറെപ്രകീർത്തിതർ ഭാഗ്യവാന്മാർ,
മേദിനീഭാഗംവിളക്കുവാൻപോരുന്ന
ദ്വാദശാദിത്യന്മാർ പോലെ മിന്നി.
ദേശങ്ങൾതോറുമവരെയയയ്ക്കുവാൻ
യേശുമഹേശനുറച്ചു പിന്നെ.

കംതുണ്യപൂവ് മുപദേശം നഠംകിനാൻ
പരിൻെറ നന്മയെ പാലിപ്പാനായ്.

"സാമാന്യലോകം നടക്കും വഴികളിൽ
ശ്രീമാന്മാർ നിങ്ങഠം ചരിച്ചിടൊല്ലേ-

ദൈവികമല്ലാത്തൊ രാഭാടം കാട്ടുന്ന-
ഭ്രവിലെപ്പട്ടണം തീണ്ടിടൊല്ലെ,

ദുഷ്ടന്മാർ കാണും കുതികിരു മപ്പുറം
ദൃഷ്ടിപതിപ്പിക്കാൻ ശക്തരാവിൻ!

അജ്ഞാനമാകും തിരുട്ടിലനീകിട്ട-
വിജ്ഞാന ദീപം തെളിച്ചിടുവിൻ!

ദൈവിക നീതിയെ ചൊല്ലി പ്രസംഗിപ്പി-
നാവുംവിധം നിങ്ങളാടലെന്യെ

മാമക ദിവ്യതപം നിങ്ങഠംക്കായ് വീതിപ്പെൻ
ഭാവുക മാ മതെപ്പാലിക്കുവിൻ!

ആതുരന്മാരി ലലിഞ്ഞവക്കേറിയ-
ഖേദമകറുവിൻ ലോകമെങ്ങും.

ഈശപര പുത്രനെന്നുള്ളൊരു ദിവ്യത
മാത്രതെളിയിപ്പിൻ മാതൃകയായ്.

ജ്ഞാനധനമെന്നി പൊന്നും പണങ്ങളും
ജ്ഞാനികഠം നിങ്ങളിൽ കാണരുതെ.

വിത്തസമ്പാദ്യ മലങ്കാര മെന്നിവ
വജ്ജിച്ചിടേണം വിനീതരായി

ചെല്ലുമിടങ്ങളിൽ ചൊല്ലിതു കേഠംക്കുന്ന
കല്യാണശീല നാരെന്നറിഞ്ഞു

പോരുംവരയ്ക്കു മപ്പുണ്യവാനൊത്തു താൻ
സൈരം വസിക്കുവിൻ സോദരരെ!

ഏതൊരു വീടുതാൻ ദേശംതാൻ നിങ്ങളെ-
യേതും സമാദരിക്കാതിരിപ്പൂ,

പാപംനിറഞ്ഞ മരുവന മായവ-
യ്ക്കാപത്തടുത്തുണ്ടെന്നോത്തുകൊൾവിൻ!

ആ ഭിക്കിൽനിന്നും മടങ്ങും നിമിഷത്തിൽ
പാദങ്ങൾരണ്ടും തുടച്ചു കൊൾവിൻ!

പാപ മലീമസ മാകുമാ മൺപൊടി
പാദത്തിൽനിന്നു മുതിർന്നു പോട്ടെ!

ദുഷ്ട വൃകങ്ങൾ ക്കിടയി ലജങ്ങൾ തൻ-
മട്ടു വിടുന്നിതെ നിങ്ങളെ ഞാൻ.

പാപം പടർന്നിടും കാടും മലകളും
പാടെ യിപ്പാരിലൊഴിഞ്ഞിടേണം.

പാമ്പിനെ പ്പോലെ കരുതലു മോമന-
പ്രാവിനെ പ്പോലെ പരിശുദ്ധിയും,

നിങ്ങളിൽ തേന്മേലുയരട്ടെ! നിസ്തുല
മംഗളം നിങ്ങൾക്കു വർദ്ധിക്കട്ടെ!

ആരാധ്യനാമൊരു ദേശിക നാക്കുമെ,
നേരായൊ രാദർശമല്ലീ? മന്നിൽ.

നിർഭയം സത്യം വദിക്കുവിൻ! മാനസം
നിർമ്മല ഭക്തി നിബദ്ധമാക്കിൻ!

മൂടിവച്ചുള്ളവ യെല്ലാം വെളിപ്പെടും,
കൂട്ടം രഹസ്യം പരസ്യമാകും.

ശാശ്വതം ശാന്തിയും സത്യവും മാത്രമാം;
നശ്വരം മറ്റെല്ലാ മോത്തു കൊൾവിൻ!

ഞാനുരച്ചീടുമിഗ്രന്ഥമാംഗീതുക
ളീലോകമെങ്ങുംപ്രസിദ്ധംചെയ്യിൻ!

മൂത്ര മല മാംസ പിണ്ഡമാം ദേഹത്തെ
മാത്രം വധിപ്പോരെ പേടിക്കേണ്ടാ.

ദേഹത്തെയെന്നിയെ ദേഹിയെ കൊല്ലുവാൻ
ദേഹിക ളാരാനും ശക്തരാമൊ?

ദേഹിയെ ക്രൂടി ദഹിപ്പിക്കാൻ ശക്തനാം
ദൈവത്തെ മാത്രം ഭയപ്പെട്ടുവിൻ!

നിസ്സാരമാകും 'കുരികിൽ' കിളിപോലും
നിത്യനാ മീശന്റെ സൃഷ്ടിയല്ലെ?

സാരം കുറഞ്ഞൊരാ നീഡജം ക്രൂടവെ
പാരിൽ പതിപ്പതും ദൈവയോഗാൽ.

ആകയാ ലെന്തിനു? ഭീതിയിങ്ങാക്കികി-
ലാകവെ ദൈവാധിനം പ്രപഞ്ചം.

എന്നിൽ പരിപൂർണ്ണ വിശ്വാസ മേലുവാ-
നാന്നീട്ട മീശപ സൽ സമക്ഷം.

എന്മൂല മൂഴിയി ലിപ്പോഠം മുതല്ലൊരു
വന്മഹാവിപ്ലവ മുണ്ടായിട്ടും.

മേന്മേലുരുതര ശാന്തി വളർന്നതു
നന്മ വിതപ്പതിനാകു മല്ലോ.

അംബരം തന്നില തീവഗഭീരമായ്,
വെണ്മതി ബിംബം മറച്ചു നില്ക്കും

കോടക്കരിമുകിൽ നീങ്ങാ നിടി, മിന്ന-
ലോടൊരു മാരി തകർത്താൽ പോരും.

തന്നുടെ ജീവിതം സ്വാർത്ഥമായ് തീർക്കുവോൻ
തൻനാശ മേലുന്ന തക്കമെന്യേ.

അന്യ സുഖാർത്ഥം സ്വസുഖ്യം ത്യജിപ്പവ
നന്നാതൻ, ജന്മ സാഫല്യമാർന്നോൻ.

നേരെഭവാന്മാരെ മാനിപ്പോരെന്നെയും
പാരുടയോരെയും മാനിക്കുന്നു.

ദാനം ലഘുതരമെങ്കിലു മായതിൽ

ഭാസിക്കുമല്ലൊ ഫല പ്രകാണ്ഡം.

ഏവം കനിഞ്ഞുപദേശ മരുളിനാ—
ദേവനനന്തരം വിശ്രമിച്ചു.

* * * * * *

ശ്രീമെത്തു മേശുവിൻ ശിഷ്യന്മാർ തൻ പുണ്യ
നാമ സ്മരണവും പാവനമാം.

ബന്ധുര കീർത്തിമാ നാകുന്ന "പത്രോസും",
തൻതമ്പി യായിട്ട"മത്തയോസും",

'യാക്കോബും' 'യോഹന്നാൻ' 'പീലിപ്പോസും' പിന്നെ,
വിഖ്യാതൻ, 'ബത്തോൽമ്യ', 'തോമസ്സ്' മെ,

'മത്തായി', 'യാക്കോബും', 'തദ്ദായി', സന്മാർഗ്ഗ—
സത്തമൻ 'ശീമോനും', 'യൂദാ' താനും,

ദ്വാദശ ശിഷ്യ പ്രമുഖരിവർ ദിവ്യ-
ഗീരുക ളോതുവാൻ യാത്രയായി.

ദേവനാം മന്ദാര മാമരം തുവിയ
പൂവിൻ പരിമളം ഭൂവിലെങ്ങും

ആവിരാനന്ദം വളർത്തി നിന്നീടിന-
പാവന വായുക്ക ളിമ്മഹാന്മാർ.

കാരാഗൃഹത്തി ലിരിക്കുമായോഹന്നാൻ
സാരജ്ഞരാകും തൻ ശിഷ്യന്മാരെ,

സന്ദേശ മേകിയ ക്രിസ്തുവിൻ ചാരത്തു
സന്ദേഹ മെന്യേ പറഞ്ഞയച്ചാർ.

"ക്രിസ്തു വരുമെന്നു കേട്ടിരിക്കുന്നു ഞാൻ
സത്യം കഥിക്കുവോൻ താനോ നീയും?
ക്രിത്രിമ നായൊരു ക്രിസ്തുവൊ? പേടിയും യ
ഥാർത്ഥ പുരുഷനെ കാത്തിടേണൊ?

സംശയ മിങ്ങനെ കേട്ടിട്ട ദേവനും
സംശയ ഹീനം പറഞ്ഞു മെല്ലെ—

"അന്ധന്മാർ കാണുന്നു പൊട്ടന്മാർ കേൾക്കുന്നു
സ്തംഭിച്ച മർത്യൻ നടന്നിടുന്നു,
മൃത്യു ഭവിച്ചവർ വീണ്ടെഴുനേല്ക്കുന്നു,
സ്വസ്ഥരായ് തീരുന്നു രോഗി വൃന്ദം,

പാപത്താ ലേറ്റം പരവശ നാരിതാ
പാവന നാരായി ക്കണ്ടിടുന്നു.

ഏന്നിൽ വിശ്വാസിയാം മാനുഷൻ ഭാഗ്യവാ--
നെന്നും ധരിപ്പിക്ക തത്വം നിങ്ങോം.

നേർവഴി തെറ്റിടുംനേരം മമമൃതൻ
നേരെ വരുമെന്നു ബോധിക്കുവിൻ.

ആരെ ക്കുറിച്ചിദം ലേഖനം ചേയ്തൊവൊ
നേരെ യവനിതാ നിന്നീടുന്നു.

ദൈവിക രാജ്യത്തി ലേറുമൊരേഴയും
സ്ഥാപക ശ്രേഷ്ഠരില ഗ്ഗനല്ലൊ.

ദൈവികചിന്ത ലവലേശ മേശുകിൽ
കേവലന്മാരും വിശിഷ്ട രാകും.

വെല്ലു വിളിയും വിലാപവും തുംഗമാം-
നല്ലൊരു കാഹള നാദങ്ങളും,
പാട്ടും കൂഴലൂത്തു മാചരി ച്ചെന്നിട്ടും,
കേട്ടവർ വേണ്ട തനുഷ്ഠിച്ചില്ല.

സ്വർഗ്ഗതലം ഗമിച്ചീടുവാൻ കണ്ടൊരു
മാർഗ്ഗമിവക്ക് പിഴച്ചു വല്ലൊ.

അൻപൊടു സൽകൃത്യ ഭാരം ചുമത്തിയി
ട്ടെൻപിതാ വെന്നെ യയച്ചുമന്നിൽ.

പുത്രനെ നന്നായറിയു വോനെൻതാതൻ,
മർത്ത്യന്മാർ സൂക്ഷ്മ മറിയുന്നീല.

സത്യ സ്വരൂപിയെ യുള്ളപോ ലോപ്പുതു
മർത്ത്യ കുലത്തിന്റെ കൃത്യ മല്ലൊ.

കായ്ച്ച മറിയാതെ ഭാരം ചുമപ്പോരെ!
പാരം പണിപ്പെട്ട മാഴ്കുവോരെ!

ചാരത്തു വന്നാലും, സാരമാ യെന്നുമെ
തീരാത്തൊ രാശ്വാസം നൽകുവൻ ഞാൻ.

നന്നെ വിനീതനായ് സൗമ്യനായ് നില്പ്പുമൊ
രെന്നി ലിരുന്നീടു മീനുകത്തെ,

കയ്യൊഴിക സോദരന്മാരെ! വിരവൊടു
മുൾക്കൊള്ളു മാശ്വാസ മുൾപ്പൂ വെന്നും.

ഞാനേകു മീനുകമെത്ര മൃദു തരം!
ന്യൂനം ചുമക്കു വോക്കില്ല ഭാരം!

അജ്ഞന മാനന്ദ മഗ്നരാ യീടവെ
സജ്ജന വന്ദിത നാന്ന മൗനം.

അന്നൊരു നാളേശു ശിഷ്യ സംഘത്തൊടു
മൊന്നി ച്ചൊരു വിള ഭ്രമിയൂടെ

യാത്ര ചെയ്തീടവെ പാരം വിശപ്പിനാൽ
നിസ്സൂപം കയ്യിൽ കതിരെടുത്തു

താവും വിശപ്പിനാലക്കതി രോരോന്നു
ദേവന്റെ ശിഷ്യന്മാർ ഭുക്തി ചെയ്താർ.

കണ്ടുനിന്നീ ടിനവിജ്ഞാനി വൃന്ദമൊ
രിണ്ടൽ പൂണ്ടി ങ്ങനെ ചോദ്യം ചെയ്തു.
"താവക ശിഷ്യന്മാരെ ന്തിതു കാട്ടുന്നു?
ശാബത്തു നിന്ദിച്ചു കഷ്ടം! കഷ്ടം!"
അപ്രമേയ ജ്ഞാന വാരിധി ചൊല്ലിനാൻ:—
"ക്ഷുൽപീഡിത ന്മാരായ് തീർന്ന നേരം,
ഈ വിശ്വ വിഖ്യാതനായി പ്രശോഭിച്ച
ദാവീദും ശിഷ്യരും ചെയ്ത തെന്തേ?
ദൈവാല യത്തിലെ ശുദ്ധ നൈവേദ്യത്തെ
ഭവ്യ മായങ്ങവർ ഭക്ഷിച്ചില്ലെ?
എങ്കിലും ആയതപരാധ മല്ലെന്നു
തന്റെ ലിപികളിൽ കണ്ടിട്ടുന്നു.
ദൈവാലയത്തിലതാകാമെ ന്നുണ്ടെങ്കിൽ
ദൈവ മിവിടെയു മുണ്ടു കേൾപ്പിൻ!
ഏതൊരു ദേശത്തു മേതോരണ്ണ വിധ-
മാ ദേവ ദേവൻ നിറഞ്ഞിരിപ്പു.
പാവന ദൈവ നിലയമാ യല്ലാതി
ഭൂവിനെ മറൊന്നായ് കാണുന്നില്ല.
പാരം ബലികഠം സമർപ്പിക്ക യേക്കാളും
പൂരിച്ച ഭക്തി മഹത്തരമാം.
'ശാബ്ബത്തിൻ' ന്യായ പ്രമാണ മെഴുതുവാൻ
ശക്തനീ മാനുഷ പുത്രനേകൻ.
ഏവം പറഞ്ഞുടൻ ദേവാലയത്തിന
ദ്ദേവ നെഴുന്നെള്ളി മന്ദമന്ദം.
കൈകഠം മെലിഞ്ഞു കരിഞ്ഞുള്ള കൊള്ളിപോ
ലാകയാ ലാകുലനായൊരുത്തൻ

പോറ്റുവോൻ തന്നെ ദ്ധരണംഗമിച്ചിതു
കുറ്റം തിരക്കുവോരപ്പോഠം ചൊന്നാർ-

"ശാബ്ബത്തു നാളിന്ന കായ്യാന്തരങ്ങളിൽ
ശ്രദ്ധ പതിപ്പതു യുക്തമല്ല.

ചാരുവായ് സാരസമ്പൂർണ്ണമാം മട്ടില
മ്മേരീകുമാരൻ പറഞ്ഞിതപ്പോഠം: —

"ബാലരെ പ്പോലവെ ചാപല്യം കാട്ടാതെ
ഭീലവമേലായ്വിൻ സോദരരെ.

എന്തിതിനിപ്പോഠം കരണീയ മെന്നുത
ന്നന്തക്കരണത്തിൽ ചിന്ത ചെയ്വിൻ.

ധീമെത്തും നീതിജ്ഞർ നിങ്ങളിലേകൻ ത
ന്നോമന കുഞ്ഞാടൊന്നിട്ടിനത്തിൽ

അന്ധവിലാപതി ച്ചെങ്കിലെടുക്കുവാൻ
ചിന്തിച്ചു നാളേക്കു നീക്കിടാമൊ

നന്മകഠം ചെയ്യുവാൻ നാഠംതിരിയുന്നവൻ
തിന്മയിൽ തന്നെ ചരിച്ചുകാൺമു.

നല്ലവ്രതങ്ങളുപവാസ മെന്നിവ
യെല്ലാം കുണയ്ക്കു താഴെയല്ലൊ

"ഹസ്തങ്ങഠം നീട്ടുകെ" ന്നാതുരർതന്നൊടു
ക്രിസ്തുഭഗവാൻ കനിഞ്ഞരുളി.

വ്യായാമവ്യത്യാ കൊഴുത്തുരുണ്ടുള്ളനൽ
കയ്യവനേകിനാ ന ാശ്രുസിദ്ധൻ

കശ്മലജാല മകമാളിക്കത്തുമൊ
രീർഷ്യാഗ്നി ജ്വാലയിൽ നീറി നിന്നാർ

മാതാ മറിയതൻ മഞ്ജുളസൗഭാഗ്യ
കേതാരജനാംഭവനതാരം

വക്കാണമാത്രം വഴിക്കുട്ടിനില്ലുമ-
ദ്ധിക്കാരി വഴ്ത്തെ വിട്ടുപിന്നെ.

ശാന്തഗംഭീരനായ് സഞ്ചരിച്ചീടിനാൻ
ശ്രാന്തിയൊരല്പവു മേശിടാതെ

ആട്ടാട മില്ലവൻപോകും വഴികളി
ലാരു മറിഞ്ഞീല യെങ്കിലെന്തോ

ഓരോ തെരുവിലും ശബ്ദം മുഴക്കീല
സാരം പറയാ തിരുന്നുമില്ല.

അകൃത്രിമ സ്വഭാവം വിളങ്ങുമീ
ലോകരക്ഷാചരൻ സഞ്ചരിക്കെ,

പാരംബധിരനായ് മൂകനായുള്ളോരാധി
ഘോര പിശാചിനാൽ ബാധിതനായ്

അദ്ദേശികോത്തമ സന്നിധി യാന്നിട്ട
മത്ത പൈശാചിക ഗോഷ്ടികാട്ടി.

അൻപെഴും തന്മിഴി കോണടി യേറ്റംക്കവെ
തൻപിണിതീർന്നു പോയെന്നെ വേണ്ടു!

നേരെകട ലെടുത്തിട്ടാലതു വാഴ-
നാരെന്നു ചൊല്ലുമക്കുത്സിതന്മാർ

മുറവും തന്നന്തക്കരണമാം ദൈവത്തെ
വിറ്റതിന്നീടിന ദുഷ്ടവർഗ്ഗം.

ഘോഷിച്ചു കൊണ്ടാ രതുകണ്ടവേളയിൽ
ഭേഷായിതെന്നൊരു പിത്തലാട്ടം!

ഭ്രതത്തലവനെ കൊണ്ടിവൻ ഭ്രതത്തെ
ഭീതിപ്പെടുത്തി യകറ്റിടുന്നു.

യേശുഭഗവാനരുളി മധുരമായ്-
മോശം താൻ നിങ്ങടെ യുക്തിവാദം

ഹന്ത! പരസ്പര ഛിദ്രം തുടങ്ങിയാൽ
അന്ത മതിനാലെ വന്നുകൂടും.

വിശ്വസിച്ചീടുക വീതവിശങ്ക മാ
വിശ്വേശ ശക്തിയി ക്കാണ്മതെല്ലാം.

കൺ തുറന്നായതു കണ്ടുകൊണ്ടീടുവി
നെന്തിനീ ദുർബുദ്ധി? കഷ്ടം! കഷ്ടം!

എന്നിലണുവോളം വിശ്വാസ മെന്യേ മാം
നിന്ദിച്ചിടുന്നവ രോർത്തു കണ്ടാൽ

ഭിന്നിപ്പായീടും ഭയങ്കര നാടക
ത്തിന്നെഴും നല്ലൊരു സൂത്രധാരൻ!

ഈശ്വര ശക്തിയെ കൊഞ്ഞനം കാട്ടുകി
ലീശൻക്ഷമിപ്പതൊ! പൊൽവിൻ നിങ്ങൾ!

നല്ല ഫലങ്ങളെ കാൺകിലാ വൃക്ഷവും
നല്ലതെന്നല്ലൊ നിനച്ചിടേണ്ടു.

കൊള്ളാത്തതാണു ഫലമെങ്കിലാ മരം
പൊല്ലാത്തതാണതിനില്ല വാദം

കാണുംഫലംകൊണ്ടു വൃക്ഷമറിയേണം
കാണിയും തെററതിലുണ്ടാകില്ല.

സത്തായ ബീജത്തിൽ നിന്നെ പുറപ്പെട്ട
ഹൃദ്യമാം വസ്തുക്ക ളോർത്തുകൊൾവിൻ!

ദുഷ്ടഹൃദയത്തിൽ നിന്നു വരുന്നവ
ശിഷ്ടവചസ്സുക ളാകയില്ല.

ഓരോ ഹൃദയത്തിൻ നന്മപുറപ്പെടാ
നോരോരോ വക്ത്രകവാടമുണ്ടു്.

മാനസത്തിൻ ഗുണം വാക്കിൽ തെളിഞ്ഞിടും
മാനസ നന്മതാൻ നിക്ഷേപമാം

കേട്ടനിന്നോർകളി ലൊട്ടുപേർ ചൊല്ലിനാർ
കാട്ടിത്തരേണം നീ ലക്ഷ്യ മേകം.

വിജ്ഞാന ക്കാതലരുൾചെയ്യുതൽക്ഷണം
അജ്ഞതാമൂർദ്ധന്യ മെത്തിയിപ്പോൾ.

ലക്ഷ്യങ്ങൾ കാണ്മതി നിശ്ചിച്ചിടുന്നവർ
കെട്ടൊരുബുദ്ധി വഹിപ്പോരതേ

നല്ലൊരടയാളം കണ്ടിടാൻ പോകുന്ന
തെല്ലൊന്നടങ്ങി വസിപ്പിൻ നിങ്ങൾ!

"യോനാ" പ്രവാചകൻ പണ്ടുതിമിംഗലം
തന്നിലിരുന്നിതു മൂന്നുദിനം.

ഭൂതല ഗർഭത്തിൽ മാനുഷപുത്രനും
മൂന്നു ദിന മിരുന്നീടു മല്ലൊ.

യോനാ ശലോമന്മാരേയുംകവിയും പ്രാ
മാണികനാമൊരാളുണ്ടിവിടെ.

ഇങ്ങിനെ യോരോരോ തത്വങ്ങളോതവെ
അങ്ങൊരു പൂരുഷൻ ചൊല്ലിയേവം:—

"അമ്മയും സോദരന്മാരുമൊരുമിച്ചു
ചെമ്മെപുറത്തിതാനിന്നിടുന്നു."

ദേവനരചെയ്തു– സോദരനാരുതാ
നേവളെൻ മാതാവായ് വന്നു ചൊല്ലു?

ശിഷ്യപ്രവരരോടായി പറഞ്ഞിതു
വിശ്വപിതാവാകും യേശുനാഥൻ.

സ്വർഗ്ഗസ്ഥനാകുമെൻതാതന്റെഭക്തന്മാ-
രൊക്കെയുംമമാകബാന്ധവന്മാർ,

മാതാവുമാമക മിമ്മഹീമണ്ഡലം,
ശ്രീതാവും മാനവർ സോദരന്മാർ,

താതൻ ജഗതീശൻ, തൽ ഭക്തരൊക്കെയും
പ്രീതരാ മെൻമിത്ര ജാലമത്രേ.

മായതൻ ശക്തിയെ മായിച്ച ദേവനു
തായും പിതാക്കളും വേറെയുണ്ടൊ?

ആ ദിവ്യസൂനുവാം ദേവനനന്തരം
ആ വാർധി തന്നുടെ തീരം തന്നിൽ

കല്ലോല സംഗമ ശൈത്യം ലയിച്ചുള്ളൊ-
രുല്ലാസ മാരുത മേറുകൊണ്ടും

ഭ്രൂതല ഭ്രൂതി വരുത്തിയും സൗഭാഗ്യ
ദാതാവായ് സൗരഭ്യ പൂരിതനായ്,

നിന്നൊരു നേരത്തു തന്നെപ്പിരിയുവാൻ
ഖിന്നത ചേർന്ന മനുഷ്യവൃന്ദം

കണ്ടുനിന്നീടവെ ദേവേശ നേശുവാം
വിണ്ടലനാഥൻ പടകിലേറി.

തന്നെയും പാർത്തു കരയിൽ വസിച്ചിട്ടും
ധന്യർ തൻ നന്മയ്ക്കുവേണ്ടിയപ്പോഠം

അന്യാപദേശങ്ങളാ ന്യാദൃശരസം
ചിന്തംവിധത്തിലുരച്ചു നാഥൻ:—

"ഉത്തമസൽഫല ലബ്ധ്യാർത്ഥ മായഹാ
വിത്തുവിതയ്ക്കുന്ന കർഷകൻതാൻ

ഏതാനും വിത്തു വഴിയിൽ പതിക്കുന്നി-
തേതാനു മല്പം നിമിഷം ചെന്നാൽ

പക്ഷീ കുലങ്ങൾക്കു ഭക്ഷണ മാകുന്നി-
തക്ഷണംതന്നെയെന്നോർത്തുകൊൾവിൻ.

ആവിധം തന്നെ മഹദ്വചനങ്ങളെ
യേതുമെ മന്ദൻ ഗ്രഹിക്കുന്നില്ല.

ദുഷ്ട സംസർഗ്ഗത്താൽ, നഷ്ടമായ്തീരുന്നി–
തൊട്ടൊട്ടവനുള്ള സൽഗുണങ്ങാം.

വിത്തുക ളൊട്ടൊക്കെ പാറസ്ഥലത്തില്വ–
മെത്തിച്ചേന്നെന്നും നിനച്ചിടുക.

മണ്ണിനശേഷവു മാഴമില്ലെങ്കിലും,
തിണ്ണെന്നവയും മുളയ്ക്കുമോക്കിൽ.

നേരെ ബലമുള്ള വേരുകളുന്നായ്ക–
കാരണ മായവ നഷ്ടമാകും.

അപ്പോലെ വിജ്ഞാനഹീനരുപദേശം
കേൾപ്പതിലെന്തു ഫലംലഭിക്കും?

വിത്തിലൊരുപിടി യത്തവ്വിൽ മുള്ളിലാ–
യെത്തി ച്ചേന്നെന്നും നിനച്ചിടുവിൻ.

മുള്ളു കിളിച്ചു വളന്നിട്ട തൈകളെ
ത്തള്ളി ഞെരുക്കി ത്തകർത്തീടുന്നു.

ഇങ്ങനെ മാനവ രൊട്ടപേർ വാക്യത്തെ
യങ്ങു തന്നുള്ളത്തി ലേറെക്കിലും

ലൗകിക ചിന്തനം മൂർദ്ധന്യ മെത്തീട്ട
ലോക സുഖാത്തരായ്തീന്നവർക്കും,

നെഞ്ചകം വഞ്ചന മൂലം നിറഞ്ഞോർക്കും
തഞ്ചമായ് തിന്നിടാ, തത്വജാലം.

മുള്ളുക ളെന്നു പറഞ്ഞതിദ്രോഷമാ
ണുള്ളത്തിൽ നന്നായ് ധരിച്ചുകൊൾവിൻ.

വിത്തി ലൊരു ഭാഗ മുത്തമ ഭൂമിയി -
ലെത്തി യെന്നാകിൽ ഫലിച്ചുയർന്നാം.

വിത്തിലനേക മിരട്ടി ഫലങ്ങളെ
വൃത്തിയായന്നിലം നൽകിടുന്നു.

തത്വങ്ങൾ കോർക്കുന്ന ശിഷ്യനുമിങ്ങനെ
വിത്തു ഭൂമിയെപ്പോലെതന്നെ.

ഇന്നുപമയിൽ ചൊല്ലുന്നതെന്തെന്നു?
മെല്ലവെ ശിഷ്യന്മാർ ചോദിച്ചപ്പോൾ

ധർമ്മോപദേഷ്ടാവും നിർമ്മായം ചൊല്ലിനാൻ —
"മർമ്മങ്ങൾ നിങ്ങൾക്കു നൽകിമുന്നം

അല്പമതികളിവർക്കെ വന്നിട്ടീ
സല്പ വിജ്ഞാനം നശിച്ചിടായ്വാൻ,

എല്ലാ മുപമയിൽ ചൊല്ലിടുന്നേനഹം
വല്ലായ്മ തേടേണ്ട തെല്ലു പോലും.

ഉള്ളവനന്തരയംക്രടെക്കൊടുക്കുന്ന
നല്ലസമൃദ്ധിയുമുണ്ടാകുന്നു.

ഇല്ലാത്തവനിൽ നിന്നുള്ളതുക്രൂടിയു
മില്ലാതെയാകുന്നു ലോകംതന്നിൽ.

മിന്നി ത്തെളിഞ്ഞിടും ജ്ഞാന രത്നങ്ങളെ
ചിന്നി ച്ചിതറി ക്കളിക്കും നാഥൻ

പിന്നെയും പിന്നെയും തത്വോപദേശത്തെ
നന്നായരുളി ത്തുടങ്ങി ഭംഗ്യാ. —

"പാരതന്ത്ര്യം പരം പൂകും മനുജന്മാർ
പാരിനു പാതകരായകന്മാർ.

കണ്ണും ചെവിയും ലഭിച്ചതു കൊണ്ടെന്നു
മെണ്ണമറിവുകൾ സമ്പാദിച്ചാൽ,

ആ മനുജന്മാരെ ഭാഗ്യവാന്മാരെന്നു
നാമിപ്പോൾ ചൊല്ലുന്നു സത്യമായി.

നല്ലൊരു വിത്തു വിതച്ച നരനൊട്ടു
തുല്യമാം സത്ഫലമോർത്തു കൊൾവിൻ!

കൊയ്യും സമയത്തു നല്ലതെടുത്തിട്ടു
തീയ്യതു കർഷകൻ തള്ളിടുന്നു.

സ്വർഗ്ഗ സാമ്രാജ്യമൊ ദുഷ്ടരെ ത്തള്ളീട്ടു
സൽഗതി ചേർന്നോരെ സ്വീകരിക്കും.

സ്വർഗ്ഗ മായിടുന്ന സഭ്യ മേന്തിട്ടു
സ്വർഗ്ഗ സ്ഥ നായൊരു കർഷകനാം

നന്നായ് വിതച്ചു മലപോൽ വളർത്തീട്ടു;
വന്നീടും ജീവികർ കെല്പോടക്കും

നല്പോ രഭയം കൊടുക്കുന്ന മേല്പ്പേൽ
കില്പി ല്ലവധൂത നിങ്ങനെയാം.

ദൈവിക രാജ്യത്തെ ദർശിക്കും മാനുഷൻ
കൈതവമല്പേക്ഷിക്കുമെല്പും.

നല്പൊരു നിക്ഷേപം കൈക്കലാക്കീടുവാ
നെല്പാം വിലയ്ക്കു വില്പുമല്പൊ.

സാഗരം തന്നിലെ വീശും വല പോലെ
സാമ്യമാ സ്വർഗ്ഗത്തി നുണ്ടു പാർത്താൽ.

നല്ലതെടുത്തിട്ടു ചപ്പും ചവറുമെ
തള്ളിക്കളയുന്നു, രണ്ടുമൊപ്പം.

പിന്നെ പിതൃനഗരത്തിലും വന്നിട്ടു
നന്നായുപദേശം ചെയ്തുനാഥൻ.

തദ്ദേശവാസികർ കേട്ടടൻവിസ്മയി
ച്ചിട്ടിവ്യഗീരുകർ—എന്നാൽപിന്നെ!

നിത്യപരിചയം കൊണ്ടവരേതുമെ
സത്യപുമാനെ ധരിച്ചതില്ല!

ശിഷ്ടപ്രവാചകൻ യോഹന്നാൻ തന്നെയും
ദുഷ്ടൻ 'ഹെരോദാ' വധിപ്പിച്ചെന്നും

ഉത്തമാംഗത്തെ യെടുത്തുടൻ കഷ്ടമ-
ബ്ഭക്തരാം ശിഷ്യരെ കാട്ടിയെന്നും,

വൃത്താന്തമെല്ലാ മറിഞ്ഞൊരുദേവനു-
മുത്തമോപമോടും നിനച്ചു പിന്നെ;

അജ്ഞന മാരുമറിയാതെ നാഥനും
നിർജ്ഞന മായൊരു ദേശമെത്തി,

താനെ പുറപ്പെട്ട ദേവൻമറഞ്ഞെന്ന
മാനസ ഖേദാലറിഞ്ഞു ലോകർ.

യേശുവാ മീശനെ പിൻതുടർന്നീടിനാ
രേശുന്ന ഭക്തി വിശ്വാസ പൂവ്വം.

കാരുണ്യ മാകു മമൃതം പൊഴിച്ചുടൻ
പൂരിതാനന്ദം വളർത്തി ദേവൻ,

ആതുര ന്മാരെ യനാതുരരാക്കിയു—
മാനന്ദം നൽകിനാൻ മേല്ക്കുമേലെ.

അന്നത്തെ സ്സായാഹ്നം, ശിഷ്യരദ്ദേവന്റെ
സന്നിധി യെത്തിക്കഥിച്ചു മെല്ലെ:—

"കാരുണ്യക്കാതലെ! കാത്തുരക്ഷിക്കണം
പാരിനുനാഥാ!നീ കേൾക്കുകവേണം!

ദേശ മിതോക്കിൽ മരുഭ്രമിയാകുന്നു,
ദേശികനാ മങ്ങു ബോധിച്ചാലും!"

ആദിത്യ ദേവനും പശ്ചിമ സാഗരെ
മോദിച്ചു നീരാട്ടിനാരംഭിച്ചു.

ഭക്തിപരവശ രാകുമീയാളകം
ഭക്തി യിന്നേതും നടത്തിയില്ല.

പാരം പശി ദാഹ മേറെ വലയുന്ന
തീരെ പരവശരായി സത്യം!

നേരത്തെ, ഗ്രാമങ്ങൾ തേടുവാൻ പോകട്ടെ
നേരെ പറഞ്ഞയച്ചീടവേണം.

ശിഷ്യന്മാർചൊല്ലുന്നവാക്കുകൾകേട്ടിട്ട
ശിഷ്യവാത്സല്യംകലർന്നുചൊല്ലി:—

"ഇക്കാണും സാധുക്ക ളെല്ലാരു മെന്നിലെ-
ഭക്തി പ്രചുരിമകൊണ്ടു വന്നു.

നേര മകാലമാ യെങ്ങോട്ടു പോകുന്നു?
പാര മിപ്പാവങ്ങ ളോർത്തുകണ്ടാൽ!

ഭക്തരായീടു മിവർക്കു ഭുജിക്കുവാൻ
ഭക്ത വസ്തുക്കൾ കൊടുക്കവേഗം"!

ക്രിസ്തുദേവാ നരുളം മൊഴികേട്ട
വസ്തുത ചൊല്ലി യവരു മപ്പോൾ:—

അയ്യായിരത്തി ലധികമാണാളുക
ളയ്യയ്യോ! താപ മാളുന്നു ഞങ്ങൾ!

"അപ്പമോർത്തീടുകി "ലഞ്ചു താൻ" ഞങ്ങൾക്കു
നിക്ഷേപ മെന്നപോ ലുള്ളതിപ്പോൾ.

ഓർത്തീടി ലേകനു മാത്രം പോരുന്നവ
പാർത്തീടി ലഞ്ചാൾക്കു വീതിച്ചീടാം.

അയ്യായിരത്തി നിന്നഞ്ചപ്പം വീതിക്കി-
ലയ്യോ! പരിതാപ മെന്തു ചെയ്‌വൂ?"

"ഇമ്മൊഴി കേട്ടോരു നാഥനും കല്പിച്ചാ
നിങ്ങു തരുവി നഭ്ഭക്ഷ്യ മിപ്പോൾ.

പച്ച വില്ലീസു വിരിച്ച പോലിക്കാണും
മെച്ചമാം പുൽത്തകിടിക്കു മീതെ,

എല്ലാജ്ജനങ്ങളു മല്ലാസ ചിത്തരായ്,
മെല്ലവെ പന്തിയാ യങ്ങിരിപ്പിൻ!"

കില്ലകന്നിങ്ങനെ കല്പിച്ചു നാഥനും
നല്ലൊ 'രട' കളും കയ്യിലേന്തി,

കണ്ണുതുറന്നവൻ വിണ്ണിനെ ഭശിച്ചു!
വണ്ണിച്ചു ദൈവത്തെ വാഴ്ത്തി പ്പിന്നെ,

അപ്പം നുറുക്കിയാ ശിഷ്യരെ യേല്പിച്ചി-
തപ്പാടെ നന്നായ് വിളമ്പിക്കൊൾവാൻ.

വാരിവിളമ്പീട്ടും പൂരിച്ചു പിന്നെയും;
വാരിഭ്ഭജിച്ചിട്ടും തീന്തില്ല!

വൻപിച്ചൊരാ ജനക്കൂട്ടം ഭജിച്ചുടൻ
തൃപ്തരാ യാനന്ദമാണ്ടു നിന്നാർ.

അപ്പക്ഷണങ്ങ ളപ്പാടിരിക്കുന്നു!
പിൽപ്പാടുമിങ്ങനെ സദ്യനൽകാൻ?

ഉത്തമ ഭക്തിയാ ലാക്കു മിതേവിധം-
സാദ്ധ്യമാണെന്നല്ലൊ കാട്ടിദിവ്യൻ.

കുന്നിനെയാഴിയായ് സാഗരംകുന്നായി
മന്നിനെദ്യോവായി, നാകംമന്നായ്

തീക്കുവാൻ ശക്തനാം ഈശതനയനും.
നോക്കിക്കഥിച്ചു തൻ ശിഷ്യരോടായ്:—

"വെക്കം പടകിൽ കരയേറി വാരിധി-
ക്കക്കരെപറവിൻ മുമ്പേനിങ്ങൾ!

നല്ലവരാകുമീ യാളുകളെ യെല്ലാം
മെല്ലെയയച്ചിട്ടു ഞാനുമെത്താം"

ഏവമരുളിച്ചെയ്തിതശിഷ്യരെ
താവും പുരുഷാരത്തെയും വിട്ട.

ഉന്നതമായ ഗിരി മുകളേറീട്ടു
പിന്നവനീശപ്രധ്യാനംചെയ്തു.

യാത്ര തിരിച്ചൊര ദ്വിഷ്യഗണങ്ങളും
ആത്തരായ് സാഗരമദ്ധ്യംതന്നിൽ,

കാറും പിശറു മടിച്ചു പടകിനെ—
മാറിക്കറക്കി യസ്സാഗരത്തിൽ.

പാരം പരിഭ്രമത്തോടും വലഞ്ഞവർ—
പാലിപ്പാ നേശുവെ ധ്യാനംചെയ്തു.

സംസാര സാഗരം തന്നിലിതേവിധം
സാംസാരികന്മാർ വലഞ്ഞിടുന്നു.

ഈ ദുശമാകു മുപദേശംനൽകുവാ
നാ ദുശ്യദേവത ശിഷ്യരെത്താൻ?

മുൻപേയയച്ചു പഠിപ്പിച്ചതായ്വരാം
അമ്പോ! ഗ്രഹിക്കരുതാക്കു മേതും.

രാത്രിയി ലന്ത്യയാമത്തി ലക്രിസ്തുവും
യാത്രക്കാർ മുന്നിൽ കടന്നുചെന്നു.

പാരിൽ കടലും കരയും സമമാക്കി
തീക്കുന്നൊ രദ്ദിവ്യൻ കാൽനടയായ്!

മൂറത്തു ലാത്തുന്ന മാതിരി വാരിധി-
മദ്ധ്യേ നടപ്പതു കണ്ടനേരം

മാനസ സംഭ്രമ മാന്നൊരദ്ദിഷ്യന്മാർ!
മായ മിതെന്നു പരിഭ്രമിച്ചാർ!

തേഞ്ചൊരും തൂമൊഴി തൂകിയ ക്രിസ്തുതാൻ
പുഞ്ചിരിപ്പൂനിലാവുംപരത്തി,

'ഞാൻതന്നെ' നിങ്ങൾം ഭയപ്പെടേണ്ടാട്ടമെ
താനെന്നായ് വാഹന മില്ലായ്കയാൽ

ഇങ്ങനെവന്നുഞാൻ നിങ്ങൾംക്കഭയത്തെ
ഭംഗിയിലേകാ നെൻശിഷ്യന്മാരെ!"

ശിഷ്യരിലേക നരച്ചിതു 'കത്താവെ!'
ശിഷ്യനാം ഞാനങ്ങു വന്നീടട്ടെ?

വെള്ളത്തിലിപ്പോഠം നടന്നുവരുവാനാ-
യുള്ളത്തി ലാശിപ്പൂ; കല്പിച്ചാലും!

"'വിശ്വാസ'മുണ്ടെങ്കിൽ വന്നാലു" മെന്നുട-
നാശ്വാസ ദാതാവും ചൊല്ലിയപ്പോഠം.

വിത്രസ്ത ചിത്തനായ്, പത്രോസ്സാവാരിധൗ
തതിച്ചു സഞ്ചാരം ചെയ്യുന്നേരം;

ഘോരനായ് മാരുതൻ വീശിത്തുടങ്ങിനാൻ
വാരിധിവാരി ചലിക്കും മട്ടിൽ.

പേടിച്ചൊരപ്പാവം മുങ്ങിത്തുടങ്ങിനാൻ
പോരുവാൻ ശക്തിയു മില്ലാതെയായ്.

"കത്താവെ! രക്ഷിക്ക! രക്ഷിക്ക!"യെന്നവ-
നാത്തനിനാദംമുഴക്കി മുങ്ങി!

യേശുവൊ കൈ നീട്ടി യാശ്വാസം നൽകിനാൻ
"വിശ്വാസം പോരെ"ന്നുമോതിനിന്നാൻ.

പിന്നെ പ്പടകിൽ കരേറി പുറപ്പെട്ട
ചിന്നന്നകാറെല്ലാം ശാന്തമായി.

അപ്പൊഴാ ശിഷ്യന്മാർ നല്വാന്ന വാക്യത്താൽ
കെല്പേറും നാഥനെ വാഴ്ത്തി ഭക്ത്യാ.

"ദൈവ സുതനായോ രങ്ങെ യറിയാതെ
പൈതങ്ങളം ഞങ്ങളം വസിച്ചിടുന്നു.

ഞങ്ങളെ കാത്തു കൃപചെയ്തീടുവാ-
നിങ്ങിപ്പോഠം വന്നതുഭാഗ്യമല്ലൊ."

ഇങ്ങനെ യോരോരോ നന്മികളോതവെ
ഭംഗിയി ലക്കരെ ചെന്നുചേർന്നു.

പാരംപുകഴ്ന്നിടും "നസറേ"ത്തെന്നാളേ
പാരിൽതിലക,മദ്ദേശനാമം.

ഈശനിവനെ ന്നറിഞ്ഞു മഹാജന-
മാശപാസമാന്ത ഭക്ത്യാഢ്യരായി.

അന്നാട്ടിലു, മല്ലയൽട്ടിശി തന്നിലും
ഖിന്നരായ് വാണുള്ള രോഗാത്തരെ;

അട്ടിവ്യ സന്നിധൗ കൊണ്ടുവന്നീടിനാ-
രട്ടീന മെല്ലാം സുഖപ്പെടുത്തി.

യേശുവാം ദേവന്റെ വസ്ത്രാഞ്ചലംതൊട്ട
പാപിക ളെല്ലാം പരിശുദ്ധരായ്

ഭ്രരി ദരിദ്രത കൈവന്ന വിഭ്രമ-
വാരിധി യാളുവോക്കാലംബകൻ

രോഗാത്ത രായോക്ക ദിവ്യമാം ഭേഷജ-
മാഗമനോപഷക്ക ഭവദ ശാഖി.

ഇങ്ങിനെ ഭംഗിയിലെങ്ങും വിളങ്ങുന്ന
മംഗല ദേവത യേശു നാഥൻ.

ക്രിസ്തു ഗാഥ.

(രണ്ടാം ഭാഗം)

സൗഭാഗ്യ ജീവിത ദാതാവാ മേശുവിൻ
ശോഭായ മാനമാം സന്നിധിയിൽ,

വന്നു ചേന്നീടിനാർ ശാസ്ത്രജ്ഞന്മാരും-
സമുന്നതന്മാരാം പരിശന്മാരും.

ആക്ഷേപ ഭാവം നടിച്ചു കൊണ്ടായവർ
സക്ഷാൽ ഭഗവാനോ ടോതി യേവം:—

"ശിക്ഷയായ് കൈകഴകീടാതെ നിന്നുടെ
ശിഷ്യന്മാർ ഭക്തി കഴിപ്പതെന്തെ?

നാല്ലാലി ജന്തുക്കൾ പോലവെ മൂഢരി-
തോക്കാതെ ചെയ്യുവതെന്തു കഷ്ടം!"

ശാസ്ത്രിമാർ പിന്നെ പ്പരിശരും ചൊന്നൊരു
വാത്തകൾ കേട്ടട നാത്തമോദം

മാനസാനന്ദം വളർന്നും മറുപടി
ജ്ഞാനനിലയന നേവ മോതി:—

"ഈശ്വര നീതി യനുസരിക്കാതോരോ
നശ്യമാം പാഷാണ്ഡ വൃത്തികൾതാൻ

നിത്യവു മാചരിച്ചീടുന്ന നിങ്ങളൊ?
ഭക്തി വിശ്രുതരെ ഭത്സിക്കുന്നു.

"ചിത്ത വിശുദ്ധി കലരാതെ ബാഹ്യമാം,
വൃത്തിയാൽ ഭക്തി നടിച്ചിടുവാൻ

മർത്യക്ക് മാഗ്ഗം തെളിച്ചു ജഗദീശ
ശക്തിയെ വഞ്ചിക്കും" നിങ്ങളെന്നായ്

യേശയ്യാവിൻ 'ദീർഘദർശനം' കൈതവ
ലേശ മില്ലാതിന്ന തിൻവല്ലൊ.

സത്യസ്വരൂപനാം നാഥന്റെയാജ്ഞകം
നിത്യവും പാലിപ്പതുണ്ടൊ? നിങ്ങളം.

കഷ്ട മിരുട്ടുകൊ ണ്ടോട്ട യടയുന്ന
നഷ്ടമതികളാം നിങ്ങളെല്ലാം.

ഉള്ളിലായ് തള്ളുമി ഭ്ക്ഷ്യപാനീയങ്ങ
ളെള്ളിട ശുദ്ധികേടുള്ളതല്ല.

ഉള്ളിൽ നിന്നങ്ങു ബഹിർഗമിക്കുന്നവ
യെല്ലാംമലിനമായ്ക്കണ്ടിടുന്നു.

വായിൽകടക്കുന്നവസ്തുക്കളൊക്കെയും
മായും, മലമൂത്രമായി മന്നിൽ.

മോഷണം, ഹിംസ, വ്യഭിചാരവും പര-
ദൂഷണം ദുശ്ചിന്ത മോഹമേവം,

മാനവ ഹൃത്തിൽ നിന്നുത്ഭവിച്ചീടുന്ന
മാനമറുള്ളൊരു മാലിന്യങ്ങളം.

ഔദ്ധത്യ മത്യന്ത ക്രൂരത യെന്നിവ
പ്രത്യഹം ഭീതി പ്രദങ്ങളല്ലൊ.

ഗീരിതു കേട്ടവ രേറിനകുണ്ഠിത-
ഭാരമോടന്ന തിരിച്ചു പോയാർ.

ഉത്തമനാം ഗുരു പാദരോടീവാത്ത
യത്തവ്വിൽ ശിഷ്യന്മാർ ചൊല്ലിയപ്പോൾ

അദ്ധ്യന്യ വക്ത്രത്തിൽ നിന്നതിന്നിത്തരം
തത്പാത്ഥ ഗർഭമാം സൂക്തി ജാലം:—

ദൈവപ്രഭമാ മടിസ്ഥാന മില്ലാത്ത
വൈഭവ മൊക്കെയും നശ്വരമാം.

ഇന്നിഹ വന്നൊരു കൈതവഭക്തനാ
ണിന്നവരെന്നു ധരിച്ചൊ? നിങ്ങളം!

അന്ധകാരാവൃത മന്തര ബന്ധത്തി
ലന്ധരായ്,ദീപസഹായമെന്യെ,

നേർവരും ലോകർക്കു സൗഭാഗ്യ മാർഗ്ഗങ്ങം
നേരിൽകഥിപ്പോരെന്നുള്ളഭാവം,

പാരാതെ കാട്ടി പ്പുകഴിതന്നിലാ
യോരാതെചാടിക്കും ദുഷ്ടരത്രേ!

ഇന്നിവ ക്കുറെറാരു നേർവഴി കാട്ടുവാൻ
കണ്ണു തെളിഞ്ഞവൻ വേണമല്ലൊ.

ദുഷ്ടാന്ത മിങ്ങനെ ചൊല്ലികൃപാനിധി
പെട്ടന്നവിടുന്നു യാത്രയായി.

സാദം വെടിഞ്ഞവൻ സീയോൻ പ്രദേശത്തു
മോദമാ ന്നങ്ങിനെ സഞ്ചരിക്കെ.

ആത്തയായെത്തി"യെവന"മഹിളയാം
താത്തേൻ മൊഴിയവം ചൊല്ലിമെല്ലെ.

"കത്താവെ! കാരുണ്യ മെന്നിൽചൊഴിക്കണെ!
ചീത്തൊരുതാപമകറിടേണം.

ഭ്രതാവേശത്താൽ പരിതാപമേറുന്ന
ഭ്രതദയാലൊ! മൽ പുത്രിക്കിപ്പോഗം.

കാരുണ്യപൂവ്വം കടാക്ഷിച്ചെൻ പുത്രിയെ
നേരെ പരിപാലിക്കേണം നാഥാ!

എന്നങ്ങു ചൊല്ലി പുറകെനടന്നവം
ഖിന്നയായ് പ്രാത്ഥിച്ചു വീണ്ടും വീണ്ടും

പുഞ്ചിരി കൊണ്ടവർ ക്കുള്ളം കളർപ്പിച്ചു
സഞ്ചിതകൗതുക മോതി ദേവൻ.

"സാധുജനങ്ങൾക്കു ള്ളാധി കളയുവാൻ
സാധനയുക്തൻ ഞാൻ; സാധുശീലെ!

ആതപ തപ്ത നമാക്കാകവെ ബന്ധുര-
ശീതാംശു വാകുന്നോ രേശുനാഥൻ-

ചൊല്ലും മൊഴികേട്ട മല്ലാക്ഷിമാർവംശ-
ക്കല്ലാമവളും കഥിച്ചുമെല്ലെ.

"ഭാഗ്യ നിധികൾ യജമാനർ ഭക്ഷിച്ചാൽ
ഭോജ്യാവശേഷ മ ശ്നാക്കൾക്കില്ലെ?

അട്ടിവ്യ ഭക്ഷ്യത്തിൽ വല്ലശകലവു-
മല്ലരാം ഞങ്ങൾക്കു നൽകവേണം.

ഭക്തിയും, യുക്തിയും പാരം നിറഞ്ഞുള്ളോ-
രുക്തികളി ങ്ങനെ കേട്ട ദേവൻ.

ആർദ്രനായ് മാനസ താരഴിഞ്ഞ പൊട്ടു-
"ഭദ്ര" മെന്നോതി നടന്നിതപ്പോൾ.

വിശ്വാസ മേറു മവളുടെ പുത്രിക്കു
വിസ്മയം! സൗഖ്യം ലഭിച്ചിതപ്പോൾ.

പാലനാ ലോലൻ താൻ ലീലാ വിലാസിയാം
ബാലനെപ്പോലെ നടന്ന മന്ദം.

ശ്രീലസിച്ചീടും 'ഗലീലാ' ക്കടൽക്കരെ
ചാലവെ ചെന്ന തൻ ശിഷ്യരോടും,

നല്ല മലയൊന്നി ലുല്ലാസ മാൻവൻ.
മെല്ലവെ യേറിയിരുന്നരുളി.

രോഗ ഭീ നാരകം തന്നിൽ കഴങ്ങിടും.
രോഗികളൊട്ടവിടെത്തിവേഗാൽ.

ഉത്തമകർമ്മം, ക്രൂരർ, മുടന്തരും മറവുള്ള
ഭീമമാ മാമയ ദുഃഖിതന്മാർ

നാഥനാമേശുവിൻ ദർശന സ്പർശനാൽ
വ്യാധി വിഹീനരായ് ചിത്രം! ചിത്രം!

രോഗാർത്തരായ് പരംഭീതരായ് സന്താപ
സാഗരം തന്നിൽ കഴിഞ്ഞവരാം

ദുഃഖിതർക്കാശ്വാസം നൽകിയോരദ്ദിവ്യ
വിഗ്രഹം തൻകരുണാകരത്വം

കണ്ടവർകണ്ടവർ ഭക്തിസംവർദ്ധരായ്
വിണ്ടലാ ധീശനെ വാഴ്ത്തി നന്നായ്.

പൂർണ്ണശശാങ്ക പ്രതിഭനാ മദ്ദിവ്യ
പുരുഷൻ ശിഷ്യരോടോതിയേവം:—

"മൂന്നഹോരാത്ര മിക്കാണ്മാം പുരുഷാര
മെന്നൊട്ട ക്രൂടി വസിച്ചീടുന്നു,

അത്യന്ത ക്ഷുൽപീഡിതന്മാരിവക്കില്ലാ-
മുൾത്താർ കളക്കെയശനമേകാൻ.

എന്തോന്നു നല്കുണ്ടു? ചിന്തിപ്പി നേരമൊ
രന്തർ വ്യഥയുണ്ടെനിക്കിതിങ്കൽ.

"ഏഴപ്പവു മല്പം മത്സ്യവു മുണ്ടെ"ന്നു
താഴം സ്വരത്തിൽ പറഞ്ഞവരും.

പാരം കനിഞ്ഞൊരപ്പാതകനാശനൻ
ചാരത്തുനില്പോരെ യൊന്നു നോക്കി.

നേരെ പുരുഷാരം പന്തിയായ് താഴത്തു
സ്വൈരമിരിക്കുവാ നാജ്ഞാപിച്ചു.

അപ്പമതേഴും നുറുക്കി, യനന്തരം
ചില്പുമാൻ തന്നെ നിനച്ചുഭക്ത്യാ

വേണ്ടപോലേകവാൻ ശിഷ്യരെ യേറ്റംപ്പിച്ചു
പണ്ടവൻ ചെയ്തൊരുമട്ടിൽതന്നെ.

നാലായിരത്തി ലധികം മുള്ളാളുകൾം
ചാലവെ ഭക്ഷിച്ചു തൃപ്തരായാർ.

പാത്രങ്ങളേഴിൽ നിറച്ചിതു ശേഷിച്ച
ഭക്ഷ്യങ്ങളീശ്വര ലീല കാൺക!

കാരുണ്യദായകൻ പിന്നെയും സഞ്ചാര-
മാരംഭിച്ചസ്ഥലം തന്നിൽനിന്നും.

കല്പ്യരാംശിഷ്യരും തൻപ്രതിഛായപോൽ
കല്പ്യാണരാശിയെ പ്പിൻതുടന്നാർ.

സഞ്ചാരമദ്ധ്യേ, സഹചര സംഘത്തോ
ടഞ്ചാതെ ചോദിച്ചാ നേശുദേവൻ.

"ആളുകളെല്ലാരും തന്നവതാരത്തെ
യോരുന്നതെങ്ങിനെ ചൊല്ലിയാലും.

പാരം വിനീതരാം ശിഷ്യർ പറഞ്ഞുടൻ
പാരിൻഗുരുഭ്രതരോടിവണ്ണം—

സ്നാപക നാകുന്ന യോഹന്നാനെന്നും നി-
ഷ്പാപനാ'മേലിയാ'വെന്നും പിന്നെ

ശിഷ്ടനായിട്ടും പ്രവാചകനെന്നു മീ-
മട്ടിൽ പലരും പറഞ്ഞുകേൾപ്പൂ.

മോദിച്ചു മന്ദംചിരിച്ചു കൊണ്ടിങ്ങനെ
ചോദിച്ചു:—നിങ്ങളിന്നെന്തുചൊൽവൂ?

പത്രോസു നിശ്ചലമുത്തരമോതിനാൻ
'ക്രിസ്തു'വെന്നങ്ങ യറിഞ്ഞിടുന്നേൻ.

മൗനിയായ് നിന്ന നിമിഷം ജഗദീശ
സൂനു വനന്തര മുച്ചരിച്ചാൻ.

വിശ്വാസ മതുഭവാനതുനില്പൂട്ടെ
വിശ്വപ്രസിദ്ധമാക്കിടായ്കിപ്പോഥം.

ശാസിതാവായോനരുളി:— "പുരോഹിതർ
ശാസ്ത്രിമാർ, വൃദ്ധന്മാ രെന്നിവരാൽ

നിസ്സാര മെന്ന നിഷേധിക്കപ്പെട്ടിട്ടാ–
യുസ്സാടുങ്ങീടുമെ മൂന്നാം നാളിൽ

ഭദ്ര മുയത്തെഴുന്നേറ്റിടു" മീവാക്യം
പത്രോസ്സുകേട്ടത നുള്ളുരുകി.

അത്തിരുമേനിയെ ദൂരെ വിളിച്ചുവ
നത്ഥിച്ചിതേതോ രഹസ്യമായി.

സാഹസ മീവണ്ണം ചെയ്യരുതെഭവാൻ
സാധുക്കഥം ഞങ്ങളെ കൈവിടൊല്ലെ!

ആധി വിമിശ്രമാം പത്രോസ്സിൻവാക്കു കേ
ട്ടാ ദിവ്യ നിങ്ങനെ തിത്തുചൊന്നാൻ.

"ലൗകീയമായുള്ളതത്രെ കൊതിപ്പു നീ;
പോകട്ടെ, ദൈവീകചിന്ത യേറേറാൻ

സ്വത്ഥപ്രസക്തിവെടിഞ്ഞതി ധീരനായ്
മൃത്യുവിൻ വിക്രമം ക്രൂസിടാതെ,

എന്നെ യനുഗമിക്കുന്നവനുണ്ടെങ്കിൽ
വന്നാലു മെന്നോടു ക്രൂടി വേഗം.

പ്രാണൻ പരസുഖത്തിനായ് തൃജിക്കുവോ-
നാണെഹാ പ്രാണനെക്കാത്തു കൊഥംവോൻ.

എന്നീലു മെന്നുപദേശങ്ങഥം തന്നിലും
എന്നുമെ ശങ്കിച്ചുനിന്നിടുന്നോർ

ദൈവദൂതന്മാർ വരുന്നൊരളവിലു
മാകുല മെന്നി യകന്നുനില്പൂം.

ഭൗതികസാധനം, ദേഹം! ഹാ! നശ്വരം
ഭ്രൂണദയയൊന്നെ നിത്യ മോത്താൽ.

വല്ലാതെ വാരിധി തന്നിലിളകുന്ന
കല്ലോല വീചികളെന്നപോലെ

ചിത്തം ചലിക്കും മനുജരെ യോർത്തുതാ
നിത്തര മുത്തമൻ തത്വ മോതി.

പിന്നെ യൊരാറു ദിവസം കഴിയവെ
ധന്യൻ തൻ ശിഷ്യപ്രധാനരോടും

മാ മല യൊന്നിൽ കരേറിനാൻ തത്ര ദി-
വ്യാമലരൂപനായ്—ദൃശ്യനായാൻ.

വെള്ളിത്തകട്ട പോലുള്ളൊരുടയാട-
യുള്ളി ലതി ദിവ്യ തേജഃ പുഞ്ജം.

മിന്നി; നിമിഷത്തി"ലേലിയാ" "മോശ"യു
മന്നിലം തന്നിലണഞ്ഞു നിന്നാർ.

സാനന്ദരാമവർ നമ്മസംഭാഷണ..
ലീനരായങ്ങനെ നിന്നിരുന്നാർ.

കാന്തി പ്രവാഹത്തിൽ നീന്തിക്കളിക്കുന്ന
ശാന്തി പ്രഭാവനാ മേശുദേവൻ.

ഭയശ്രദ്ധയും, പരം ഭീതിയും കൈക്കൊണ്ട
നിശ്ചലന്മാരായ ശിഷ്യരെല്ലാം.

അമ്മട്ടിൽ സ്തംഭിച്ചു നില്പുവെ കാണായി
വെണ്മേഘ മൊന്ന വക്കന്തികത്തിൽ.

ദിവ്യാവതാരനാം ദൈവപുത്രൻപോലെ
ദിവ്യമാം വെണ്മേഘ മേവമോതി:—

"സ്വർഗ്ഗ സങ്കാശനാ യേതൊരു മർത്യനെ
ചാരെ ഗുരുവായി കാണ്മൂ നിങ്ങളം

അ ദ്ദിവ്യമൂർത്തി മൽ പുത്രനെന്നോക്കുവിൻ!
ശ്രദ്ധിച്ചുകൊൾകെ തൽ സൂക്തിജാലം.

വിസ്മയ ചിത്തരായീടുമ മ്മാനുഷർ
നേരം മടച്ചു തുടങ്ങി നേരം,
എല്ലാ മറിയുമസ ല്ലാക നായകൻ
മെല്ലവെ സസ്മിതം ചൊല്ലിയേവം.

"എല്ലാക്കും മുമ്പനാകേണ മെന്നിഛിപ്പോ
രെല്ലാക്കും പിൻപിലായ് നിന്നിടേണം."

ഇത്തരമോതവെ തുള്ളി ക്കളിച്ചുകൊ
ണ്ടെത്തിനാ രൊട്ടേറെ ബാലകന്മാർ.

യേശു മഹേശ നതിദയാശാലിയാം
ദേശികൻ നോക്കിയപ്പൈതങ്ങളെ

ആനന്ദവാരിയിൽ നിമ്മഗ്നനായ് നല്ല-
വാണി മധുരസം തൂകിയേവം: —

"ആരോമൽ പൈത ലിവരെപ്പോവുള്ളാക്കാ
നേരിൽ കൊടുപ്പത സ്വർഗ്ഗരാജ്യം.

ഉൾക്കറ പറാത്തൊ രോമനക്കുഞ്ഞുങ്ങൾ
നിഷ്ക്കള ഭക്തർക്ക തുല്യരല്ലൊ"

ജ്ഞാനം ലഭിപ്പാനും നല്ലതു ചെയ്വാനും
നാഥനാൽ ദത്തമീ യിന്ദ്രിയങ്ങൾ.

ദേഹത്തിനാറാസചിവരാ, മോരോന്നിൻ
മാഹാത്മ്യ പൂര മവർണ്ണ്യ മത്രെ.

ബാഹ്യങ്ങളോരോന്നും പാപകർമ്മത്തിനായ്
മോഹിപ്പതുണ്ടെങ്കിലക്ഷണത്തിൽ

ഛേദിച്ചു തള്ളണം ചൊവും മടിക്കാതെ
ഖേദമിതിനാലൊഴിഞ്ഞു പോകും.

രണ്ടുകരങ്ങളും കൊണ്ടുടനാഗ്നേയ-
ക്കുണ്ടു നരകത്തിൽ വീഴ്വതെക്കാളും

അംഗവിഹീനനായ് ജീവിപ്പതാറും-
ഭംഗിയാണെന്നു നിനയ്ക്കുവേണം.

കാലൊന്നുപോകിലും ശിലത്തെപ്പാലിക്ക
മേലിൽഗുണത്തിനു മൂലമല്ലൊ.

വഹ്നിനരകെ നടന്നുഴലുന്നതിൽ-
നന്നു മുടന്തനായ് ജീവിപ്പതാം.

പാപമാർഗ്ഗത്തിൽക്കിടക്കുന്നകണ്ണെങ്കിൽ
പാടെ ചൂഴ്ന്നതു നീക്കിടേണം.

കണ്ണിണയോടുമങ്ങെന്നും നരകത്തിൽ
ചെന്നങ്ങു വീഴ്വതിലേറമേറും

നന്നു നയനരഹിതനായ് സ്വർഗ്ഗത്തിൽ
ചെന്നു സുഖിപ്പതാംഭാഗ്യമോത്താൽ.

തമ്മിലിടറാതെ താഴ്മവഹിച്ചുകൊ-
ണ്ടുണ്മയിൽ നന്മയോടാവസിക്കിൻ."

പാരം പുകഴ്ം യശുലോം പള്ളിയിൽ
നേരെഗമിച്ചവൻ ശിഷ്യരോടും.

സൽഗുരുവിന്നായ് മിന്നുമദ്ധന്യന്റെ
ചാരത്താ യെത്തി ധനിക നേകൻ.

സത്തമ നാമവൻ സാദര മിങ്ങനെ
തുടപ്പാദം കൂപ്പിയുണർത്തിമെല്ലെ-
"മുക്തിപദമണഞ്ഞീടുവാനെന്തി ഹ
കർത്തവ്യ മായതു കല്പിച്ചാലും!"

സർവ്വപ്രപഞ്ച സംരക്ഷകനാകുമാ-
നിർവ്വാണ ദാതാ വരുളിമന്ദം.

"സൽ ഗുരുവാരിഹ സർവ്വജനത്തിനും
സർഗ്ഗ സ്ഥിതി ലയ കർത്താവെന്നോ?
അത്യന്ത ഭക്തി വിശ്വാസ സമ്പൂർണ്ണനാ
മുത്തമൻ നീയെന്നറിയുന്നു ഞാൻ
എങ്കിലും തെല്ലിഹ ചോദിച്ചു കൊൾവൂഞാൻ
പങ്കരഹിതനാം നിന്നോടിപ്പോൾ.
നിർമ്മല ജീവിത മാർഗ്ഗ സഞ്ചാരിക്കു
ചെമ്മെവഴികാട്ടും ദീപങ്ങളായ്,
നിസ്തുല്യകല്പന പത്തെണ്ണമുണ്ടവ
നിത്യവും പാലിപ്പതുണ്ടോ? നീയും."
"കല്പനപത്തും ഞാനെപ്പൊഴും പാലിച്ചു
നില്പവനെ"ന്നവൻ ചൊല്ലിയപ്പോൾ,
പുഞ്ചിരിപൂണ്ടു ടനേശു വരുളിനാൻ
വഞ്ചിതനാകുന്നു വിത്തത്താൽ നീ.
പാപത്തിനേലും ഭയങ്കരമാം രൂപം
പാർത്താലീ സമ്പത്തുതന്നെയല്ലോ.
വിത്തങ്ങളൊക്കെയും വിറ്റു വിരവിൽ നീ
നിത്യദരിദ്രർക്കായേകിടണം.
നിക്ഷേപ മായിട്ടും സ്വർഗ്ഗത്തെയൻപൊട്ടു
കാംക്ഷിച്ചുതന്നെ വസിക്കനീയും.
ഭൂതല സ്വർഗ്ഗതലങ്ങളി ലൊന്നുപോ
ലാദരാൽ നിക്ഷേപം വച്ചുകൊൾവാൻ
യാതൊരുമർത്യനും സാദ്ധ്യമല്ലാകയാൽ
ഭൂതല നിക്ഷേപം മോഹിക്കേണ്ടാ.
സമ്പന്നനായുള്ള വൻപനാലേതുമെ
സമ്പ്രാപ്യമല്ലല്ലൊ സ്വർഗ്ഗരാജ്യം.

സൂചിക്കുഴയിലൂ ടൊട്ടകം പോയിടാം
സൂചി മുനയിലൊ രാനനില്ലാം:
സ്വർഗ്ഗരാജ്യത്തിൽ ധനികനുകേവാൻ
സ്വപ്നത്തിൽ പോലുമെ സാധ്യമാകാ."

"ഉത്തമനായുള്ള പത്രോസു ചൊല്ലിനാ-
നെത്രയും ഭക്തി വിവശനായി.
"പുണ്യഫലത്തി ത്രകും സുരദ്രുവെ!
നിശ്ചയം ഞങ്ങടെ വെടിഞ്ഞു സർവം.
നിന്നെയനുഗമിച്ചീടുന്ന കണ്ടാലും
ഖിന്നത യിന്നതി ലില്ല തെല്ലും"

നിത്യസുഖസ്ഥിതി നിത്യ മരുളുന്ന
ക്രിസ്തുഭഗവാ നരുളിച്ചെയ്തു:—
"എന്നെനിനച്ചും സുവിശേഷം മൂലവും
സന്ന്യസ്ഥ സർവ്സ്വ നായിട്ടുനോൻ

പിന്നവനായ തസംഖ്യമിരട്ടിയായ്
തന്നെ ലഭിക്കുന്നു നാകംതന്നിൽ.
നിഷ്ക്കാമ ബുദ്ധിയോടാരിന്ന വിശ്വാസ
പുഷ്കല വിശ്രമ മേലുന്നുവൊ?
ആയവൻ മുൻപനായ് തീന്നുന്ന വന്നിടാം
മുന്നിലായ് നിന്നവൻ പിൻപിലാകാം."

ആനനചന്ദ്രനിൽ നിന്ന പൊഴിയുന്ന
മോഹന വാങ്മധു തുകി തുകി,
മെല്ലെ നടന്ന 'യരശലേം' ദേശത്തി-
ലുള്ളൊരു ദേവാലയത്തിനുള്ളിൽ
വിശ്വൈക വന്ദ്യനാ മേശു പ്രവേശിച്ചു
ശാശ്വത ധർമ്മത്തെ സ്ഥാപിപ്പാനായ്.

നന്നായ് മഹിതോപദേശങ്ങളോതിനാൻ
ഖിന്നരായ് തീർന്നു യഹൂദവർഗ്ഗം.

പ്രാർത്ഥനാമന്ദിരം വിക്രയ ശാലയായ്
പാർത്തവൻ ധൂർത്തരോടോതി യേവം—

"വാണിജ്യ ശാലയല്ലിക്കാണ മാലയം
നാണിയാ തെന്തിതു കാട്ടിടുന്നു?

പ്രാർത്ഥനാ മന്ദിര മർത്ഥ മാർജ്ജിക്കുവാ
നൊത്തതാ മാപണമായി കഷ്ടം!"

എന്നരുൾ ചെയ്തിട്ട ദ്ധന്യഗുരുവരൻ
നന്നായവരെ വിലക്കി നിർത്തി.

തത്പാർത്ഥ രത്നം വിതറി സ്സഭാതല-
മസ്തകലുഷം പ്രശോഭിപ്പിച്ചു.

ഉൾപ്പൂ വിളക്കും സദ്വാക്യം ശ്രവിച്ചവ-
രത്ഭുത സാഗര മഗ്നരായാർ.

"ഇന്നിവനെങ്ങനെ ശാസ്ത്രം മറിഞ്ഞവാ-
റെ"ന്നവർ തമ്മിൽ പറഞ്ഞിടുമ്പോൾ,

ശിഷ്യരാകു മവരെ കടാക്ഷിച്ചു
സർവ്വജ്ഞ നോതിനാ നിത്തരത്തിൽ:—

"എന്നാലെ ദത്തമാം തത്വം സ്വകീയമ-
ല്ലെന്നെ യയച്ചവൻ ചൊന്നതല്ലൊ.

ഇന്നിതിനുള്ള വില യറിയുന്നവൻ
തന്നെയാണീശഹിതൈകതാനൻ.

സ്വന്തമാ യെന്നു മഹത്വമാണീ മർത്യ-
രേന്തുന്നു? ക്രൂരരെ! ചിന്തചെയ്തിൻ!

സൃഷ്ടികർത്താവിൻ നിസ്തുലമഹിമയെ
സ്പഷ്ടമായ് കണ്ടവൻ ഭാഗ്യവാനാം.

ക്ലേശ മണയാതെ മോശപ്രവാചക
നീശ നിർദ്ദേശവും നഠംകിയില്ലെ?

സപ്തസാമ്രാജ്യത്തിലെത്തിച്ചിടുന്നോരാ-
മാർത്തിലൊ നിങ്ങഠം സഞ്ചരിപ്പു?

എന്നെ വധിപ്പതി നന്നിനടക്കുന്ന
മാന്യനാ ശുത്തര മോതിയാലും"

"നിന്നെ വധിക്കുവാ നാരിന്നു ചിന്തിച്ചു?
നന്നെടൊ നിന്റെ ഭവിഷ്യത് ജ്ഞാനം!"

വഞ്ചന വിട്ടൊരതിമാനുഷനവൻ
പുഞ്ചിരി പൂണ്ടുരചെയ്തു വീണ്ടും.

"എന്നെയയച്ചവൻ തന്നെയറിയുവാൻ
മന്ദന്മാർ നിങ്ങളശക്തരല്ലൊ

ഇന്നവൻ തന്നെ ഞാൻ നാന്നായറിയുന്നി
തുന്നതനാമവൻ സത്യരൂപി"

അന്ധ പ്രമാണിക ളുന്നാ മഹാത്മാവെ
ഹന്ത! പിടിപ്പാൻ പരിശ്രമിച്ചു.

വായ്ക്കുന്ന വഹ്നിയെ വീശി ക്കെടുത്തുവാൻ
ശക്തങ്ങളാമൊ ശലഭ ജാലം.

ഒട്ടുജനങ്ങള ശ്രേഷ്ഠനാം യേശുവിൽ
പെട്ടെന്നു വിശ്വാസ മാന്മൂലം

സംശയ ഗ്രസ്തരായ് തീർന്ന പരീശന്മാ-
രാശയ മാശു മറച്ചു വാണു.

പാരം കനിഞ്ഞു പെരുനാളിന്നന്തിയിൽ
പാപാപഹാരി യുരച്ചിതുച്ചം.

"തുട്ടിനാലാത്തരാം മർത്യരിന്നാരാവോ?
കഷ്ട പ്പെടാ തിഹ വന്നിടുവിൻ!

ജീവ ജലം പരമാവശ്യമാക്കുമെ
പാവന മാമിതു പാനം ചെയ്യിൻ!

പാപമാംതാപത്തെ പാടെ നശിപ്പിക്കും
പാവന ച്ചന്ദന ച്ചാറു നൽകാം.

ഭാരങ്ങ ളെല്ലാ മിറക്കുവി നിക്കാണും
പരിച്ചോ "രത്താണി" തന്നിലിപ്പോൾ

സന്ദേഹം വിട്ടവ നിങ്ങനെ ചൊല്ലിയ
മന്ദാര പ്പൂന്തേൻ മൊഴികൾ കേട്ട

സാക്ഷാൽ ക്രിസ്തു വിവനെന്നു ചൊല്ലിനാർ
സൂക്ഷ്മ നിരീക്ഷണ ദക്ഷർ ചിലർ

അല്ലല്ലിവനല്ല ക്രിസ്തുവാകുന്നവൻ
ചൊല്ലായ്ക പൊല്ലാത്ത വല്ലായ്മകൾ.

എന്നു പറഞ്ഞജ്ഞജനങ്ങൾ പരസ്പരം
ഭിന്നിച്ചു വാഴുന്ന നേരത്തിങ്കൽ

അല്ല! പിടിപ്പാ നൊരുങ്ങി യൊരുതരം
മല്ലന്മാർ! സാഹസ തല്പരന്മാർ.

എങ്കിലും ചിത്ര! മവങ്കൽകൈവെക്കാന
പ്പുകില ക്കുണ്ടായിലേതും ധൈര്യം!

കേസരീ കേശത്തി ലെത്തിപ്പിടിക്കുവാ-
നാശ യുണ്ടെങ്കിലു മാർക്കു ധൈര്യം?

ചന്ദ്രനെക്കണ്ടെ പരിഭവം കൈക്കൊണ്ടെ
മന്ദം കുരയ്ക്കുന്ന ശ്വാക്കൾ പോലെ

ക്രുദ്ധിച്ചു ചിത്തം കലങ്ങി പരീശന്മാർ
ഭൃത്യരോടോതി "പിടിച്ചുകൊൾവിൻ!"

പ്രേരിതന്മാരാ മാഭൃത്യന്മാരെല്ലാരും,
പാരം പരുങ്ങി വെറും കയ്യുമായ്.

പിന്മാറി പോന്നതു കണ്ടുവിവശരാ-
മുന്മാദ ശാലികരം ഗർജ്ജിച്ചിതു.

കൊണ്ടുവന്നില്ലെ! മഹാ പാപിയായോനെ
കുണ്ഠരായപ്പോഠം പറഞ്ഞു ഭൃത്യർ.

ഞങ്ങളാലേതു മെളുതല്ലുതുമല്ല—
ഭംഗിയൊ? സജ്ജന മാന ഭംഗം!

മാനുഷൻ തന്റെറ വദനത്തിൽ നിന്നിദം
വാണീ മരന്ദം പൊഴിവതാണോ?

പാര മഭൗമ വചനങ്ങഠം തുകുവോ
നാർ?—അതി മാനുഷ നല്ലാതോക്കിൽ!

ഗീരിദം കേട്ട പരീശന്മാ രാക്ഷേപ-
ഭാരമോടോതിനാർ ഭൃത്യരോടായ്.

പോരാതി തെന്തോന്നു ഭോഷത്തരക്കാക്കു!
പാരം വഴിപിഴച്ചെന്നു നൂനം.

ഇന്നര കിടത്തി ലീവിധ വിശ്വാസം
മന്ദന്മാക്കെന്നേ ഭവിക്കയില്ല.

നീതി പ്രമാണങ്ങളേതു മറിയാത്ത-
മാതിരിക്കാരെ മറിപ്പാ നാകാം"

തുക്ഷ ശകാരം ശ്രവിച്ചൊര സ്സേവക-
രക്ഷണ മക്ഷമരായ് ഗമിച്ചാർ.

യേശുവാം ദേവ നൊലിവു മലയിലേ-
ക്കാശു പുറപ്പെട്ട മോദപൂവ്വം.

സിദ്ധതപോധന ധന്യ സമക്ഷംഭ്ര
ഭൃത്തുക്കഠംപോലും നമിച്ചു നിന്നു.

മാമലതൻ തല വാഴ്ത്തി വണങ്ങുന്ന
മാതിരി വൃക്ഷങ്ങഠം കൊമ്പുതാഴ്ത്തി.

പത്രാളി മമ്മര നാദം നലമൊട്ട
ചിത്രമാകും ശ്രുതി ക്രുട്ടി നില്പൂ

കോമള കോകില നാദമാം സംഗീത
മാമോദമാം മട്ടയന്ന കേൾക്കായ്

സാത്വിക കാന്തിയിൽ നീന്തി ക്കളിച്ചുള്ള
ശാർദ്ദൂല സിംഹാദി, ഹിംസ്രവർഗ്ഗം

മുററീട്ടും ജാതിവിരോധം വെടിഞ്ഞുഥ
ചുററിലും ചെന്ന നിരന്ന നിന്ന.

നീരദനേത്രനാ മീശ്വര സൂനുവെ
മാരുതൻ വന്ന തലോടി ക്കൊണ്ടാൻ.

വിശ്രുതനായിട്ട മേശ്രുമഹേശ്വര-
നശ്രുമ മാ രാത്രി പോക്കി മെല്ലെ.

ഓമൽ പ്രഭാത മണഞ്ഞൊരുവേളയി
ലാമോദ മാന്ന ദേവാലയത്തിൽ.

വീണ്ടും വരുന്നതു കണ്ടു നിന്നോരവർ
വേണ്ടപോൽ സ്വാഗതം ചെയ്യുകൊണ്ടാർ.

സംസാര സാഗര വീചി നിചയത്തി
ലംസാന്തം മുങ്ങുവോ ക്കെല്ലാവക്കും.

ഹസ്താവലംബ മലിഞ്ഞരുളീടിന
ക്രിസ്തു ഭഗവാന മപ്പൊഴതിൽ

ദിവ്യോപദേശങ്ങളം നല്കി ജനമദ്ധ്യേ
നിവ്യാജ കാന്തി തടവി നില്പൂ,

പാര മടുത്തു വരുന്നതു കാണായി
ഘോര പരീശന്മാർ, ശാസ്ത്രിമാരും.

ആലോല കാന്തി തരംഗത്തിലാറാടും
നീല ജലജ വിലോചനയാം

പെൺകൊടി യെന്നിനെ മുന്നിൽ നടത്തി നി-
സ്സംകോച മായവർ വന്നുനിന്നാർ
പാരം പരിക്ഷിപ്പാനായി പറഞ്ഞിതു—
പാരിനു സൽഗുരുവെന്നാകിൽനീ
അംഗനാ ജാതിക്കപകീർത്തി നഠംകുമീ-
പ്പെൺ മണിയാഠം ക്കൊത്ത ശിക്ഷനഠംക്ര!
നീചതരമാം വ്യഭിചാര പാതകം
മേചക ക്രൂന്തലാഠം ചെയ്തിരിപ്പൂ.
നിത്യ വിശുദ്ധനാ നിഷ്ക്കണ്ടകന്മാർ തൻ
നിസ്തുപ വാക്യം ശ്രവിച്ചു മുറും
ദുർമ്മദന്മാരുടെ നിന്ദയാ വാക്കുശരം
മർമ്മം പിളക്കുകയാലെ കഷ്ടം!
ശ്രീളാവനഗ്രമുഖിയ ത്തരുണിയാ
ളാലോല ബാഷ്പം പൊഴിച്ചു നിന്ന
അണ്ണാജ നേത്രയെ കാരുണ്യമേറുന്ന
കണ്ണിണയാലെ കടാക്ഷിച്ചീശൻ
പിന്നെ യക്കന്യാതനുജനു പ്പണ്ഡിത-
മന്മന്യന്മാർ തമ്മോടുരച്ചീവണ്ണം:—
"നിങ്ങളിൽ പാപക്കറ പുരളാത്തവ
രെങ്കു മൊരുകുറ്റം ചെയ്യാത്തവർ-
ശിക്ഷാഹ്യയാകു മി പ്പക്ഷുള്ള നേത്രയെ
ശിക്ഷിച്ചു കൊൾവിൻ മടിച്ചിടാതെ."
എന്നരുൾ ചെയ്തിട്ടങ്ങേതും ചലിയാതെ
യന്നിലം തന്നിലപ്പാപഹരി
മണ്ണിൽ പെരുവിരൽചേർത്തഥനാഥനാ-
മണ്ണാജലോചനൻനിന്നസല്ലം

പാരം പരുങ്ങി പരവശന്മാർ നിജ-
പാപങ്ങളോരോന്നും ചിന്തിച്ചപ്പോൾ

വായും പിളർന്നവർ നോക്കി പരസ്പരം
വാടി വിയത്തൊരു മേനിയോടും

ആവില മാനസമോടു മവിടുന്ന
ധാവനം ചെയ്തവ രോരോന്നായി.

ഒട്ടസമയം കഴിഞ്ഞവൻ നോക്കവെ
മട്ടോൽ മൊഴി യവളുണ്ടു മുന്നിൽ.

മന്ദസ്മിതാർദ്ര വദനനാം സൽഗുരു
അന്നനടയാളോടേവ മോതി—

നീതി മാന്മാരായോര ക്ലേട്ടരാരുമെ
യേതും പിഴ വിധിച്ചില്ലയല്ലീ?

ശിക്ഷ നിനക്കെന്നാൽ ഞാനും വിധിപ്പതി-
ല്ലിക്ഷണം പോക നീ തവൽ ഗൃഹത്തിൽ.

പാപങ്ങളം ചെയ്തതിൽ പശ്ചാത്തപിച്ചുനീ-
പാർക്ക മേലിൽ തുടന്നിടാതെ.

എന്നുടനാശ്വാസം നൽകി ജഗൽഗുരു;
ധന്യയായ് തീർന്നിത ക്കോമളാംഗി.

ഹാ! വശ്യഭംഗീ തരംഗ തരളമാം
ഗോ വൃതിത്തീടിനാൻ ജ്ഞാന സൂര്യൻ.

ലോകക്കു ശുദ്ധ പ്രകാശ മേകീടുവോ-
നേക നിവനെന്നു തേറിടുവിൻ!

എന്നെ യനുഗമിച്ചീടുന്നവരെല്ലാ-
മന്യൂന തവ പ്രകാശമേന്തുക്കെ

പീനാന്ധകാരംനശിച്ചുപോമപ്പൊഴൊ
കാണേണ്ട വസ്തുവെ ക്കണ്ടുകൊള്ളും.

തത്പാത്ഥ്യകൃതം മദ്ദിയ വചനത്തി
ലത്യന്ത വിശ്വാസ മേകനാന്നാൽ

മൃത്യുഭയ ലേശ മദ്ധീര പൂരുഷ -
ന്നെത്തുകയില്ലവ നാനന്ദവാൻ!"

മുറവു മീ വാക്യ മ ട്ടിഷ്ട യഹൂദർ തൻ -
നെറിക്കേതാന്നും "ചുള"കഠംചേത്തു.

വീത വിശങ്ക മുരച്ചാ രിതുവെറും
പേ വാക്കു ചൊല്ലുയൊ കഷ്ടം!കഷ്ടം!

ദേവ പ്രഭാവനാ"മെബ്രഹാം" തൊട്ടവർ
കേവലം മൃത്യുവിൽ വീണടിഞ്ഞു.

അല്പനാകുന്ന നീ യമ്മഹാന്മാരിലും
വ്യൂല്പന്ന ബുദ്ധിയൊ? മിണ്ടവേണ്ടാ!

ഹന്ത! നീതന്നെ വലിയോനെന്നെണ്ണിയാ
ലെന്തൊരു മേന്മ യതിങ്കലുള്ള?

സത്തമൻക്രിസ്തു വരുളിനാനിങ്ങനെ
സത്യത്താൽ തീർത്തൊരു യുക്തിപോലെ-

"എന്നോമൽ സോദരന്മാരെ മൽതാത നി-
ന്നെന്നെ വലിയവനാക്കീടുന്നു.

എൻ പിതാവാരെന്നു കമ്പമിയലേണ്ടാ
സമ്പൂർണ്ണ നെങ്ങും നിറഞ്ഞ ദിവ്യൻ.

ദിവ്യ നവനെ ഞാൻ നന്നായറിയുന്നു
ഭവ്യരാം നിങ്ങൾക്കിണങ്ങുന്നീലെ?

കസ്തൂരീ സൗരഭ്യം നാസാവിഹീനന്മാ-
രിത്തിരിപോലു മറിയുന്നീല.

നിങ്ങൾ തന്നാചായ്വു വയ്പു നാമെബ്രാഹാം
ഭംഗിയി ലെന്നെ വണങ്ങിനിപ്പോൻ.

കോപ വിദ്വേഷ വിജൃംഭിത രോതിനാർ—
"കോമരം തുള്ളി പറയുന്നു! ഹാ!

അമ്പതു വത്സര പ്രായം പോലുമപ്പാ!
വൻപാ! നിനക്കു തികഞ്ഞിട്ടുണ്ടോ?

പിന്നെ നീയെമ്മട്ടി ലെബ്രഹാം രാജനെ
നന്നായറിയുന്ന മൂഢബുദ്ധോ!

ഇപ്പടി ജല്പിച്ചു കല്ലെറിഞ്ഞീടുവാ-
നല്പമതികൾ മുതിർന്ന നേരം

അദ്ദിവ്യ കോമള കൃശ കളേബരം
അത്തറ്റി ലെങ്ങോ മറഞ്ഞുചിത്രം!

ഈശതനയനാ മേശു വനന്തരം
ക്ലേശവിഹീനം സ്വശിഷ്യരോടും

ആപണ വീഥിയി ലൂടെ ഗമിക്കവെ
യാപന്ന നാകു മൊരന്ധൻ തന്നെ

വക്ത്രാംബുജ ശീത ലാലാ കണങ്ങളാ
ലത്തറ്റിൽ ദൃഷ്ടിമാനാക്കിയല്ലൊ.

കമ്പോള വീഥിയിൽ കമ്പിത കണ്ഠനായ്
സംഭ്രാന്തനായിട്ടിരക്കുമവൻ,

കണ്ണു തെളിഞ്ഞു തൻ ജീവിത കാമിതം
വന്നു വെന്നുള്ളൊരു തൃപ്തിയോടെ

ആദിത്യ മണ്ഡല മാകാശ ഭ്രമികാം
പാദപ വല്ലീ തൃണകുലാദി.

പൂർണ്ണപ്രകൃതി വിലാസങ്ങൾ ദർശിച്ചു
വന്നു മഹാത്ഭുതം കാണികളിൽ!

അന്ധന്റെ നേത്രം തെളിച്ചൊ രുദന്തം ത
ദന്തരാ കേട്ടു പരീശന്മാരും.

നേരായതിന്റെ രഹസ്യ മറിയുവാൻ
പാരം പരിശ്രമം ചെയ്തൊട്ടുവിൽ

ഈശ്വര നീതി മറയ്ക്കാനുതാതെ
ഈഷ്യാ കലുഷിത ചിത്തരായാർ.

നേത്രം തെളിഞ്ഞവൻ ക്രിസ്തുവെക്ക ണ്ടതി-
മാത്രം പവിത്ര ഹൃദയനായി.

ശുദ്ധവിബോധപ്രദായക നീശജ-
നിത്ഥ മവനോടരുളിചെയ്തു—

"ദൈവ സുതനിൽ നീ വിശ്വസിക്കുന്നുവൊ?
വൈവശ്യം വിട്ട കഥിച്ചീടുക."

"വിശ്വസിച്ചീടുവാ നാശപെരുത്തമെ
വിശ്വേശസൂനു വാരെന്നു ചൊല്ലു?"

"സംഭാഷണംചെയ്ത മുമ്പിൽ നില്ക്കുന്നവ-
നൻപേറു മായവനത്രേ സാധ്വോ!"

ക്രിസ്തു വചനമാം പിയൂഷ ധാരയെ
ശ്രോത്രദ്വയത്താൽ നുകർന്നോരവൻ

വിശ്വസിക്കുന്നിതാ നാഥ! ഭവാനിൽ ഞാൻ
വിശ്വം ഭരാവര! ദീനബന്ധൊ!

പാലിച്ചുകൊള്ളണം പാവമാമെന്നെ നിൻ
കാലിണ യെന്യേ ശരണമില്ലാ.

എന്നുണത്തിക്കവെ ദേവനരുളിനാൻ
മന്ദസ്മിതാർദ്രവദനനായി.

"അന്ധ നയനങ്ങളും ഹന്ത തെളിഞ്ഞിടാ
മന്യങ്ങളന്ധങ്ങളെന്നു മാകാം.

നീതി യതിങ്ങനെ കാട്ടുവാനായിട്ട
ഭീതി യൊഴിഞ്ഞു ഞാൻ വന്നു വല്ലൊ.

പിന്നെയു മന്വിനോ ടോരോന്നരചെയ്തി-
ട്ടന്നവിടുന്ന നടന്ന ദേവൻ.

കീർത്തി പെരുത്ത ജറുശലേം പള്ളിയി-
ലെട്ടിനമെത്തി ജന മസംഖ്യം.

നല്ല പെരുന്നാളാണ ട്ടിന മത്യന്ത
മുല്ലാസമോ ടവ രൊത്തിരിക്കെ,

വാച്ചൊ രിരുളണിഞ്ഞിട്ട മിള യ്ക്രീശൻ
വച്ചൊരു മംഗള ദീപമാകും

ദീന ജനാവന വാനവ ശാഖിയ-
ത്യാനന്ദ വാനാ യണഞ്ഞുവല്ലൊ.

അദ്ദേവമണ്ഡപം തന്നിൽ നിറമെഴ്
മുത്തമ മണ്ഡല മദ്ധ്യത്തിങ്കൽ,

അത്തിവ്യ നാഭാഭരമാൻ നക്ഷത്ര
മദ്ധ്യഗ നിന്നു വിളങ്ങും പോലെ,

മുറവും രിപുക്കളായുള്ള യഹൂദരും
ചുറിലും വന്ന വളഞ്ഞു മെല്ലെ.

ഉദ്ധത ഭാവം കലർന്ന വരോതിനാ-
രുത്തമ ദേശിക വയ്യനോടായ്.

"പെമ്മെ ചില ശങ്ക യങ്കുരിപ്പിച്ചു, നീ
യുണ്മയി ലാരെന്ന ചൊല്ലിയാലും.

നീതിയിൽ ക്രിസ്തുവായ് വന്നവൻ നീയെങ്കി
ലേതും മറയ്ക്കാതെ ബോധിപ്പിക്കാം.

ആയതു കേട്ടസന്നിദ്ധ മരുളിനാ
നായവൻ മായികന്മാരെ നോക്കി.

"ഏറെംവിശദമായ് ചൊല്ലിനേനെങ്കിലു
മൂറന്മാർ നിങ്ങളവിശ്വസിച്ചു.

എൻ പിതാവിൻ പേരിൽ ഞാനിങ്ങുചെയ്യുവ
വമ്പെഴും സാക്ഷ്യങ്ങളല്ല യല്ലീ!
വിശ്വാസ മേലുവാൻ വിസ്മയ വൃത്തികൾ
വിശ്വസ്ഥർ നിങ്ങൾക്കു കാട്ടിനേൻ ഞാൻ.
എന്നാലും വിശ്വാസ രാഹിത്യം നിങ്ങളി
ലെന്നാളും കുന്നിച്ചു കണ്ടിടുന്നു.
എന്നാൽ നയിക്കപ്പെടേണ്ടോ രജങ്ങളി
ലുന്നതന്മാർ നിങ്ങൾ ചേരുകില്ല.
നല്ലൊരിടയനാ മെന്നുടെ കല്പന
കില്ലെന്നേ കേൾപ്പതെൻ 'പറ'മല്ലൊ
നിത്യ സുഖ പദ സിദ്ധിയ സ്സാധുക്കൾ
ക്കെത്തിടു മെതുമെ ശങ്കിക്കേണ്ടാ!
ഏകനാ മീശനും ഞാനു മൊന്നെന്നു താ
നാകലമെന്നിയെ ബോധിക്കേണം."
ചേലിലുപ്പിയൂഷ രശ്മി ചൊരിഞ്ഞ പൈം-
പാലാശിച്ചമ്മൂർഖ പ്പാമ്പുവട്ടം!

* * * * * * *

ഹാ! മൂഢർ! മുൻപിൻമറന്നു ഹസ്തങ്ങളി
ലശ്മങ്ങളേന്തി യെറിഞ്ഞുകൊൾവാൻ!!
ആരബ്ധ നീച വികൃതികൾ കണ്ടവൻ
പാരം കനിഞ്ഞു പറഞ്ഞിതേവം:—
"എന്നെയയച്ചവൻതൻ തിരുവുള്ളത്താൽ
ധന്യമാം കർമ്മങ്ങൾ ചെയ്തേനിവൻ.
ആയതിൽ തെല്ലുണ്ടബദ്ധമെ ന്നോത്തിട്ടെൻ
കായിക പീഡ യെയ്താരുങ്ങുകയാം!!

പേരുവമാം മൊഴി കേട്ടു ഖല വൃന്ദ-
മീശനോടോതിനാ നാശ്രുരോഷാൽ!

"നിന്നെ നീ ദൈവ മെന്നുന്നിപ്പറകയാൽ
തന്നെ യിക്കല്പുക ളേറികയ്യിൽ.

ഈശാംശ സംഭവ നേശു മഹേശ്വര
നിഷ്വകന്നു പറഞ്ഞു മെല്ലെ-

'എന്നാൽ കൃതമായ കർമ്മങ്ങളെന്നുടെ
യീശത്വ സൂചന ചെയ്യുമെന്നാൽ,

ആയതറിയുവാ നാവതില്ലാതെ യി
പ്പേയാചരിക്കുവോ രേതുമട്ടം

എന്തോന്നുചെയ്താലു മീശനും സൂനുവു
മൊന്നെന്നു തന്നെ പറയുന്നു ഞാൻ

നിന്നില്ല നീചവികാരത്തിരമാല-
യെന്നതുകണ്ടൊരു പുണ്യമൂർത്തി

മാറി മറഞ്ഞവർ മുന്നിൽ നിന്നപ്പൊഴെ
മാററല രങ്ങു മലച്ചു നില്പായ്"!

യേശു മഹേശ്വരൻ ശിഷ്യരോടൊന്നിച്ചു
ദേശങ്ങൾതോറുമെ സഞ്ചരിച്ചു.

'യോർദ്ദാൻ' നദിക്കരെ യെത്തി വിളങ്ങവെ
മോദാൽ ജനങ്ങളസംഖ്യമെത്തി.

അപ്പുണ്യ രാശിക ളഗ്രേ ഭർശിച്ചൊരു
സൽപുരുഷാഗ്രണി തന്നിലോറം

വിശ്വാസ മുള്ളുഴിഞ്ഞേകിനാ രീശജൻ-
വിസ്മയം മേല്ക്കുമേൽ കാട്ടി നിന്നാൻ.

പുംശ്ചലി യെങ്കിലു മീശ്വര ചിന്തയാൽ
പശ്ചാൽ പരിശുദ്ധയായ ധന്യ

മായ മൊഴിഞ്ഞു 'മറിയ' യാംമാനിനി
മാഴ്കുന്നി തെന്നവൻ കേട്ടു പിന്നെ

വാമാക്ഷി യാ മവൾ തന്നുടെ സോദര
നാമോരാൾ മൃത്യു വടഞ്ഞ മൂലം

ആശ്രിത വത്സല നേശു വനന്തരം
മാശിഷ്യജാലത്തൊടൊത്തു തന്നെ

ഉത്തമയാംതന്റെ പത്തനംതുപ്പട
പ്പൊൽത്താരണച്ചു പവിത്രമാക്കി.

രോദനം ചെയ്യുമസ്സോദരി സാദരം
ഖേദാപഹാരിയെസൽക്കരിച്ചാൾ.

പാലന ലോലൻതൻ പാദാന്തികെ വീണു
നീലാരവിന്ദാക്ഷി കേണുകൊണ്ടാൾ

ആത്തിയാ മഗ്നിനദിയിൽ തപിക്കുന്നേൻ!
കർത്താവെ! പാലിച്ചു കൊൾക നാഥാ!

ഭക്തശിരോമണിയാകും മറിയതൻ
ഭക്തിയും ദുഃഖവും കണ്ട നേരം

അശ്രോരുഹദള സന്നിഭ നേത്രനും
കണ്ണീർകണങ്ങളുതിർന്നു വീണു!

ദിവ്യ മിഴിപൊയ്യു മുഷ്ണബാഷ്പ മീ
യേഴകൾക്കേറെ ശീതോപചാരം.

വല്ലാതീ വേഴാമ്പൽപ്പക്ഷി കരഞ്ഞപ്പോൾ
കല്യാണമേഘം കനിഞ്ഞുപോയി!

എങ്ങു? നിൻസോദര! നെന്നു ദയാപര-
നംങ്ഗനയാളോടു ചോദിച്ചപ്പോൾ

കണ്ണീർ തുടച്ചുകൊണ്ടല്പലനേത്രയാ
ളിങ്ങനെ ഗൽഗദം പൂണ്ടു ചൊന്നാൾ—

"സോദരൻ 'ലാസർ' മരിച്ചിട്ടു നാളുകൾ
നാലു കഴിഞ്ഞിതു ലോകനാഥാ!
കല്ലറതന്നിലടക്കി യന്നേദിനം
അല്ലലെന്നുള്ളത്തെ നീറിടുന്നു."

"കാട്ടുക, കാട്ടുക, കല്ലറയെന്നെ നീ
കാട്ടിടാ മീശ്വര വൈഭവം ഞാൻ"

എന്നവനോതവെ ഖിന്നവിവശയാം
ചെന്നുടൻ കല്ലറ കാട്ടിനിന്നു.

പെട്ടന്നൊരുക്രുദ്ധം ബന്ധു ജനങ്ങളു-
മൊട്ടു യഹൂദജനങ്ങളുമെ

അപ്രദേശത്തു വന്നെത്തി യങ്ങാസ്ഥയാ
നില്പുണ്ടീ യത്ഭുതം കണ്ടുകൊൾവാൻ.

കല്ലറവാതുക്കൽ കട്ടിയേറീടുന്ന
കല്ലൊന്നു വച്ചു മറച്ചിരുന്നു.

"നീക്കിവച്ചീടുനീ കല്ലിതെ" ന്നന്തികെ
നില്ക്കു മബ്രാലയോ ടോതിയപ്പോഠം.

അല്പൽ ക്കടലിൽപ്പെട്ടംഗം കുഴഞ്ഞവഠം
കല്ലതു പൂവുപോൽ ദൂരെ നീക്കി!

നോക്കിനാനേശുവു മേതൊരുധീരനു
മഠംക്കരുത്തറവുപോ മൊന്നു കാൺങ്കിൽ.

മാരണ ഭ്രുതം ചവച്ചു തുപ്പീടിന
ദാരുണ രൂപ മക്കല്ലറയിൽ,

തെററി ധരിപ്പിച്ച മിഥ്യാ സുഖങ്ങളെ
മുറവും ശപിച്ചു ശയിച്ചീടുന്നു.

പട്ടുതലയിണ, മെത്ത, വിരിപ്പുക-
ളിഷ്ടപ്രണയിനി, യൊന്നുംനാസ്തി!

അദ്ധ്യാത്മ ശാസ്ത്രരഹസ്യം വിവരിക്കു
മുത്തമ ഗ്രന്ഥമിക്കല്ലറയോ?

ദീന ജന പരി ത്രാണ പരായണൻ
വാനിൽ തൻ നേത്രമണച്ചു ഗാഢം.

ഭക്തി സമ്പൂർണ്ണനായ് ധ്യാനിച്ചശേഷമാ
മൃത്യുവശഗൻതൻ പേർ വിളിച്ചാൻ.

ഏതൊരത്ഭുത! മീ ലോകമാതാവോ
ടന്യൂ വാക്കോതി പ്പിരിഞ്ഞ 'ലാസർ'

അത്ഭുത, മാനന്ദം! ജീവദേഹാദികം
ബന്ധനായ്തീർന്ന ലസിച്ചിതപ്പോൾ.

നല്ലൊരു നിദ്രയിൽ നിന്നുണർന്നോനെപ്പോ
ലല്ലാതെ യില്ലൊരു തെല്ലുംഭേദം!

ആ രക്ഷിതാവവന്മേലി ലന്നുഗ്രഹ
പൂരം പൊഴിച്ചു, പൊയ്ക്കോകയെന്നാൻ.

പൂരിച്ച വിശ്വാസ മാർന്നിതു കണ്ടവർ;
പാരിലീവാത്ത പരന്നുമെല്ലെ.

കണ്ണപീയൂഷമീ വൃത്തം പരിപന്ഥി-
വൃന്ദശ്രുതിക്കു കാകോള മായി.

ചിത്രം! ഹാ ചിത്തം മറിഞ്ഞുപോയീടുകിൽ
സത്തസത്തായിത്താൻ തോന്നുമല്ലൊ.

അന്ധരാ മപ്പരീശാഭ്യർ ങ്ങേശുവെ
ബന്ധിച്ചു കൊൾവാൻ തിരക്കുകയായ്!

ക്രിസ്തുഗാഥ.

(മൂന്നാംഭാഗം.)

അന്നൊരു നാളില ശ്ശീമോന്റെ മന്ദിരം,
തന്നുടെ കാല്പൊടി ച്ചാത്തിനാലെ
ധന്യമാക്കീടിനാനപ്പരമാനന്ദ-
കന്ദളം കന്യാതനൂജനീശൻ
കാന്തിപ്രവാഹത്തിൽ നീന്തിക്കളിക്കുന്ന
കാന്തേന്ദു കന്മുഖി യൊരുത്തി,
ആരമ്യഭംഗി തടവുംതനു ദ്രവി-
കാരപ്പിശാചിക തീറേകിയോർ,
മാനമകന്ന മനോഭവവഹ്നിയിൽ
മാനവവസ്ത്തെ ഹോമിച്ചവൾ,
മശലന ദേശത്തുണ്ടായിപേരെങ്ങു-
മെത്തുന്നമേരിയാം കാതരാക്ഷി
അത്ഭുതപൂരുഷൻ തന്നപദാനത്താ
ലാകൃഷ്ടയായടി കുമ്പിട്ടുവാൻ.
വന്നണഞ്ഞീടിനാൾ വാരുണദിക്കിനെ-
യന്നത്തെ യക്ക നനുഗ്രഹിക്കേ.
മന്നിനു പുണ്യസചരുപനാ മേശുവിൻ
സാന്നിധ്യമാത്രത്താ ലുള്ളുണർന്ന
തനപീകലമൌലി മാണിക്യമാമവൾ
തന്നാൽകൃതമായ പാതകങ്ങൾ

ഒന്നൊന്നായങ്ങനെ ചിന്തിച്ചുചിന്തിച്ചു
ഖിന്നയായിങ്ങനെ കേണുകൊണ്ടാഠം.

ഭ്രവിന്ന പൂണ്ണസൗഭാഗ്യമേ! കണ്ണിന്ന
പൂവെണ്ണിലാവേ! പരംപൊരുളേ!
നിന്മഹിമാ വൊന്നറിയാ തസംഖ്യമായ്
നിമ്മരിയാദങ്ങഠം ചെയ്തുപോയേൻ!

കേവലജന്തുക്കഠം തന്നിലും താഴ്ന്നുഞാൻ
പശ്ചാത്താപ പരി ഖിന്നയായേൻ.
സല്ലോകനിന്ദ്യമാ യുള്ളതുനല്ലതാ-
യല്ലോകരുതിഞാൻ ഭീനമ്പന്ഡോ!

സവ്വാപരാധം ക്ഷമിച്ചിയഗതിയെ
സ്സവ്ജീവേശപരാ! കാത്തുകൊഠംക!
അണ്ണോജ നേത്രങ്ങഠം രണ്ടും നൻമുത്തണി-
ക്കണ്ണീർക്കണങ്ങള ളണിഞ്ഞുനിൽക്കേ
"ബാലികെ! നിൻപാശ്ചാത്താപ മീനിന്നടെ
മാലാകെത്തീത്തു, നീ ശുദ്ധയായി!"

എന്നരുഠം ചെയ്തഖിലേശ നത്തനപിയെ
നന്നായ്ക്കനിഞ്ഞു തലോടിക്കൊണ്ടാൻ
ബാലിക, ദേവനെഗ്ഗന്ധദ്രവം കൊണ്ടു
ചേലിലഭിഷേകം ചെയ്തു പിന്നെ
കാരുണ്യപൂണ്ണ കടാക്ഷം ഗ്രഹിച്ചിട്ടാ-
ക്കാറണിവേണി വിടവഴങ്ങി.

തൈലാഭിഷേകത്തെ ക്കണ്ടുള്ള ശിഷ്യന്മാർ
ചാലവെ ചോദിച്ചു ദേവനോടായ്:—
"ദുർവ്യയമല്ലേ യിക്കണ്ടതിതുവിറവു
പാവങ്ങഠം കേക്കുകയല്ലിനല്ലൂ?"

എന്നതു കേട്ടളവേശു വരുളിനാ..
നെന്താണവം ചെയ്യതെറിതിങ്കൽ?

കല്യാണശാലിനി യെങ്കലിച്ചെയ്തതു
നല്ലതെന്നല്ലാതെ ചൊല്ലീടാമോ?

ഭ്രഷ്ടരിദ്രന്മാർ നിങ്ങൾക്കു ജീവിത-
മേറെ യുണ്ടില്ലിനിക്കൊഞ്ചുകണ്ടാൽ.

ഇജ്ജഡ സംസ്കാരകർമ്മത്തി ലൊന്നാവാ-
മിജ്ജനംചെയ്ത തെലാഭിഷേകം

ശങ്കിച്ചിടേണ്ട സുവിശേഷമോടൊത്തി-
പ്പൊൺകൊടിയാളും പ്രശസ്തയാകും.

ജ്ഞാനസ്വരൂപിയെ ക്കണ്ടെതൻ കണ്ണിണ-
യ്ക്കാനന്ദം നേടിയ ഭാഗ്യവാന്മാർ

ചുറ്റുംനിരക്കവേ സജ്ജനങ്ങൾക്കെല്ലാ-
മുറവവൻ താനരുൾ ചെയ്തിവണ്ണം.

"കാണേണ്ടപോലെന്നെ ക്കാണുന്ന മാനുഷൻ
കാരണമൂർത്തിയെ ക്കാണുമല്ലോ

ജ്ഞാനസമുദ്രമും പൂകുവാനോർക്കിൽ
ഞാനാകും നേർവഴി യല്ലിനല്ലൂ?

അന്ധതമസ്സിലലയും സഹജരേ!
ബന്ധുരമാപ്രഭയെന്നു കാണ്മിൻ!

നിത്യപ്രകാശം തരുവാനായ് വന്നുഞാൻ
സത്യമിതേവരും ബോധിക്കേണം.

ഗീരിതു തീരെ നിരസിക്കുന്നോരിലും
നീരസമില്ലെനി ക്കുൾത്തളിരിൽ!

ശിക്ഷനൽകീടുവാൻ വന്നവനല്ലിഹ
രക്ഷിതാവായവൻ ഞാൻനിനപ്പിൻ!

എന്മൊഴി ധിക്കരിച്ചീടുവോരായവർ
തിന്മകൃഷിചെയ്‌വൂ തിന്നുകൊഴുവാൻ!"

ധന്യനുഭാവൻ സഹോദരന്മാരുമായ്
പിന്നെ "പ്പെസഹാ" കഴിക്കുവാനായ്

അന്നതിനെല്ലാ മൊരുക്കിവച്ചുള്ളൊരു
മന്ദിരം തന്നിലണഞ്ഞ ശേഷം

യേശുമഹേശൻ ജലപാത്രമൊന്നെടു
ത്താശിഷ്യന്മാരുടെ കാലടികൾ

ക്ഷാളനംചെയ്തു - ക്ഷതചിത്തരാമവ-
രാകുന്നൊരത്ഭുത മോടുണത്തി.

എന്തിതുകല്പിച്ചു ചെയ്യുന്ന സൽഗുരോ!
ഹന്ത! മുറയിതിനേതുമുണ്ടോ!!

എങ്ങളെ യേതുമേ വിസ്മയിപ്പിക്കൊല്ലേ
തുംഗാനുഭാവനാം തമ്പുരാനേ!

അട്ടിവ്യ നോതിനാ നപ്പോൾ മുറവിട്ട
വൃത്താന്ത മെന്തിതിൽ സോദരരേ!

നേരെയൊരു പാഠമല്ലീ? പരസ്പരം-
ദാസ്യം വഹിക്കുവിൻ നിങ്ങളെന്നും

സാനന്ദ മാത്മാവേ യാത്മാവിൽ കാണുമാ-
ധ്യാനത്തിലാണ്ടിതു ധന്യൻ പിന്നെ

ധ്യാന നിർമ്മുക്തനായീടിന തമ്പുരാ-
നാനന്ദപൂവ്മരുളിച്ചെയ്തു.

"നിങ്ങളി ലേകൻതാൻ ചൂണ്ടിക്കൊടുക്കു മീ-
യെന്നെവിരോധികൾക്കിന്നുവേഗാൽ"

അന്നേരം വ്യാകുല ചിത്ത നൊരുശിഷ്യ-
നന്നര നാരെന്നറിഞ്ഞു കൊൾവാൻ

ഭീതനായ് വേപിച്ചെഴുന്നേറ്റ മന്ദമ-
പ്പൂത സ്വഭാവന്റെ മാറിടത്തിൽ
പ്രേമവിവശനായ് പാറി ക്കിടന്നിട്ട
പേത്തു മൊഴുകുന്ന കണ്ണീരോടെ
കണ്ടുമിടറി,വിഷാദിച്ചു ചോദിച്ചാൻ—
"കണ്ടകനാരവൻ തമ്പുരാനേ!
ചൊല്ലിത്തരണമേ! ദിന ദയാംബുധേ!
യല്ലൽ ക്കടലിലാപ്പെട്ടതെങ്ങളം!
സഹൃമല്ലേ തുമേ ചങ്കു പൊടിയുന്ന
മോഹിപ്പി ച്ചീടൊല്ലേ ലോകനാഥ!"
ആത്ത പ്രലാപം ശ്രവിച്ച സകലലോ-
കാത്തി വിനാശന നച്ചരിച്ചു.
"ഞാനൊരു മോദക മാക്കു കൊട്ടക്കുമോ-
മാനവൻ താനവൻ കണ്ടുകൊൾവിൻ"
എന്നരുൾ ചെയ്തിട്ട ങ്ങെല്ലാ മറിഞ്ഞവൻ
നന്ദിച്ചു യൂദാവിനപ്പമേകി.
കൃത്യം നടത്തുക വൈകാതെ യിങ്ങുനീ-
യത്തലിവനതി ലില്ല യെന്നാൻ
വസ്തുത യേതു മറിയാത്തൊരായവൻ
ഭക്ത്യാ നമിച്ചതുവാങ്ങി നിന്നാൻ.
യൂദാവിലപ്പൊഴേ സാത്താൻ പ്രവേശിച്ചു
മോദം കലന്നവൻ യാത്രയായി.
പന്നെ ബ്ഭഗവാൻ പറഞ്ഞിതുമെല്ലവേ
തന്നുടെ ശിഷ്യരോടിപ്രകാരം—
"മാനവ സൂനു മഹത്തമനായിതു
ന്നുന മദ്ദൈവ കൃപയാലിപ്പോൾ

ഏതാനു മല്പ നിമിഷമീഞാനിനി-
പ്പൈതങ്ങൾ നിങ്ങളോടൊത്തു വാഴ്വം
പിന്നീടുകാലയവനികയിങ്കൽഞാ-
നന്യൂനമോദം മറഞ്ഞിടുമേ
എന്നെ യനുഗമിച്ചീടാൻ നിനച്ചാല-
തിന്നുഭവാന്മാക്സൊധ്യമല്ലോ
വേണ്ടവ യന്നന്നു ചൊല്ലിനേനെങ്കിലു-
മുണ്ടു ചിലതിപ്പോഴോതുവാനായ്—
പ്രേമം പ്രധാനം സഹജരേ! നിർമ്മല-
പ്രേമ സ്വരൂപിയാകുന്നു ദൈവം.
ഞാനേതുമാതിരി നിങ്ങളെ സ്നേഹിച്ചു
ജ്ഞാനികൾ നിങ്ങളും തമ്മിലെന്നും
നിസ്തുല പ്രേമ നിബദ്ധരായ്വാഴ്മെ-
ന്നസ്ത വിശങ്കമാശിച്ചീടുന്നേൻ".
മാനസ മാകെ യലിയുമാറേവമ-
ദ്ദീനദയാലു പറഞ്ഞനേരം
വിത്രസ്ത ചിത്തനായ് പത്രോസു ചോദിച്ചാൻ—
"മൽ തമ്പുരാനെങ്ങുപോകുന്നിപ്പോൾ?
നിൻ പാദമന്വോടനുഗമിച്ചീടും ഞാൻ
കമ്പ മകന്നെങ്ങു പോയീടിലും!
പാവനമാകും തൃപ്പാദാംബുജങ്ങൾക്കെൻ
ജീവനെപ്പോലും സമർപ്പിക്കുഞാൻ"
മന്ദഹാസാനിതം മാനവസൂനവാ-
മന്ദനോടോതി യാഥാർത്ഥ്യമേവം
"ഇന്നു പൂങ്കോഴിക്കുകുന്നതിൻമുമ്പെന്നെ
മൂന്നരു തള്ളിപ്പറയുമേ നീ!"

ശിഷ്യന്മാരക്കഥ കേട്ടഴന്നീടവേ
ശിഷ്ടനാം ദേവനരുളി വീണ്ടും

"ആവില മാനസ രാകാതിനാലേ
ദൈവ ഗതിയെത്താ നാശ്രയിപ്പിൻ!

ആനന്ദ ദായക സ്വർഗ്ഗസ്ഥലങ്ങളെ
ന്യനമൊരുക്കുവാൻ പോകുന്നു ഞാൻ

പിന്നീടവിടേയ്ക്കുണ്ടാനയിച്ചീടുമേ-
യുന്നിദ്രമോദം ഭവാന്മാരെ ഞാൻ"

ആമയ മാന്തടൻ തോമാസ്സു രചിതു
"ശ്രീമാനവിടുന്നു പോവതെങ്ങോ?"

സത്യസ്വരൂപനരുളി "സന്മാർഗ്ഗവും
സത്യവും ജീവനും ഞാനെന്നോർക്ക"

അപ്പോഴപ്പീലിപ്പോസ്സോതിനാനെങ്കിലോ
തപ്പൽ പിതാവായോനെ ഞങ്ങൾക്കിപ്പോൾ

ഉല്ലാസമോടൊന്നു കാട്ടിത്തന്നീടുകിൽ
നില്ലാതോരാനന്ദ മുണ്ടാമല്ലോ.

ക്രിസ്തു കൃപാമൃത വാരിധി, ചൊല്ലിനാൻ
നിസ്തുല ഭക്തനാം ശിഷ്യനോടായ്

"എന്നെയറികയും കാൺകയും ചെയ്തവൻ
നിണ്ണയ മീശനെ ക്കണ്ടവൻതാൻ.

ഈശ നിവനിൽ കൂടികൊള്ളുന്നു,പ്പോലെ-
യീശനിൽ ഞാനുമെന്നോർത്തിടേണം.

എന്തെന്തു! യാചിപ്പു നിങ്ങളെന്നാലതു
സന്തോഷപൂർവ്വകമേകുമീശൻ

എന്തെന്തു കല്പന യേകിനേൻ നിങ്ങൾക്കൊ-
രന്തരമറ്റനുകായ്മയെല്ലാം

എന്നാത്മചൈതന്യ മുണ്ടിഹ നിങ്ങളി-
ലെന്നതി ലെന്തിനുസന്ദേഹിപ്പൂ?

ഇന്നിയൊരല്പം കഴിഞ്ഞെന്നാൽകേവല-
മന്യക്കദൃശ്യനായ്ത്തീർന്നിടും ഞാൻ.

ഭക്തരാം നിങ്ങൾക്കു ഭംഗിയിൽ ദൃശ്യനാം
ശക്തി യതിന്നു ഞാൻ നിങ്ങൾക്കേകാം.

പ്രേമവും ഭക്തിയു മുള്ളവ നെന്മൊഴി
കോമളരത്നം പോൽ കാത്തു കൊള്ളും.

ക്ഷാന്തിയും ശാന്തിയു മേകിനേൻ നിങ്ങളി-
ലന്തമവയ്ക്കുണ്ടീടാറ്റിൻ മേൽ

പോകുന്നി തിപ്പോഴിവനെന്നാലും പുന-
രാഗമിച്ചീടുമേ ഭൂതലത്തിൽ

സംഭാവ്യമായിട്ടും സംഗതി യൊക്കെയും
മുമ്പേ പറഞ്ഞുഞാൻ വിശ്വസിപ്പാൻ!

ഇന്നിനി യേറെ ഞാൻ ചൊല്ലുവാനില്ലിട-
പന്നിതു ലൗകിക ദുഷ്പ്രഭാവം

ലോകം പകയ്ക്കും ഭവാന്മാരിലെങ്കിലോ
ശോക മെന്താദ്യമതെങ്കലത്രെ?

വേണ്ട മുപദ്രവം ചെയ്തിടും ദുഷ്ടന്മാർ
വേണ്ടാസനത്തിൽ പ്രിയം മുഴുത്തോർ.

തമ്മിലിടറാതെ താഴ്ചകം പേരാതെ
ചെമ്മേയുറച്ചു വസിപ്പിൻ നിങ്ങൾ!

എന്നേ യയച്ചവൻ തന്നുടെ സന്നിധി-
തന്നിൽഞാൻ പോകുന്നോൻ സോദരരേ!

ന്യൂനം മദീയവിയോഗം ഭവാന്മാർക്കു
പ്രീനോപകാര പ്രദമായ് തീരും.

സന്തോഷ മാകുന്ന സൽപ്രസൂനങ്ങളെ
യേന്തുന്ന സന്താപ ത്തിച്ചെടികളും
ഭ്രൂരികലാപം ഭവിക്കാതെഭ്രമിയിൽ
പൂരിത ശാന്തിയുളവാകുകില്ല.
ഇന്നുളവാമീവിയോഗത്തിൽ നിന്നൊട്ടും-
ഖിന്നത നിങ്ങൾക്കു വന്നിടൊല്ലെ
ന്തുറിരട്ടിക്കുമേ, വേറിട്ടിരിക്കുകിൽ
ക്രൂ പിതാവിനെ ന്നോത്തു കൊൾവിൻ
ആവശ്യ മുള്ള വയത്ഥിപ്പി ന്നീശനോ
ടാവകയപ്പൊഴെ ഹസ്തലബ്ധം"
ഭക്തി പരവശ ചിത്തരാം ശിഷ്യന്മാർ
മുക്തിദൻ തന്നെത്തൊഴുതു ചൊന്നാർ.
"ആശ്വാസ ദാതാവാ മീശ്വരനന്ദനാ!
ശാശ്വത ജ്ഞാനാനന്ദൈകസിന്ധോ!
വിശ്വസിച്ചീടുന്ന ഞങ്ങളിന്നങ്ങയെ-
വിസ്മയം! വിസ്മയം! നിന്മഹത്വം.
വാരിധി കേറി മറിഞ്ഞു വന്നീടട്ടെ
പാരിട മാരാൻ വിഴുങ്ങിടട്ടെ,—
പൂർണ്ണമായങ്ങയെ വിശ്വസിക്കുന്നതു
പുണ്യപ്രദായക മെങ്ങൾ ക്കെന്നും"
കാരുണ്യ ധാമാവരുളിനാൻ മെല്ലവേ
"ഗീരിതു പൂരിത സാരമല്ലോ.
ഏവം പരിതാപ ഭാരം ഭവാന്മാർക്കു
പാരം ഭയാനകമായ് ഭവിക്കാം
ധീരത കൈക്കൊൾവി നായതി നല്ലാതെ
ഭീരുക്കളാകരു തൊന്നുകൊണ്ടും"

മന്ദസ്മിതാർദ്രവദനനായി ങ്ങനെ
മന്ദാര പുഷ്പൻ മൊഴികഠം തുകി.

രക്ഷാപരായണൻ പ്രാത്ഥിച്ചു സവ്സം-
രക്ഷക നായിടു മീശനോടെ

നേത്ര നിമീലനം ചെയ്യകൊണ്ടങ്ങിനെ
നേരേ വിയത്തിനെ ലക്ഷ്യമാക്കി

പാണി യുഗളം മുകുളീകൃതമാക്കി
പാപാപഹാരിയെവാഴ്ത്തിമന്ദം.

"ദൈവമെ! നിന്മഹാസങ്കല്പത്തിന്നൊത്ത
ദിവ്യമുഹൂത്ത മുദിച്ചുവല്ലൊ

നിന്നുടെമഹാത്മ്യം വ്യക്തമാക്കീടുവാൻ
എന്നിൽമഹത്വ മണയ്ക്കുണമെ

നിന്നെയും നിന്നാലയയ്ക്കപ്പെട്ടോനെയും
നന്നായറിയേണം മന്നിലാരും

ഭൂതലംതന്നിൽ നിൻപ്രാഭവം കാട്ടിഞാൻ
നീതിയിലെൻപണി തീത്തുചെയ്തേൻ.

എന്നിൽതെളിയുംമഹത്വമിതൊക്കെയും
നിന്നിൽനിന്നുറിവന്നുള്ളതല്ലൊ!

അപ്പരമാത്മമറിഞ്ഞവരെത്രയീ-
ത്തപ്പാദഭക്തരാംശിഷ്യരെല്ലാം

നിന്നാലുപദിഷ്ടതത്വമാംരത്നങ്ങ-
ളിന്നീയിവക്കായിട്ടേകിനേൻഞാൻ

ഈശാ!നിൻമാഹാത്മ്യമേശുമുകുരത്തിൽ
മോശമൊഴിഞ്ഞിവർകണ്ടുനന്നായ്

യേശുവിൻമാഹാത്മ്യമിന്നീയിവരാലീ
ലോകപ്രസിദ്ധമായ്തീത്തിടേണം

എന്നാൽനയിക്കപ്പെട്ടളെളാരജങ്ങളാ -
കുന്നിവർ,കാട്ടുകഠംമേട്ടുകളും

കേറി വലയുമ്പോ ളേറി വരുന്നൊരു
ക്രൂവക്കേകണ മെൻ പിതാവെ!

ലോകം പഴിക്കു മിബ്ബാലകക്കാലെംബം
നിയല്ലാതില്ലേയു മെൻ പിതാവെ!

ദുഷ്ടവൃകങ്ങഠംക്കിടയി ലലയുമെൻ
ശിഷ്ടരാം മേഷകിശോരകങ്ങഠം

നഷ്ടരായ് തീരാതെ പുഷ്ടിപ്പെട്ടീടുവാ -
നറവു കനിയേണ മെൻ പിതാവെ!

സത്യ ധമ്മാദി തഴച്ചിവർ സവ്വഥാ
സത്തുക്കളാകണ മെൻ പിതാവെ!

അങ്ങെന്നെ യൻപിൽ നിയോഗിച്ചയച്ച പോ-
ലിങ്ങിവർ തമ്മെയും മെല്ലെ മെല്ലെ

എങ്ങുമയയ്ക്കുന്നേ നിന്നതി നേതുമേ
ഭംഗ മണയാതെൻ പിതാവേ!

മന്നിൻ മണികളെൻ ശിഷ്യന്മാർ തുകന്ന
പൊന്നാരപ്പൂന്തേന്മൊഴികഠം കേട്ടാൽ

ഉന്നത ഭക്തിയും വിശ്വാസവു മാക്കം
കുന്നിച്ചീടേണമേ മൽപിതാവേ!

നേരേ യിവരെമൽ പാർഷദന്മാരാക്കി
ത്തീക്കുമാറാകണേ തമ്പുരാനേ!

നിന്മഹിമാനത്തിൻ കാഹള മൂതുവോ-
രിമ്മതി മാന്മാർ വിളങ്ങേണമേ!"

ലോകാധിനാഥ പാദാംബുജ ലീനമാം
ശോക മകന്നാരു യേശു ഭംഗം

പാരം സമാധി വിരതനായ് പാഷ്ഡ-
ന്മാരൊത്തു മന്ദം നടന്നു പോയി.

"കെദ്രോ നെ"ന്നാഖ്യ കലരും നൽ കല്യയ്ക്ക-
മക്കരെ പ്പറിനാ നാക്കമോടെ

തപിട്ടാളം നല്ലൊരു തോട്ടത്തി ലങ്ങനെ
വട്ടമായ് ക്രൂട്ടമിട്ടൊത്തിരുന്നു.

സൽഗുരു വയ്ച്ചൻ നവശിഷ്യർചൂഴവേ
മുഖ്യമായുള്ളൊരു കാന്തി തേടി.

വാർമെത്തിടുന്ന നവ രത്ന മധ്യത്തിൽ
വാൽത്തു വെച്ചുള്ള പതക്കം പോലെ.

പകപ ഫലാദി സമൃദ്ധമായുള്ളൊര-
മുഖ്യമാം പൂവനം ലാലസിച്ചു.

രംഭാ കദളീ പനസാ ദ്രുപൂഗ ങ്ങളം
സമ്പന്ന മോദം ഫലം പൊഴിച്ചു!

മല്ലികാ മന്ദാര പദ്മ കൽഹാരങ്ങളം
നല്ലൊരു ചമ്പക ചേമന്തികളം

ഉല്ലസന്മാലതീ ജാതി യിത്യാദിത-
ന്നുള്ളി ലൊതുങ്ങാത്തൊരാനന്ദത്തെ

പൂവെന്നമട്ടിൽ പുറത്തേക്കു കാട്ടി നി—
ന്നാ വന്ദ്യ വിഗ്രഹ സാന്നിധ്യത്തിൽ.

തുമണച്ചാത്തണിഞ്ഞൊരു സമീരണൻ
ശ്രീമാനാം യേശുവേ വീശിനിന്നാൻ.

അമേദുരാഭ മപ്പൂവന ഗാനമായ്
കോമള കാകളീ നാദം പൊങ്ങി.

ഹൃദ്യമാ മുദ്യാന മധ്യത്തി ലങ്ങനെ
യദ്ദിവ്യ വിഗ്രഹൻ വിശ്രമിക്കേ,

രുട്ട യന്നീടിന ദുഷ്ട യഹൂദര-
ദ്ദിഷ്ടനെ തേടി നടന്നൊടുവിൽ
നീചാതി നീചനായുള്ളൊരു യൂദാവേ
യൗചിത്യം പാത്തവർ പാട്ടിലാക്കി.

അക്കാള രാത്രി തന്നാദ്യത്തെ യാമത്തിൽ
മുഷ്കരന്മാരാം ഭടന്മാരുമായ്

ക്രൂരന്മാരാകും പരീശന്മാർ തക്കത്തിൽ
നേരേയത്തോട്ടത്തിൽ വന്നു ചേർന്നു.

ഔചിത്യലേശം കലരാത്ത ദുഷ്ടനാൽ
സൂചിതനായിതു ദേശികേന്ദ്രൻ

പാതക കൃത്യത്തി ലാസക്തരാമവർ
പാതക നാശനൻ തന്നെ ക്കണ്ടു.

കൈ ചൂണ്ടി നില്ക്കും പലക താനെന്നോണം
കൈതവക്കാതലാംയൂദാവുമായ്

കുന്തവും വാളും പരിചയും പന്തവു-
മേന്തിവരുന്നൊരുമുഷ്കരന്മാർ

ദുഷ്ടി പഥത്തി ലണയവേ ഹാ! ദീർഘ-
ദൃഷ്ടിയാം ദേവനറിഞ്ഞു കാര്യം.

ക്രൂത്തിൽ നിന്നങ്ങെഴുന്നേറ്റു സദ്ഗുരു
ക്രൂരയഹൂദഭടന്മാർ മധ്യേ

ചെന്നു നിന്നീടിനാൻ! വേണെഴുമേണം താൻ
ചെന്നായ്ക്കൂം ക്രൂത്തി ലെന്നപോലെ

പുഞ്ചിരി തൂകിക്കൊണ്ടെല്ലാം മറിഞ്ഞവൻ
ചാഞ്ചല്യമെന്നിയേ ചോദ്യം ചെയ്തു.

"ആരെത്തിരയുന്നു? നേരേ പറഞ്ഞാലും
ചാരത്തു വന്നാലും സോദരരേ!"

യേശുവെ, യേശുവെ, യെന്നവ രാത്രിട-
നാശുഗ വേഗത്തിലോടിയെത്തി

കാപട്യ ഭീരുത്വ ദോഷങ്ങളോട്ടു മേ
കാണാത്ത ദിവ്യൻ കഥിച്ചിതപ്പോൾ

"നിങ്ങൾ തിരയുന്നൊ രേശുവാം കുഞ്ഞാട്ടു
ഭംഗമൊഴിഞ്ഞിവൻ തന്നെയല്ലോ"

എന്നവ നോതവേ ഖിന്ന ഹൃദയരായ്
മന്ദരവരോ നിലം പതിച്ചു!

പിന്നെയും ചൊല്ലിനാൻ ഖിന്നത വിട്ടവ-
ണ്ണെന്നെ ഞാൻ കാണിച്ചു തന്നവല്ലോ"

മാമക സാഹചര്യത്തെ വെടിഞ്ഞെനു-
ഗാമികരം നിങ്ങൾ പിരിഞ്ഞു പോവിൻ.

ആഗന്തുകന്മാരിലാരോ ചില രപ്പോ—
ളാഗമാക്കാതലിൽ കൈ കടത്തി

അക്രമ മയാതു കാൺകയാലുഗ്രകോ-
പാക്രാന്തൻ പത്രോസു വാളയത്തി

ചിക്കെന്നു വെട്ടി മുറിച്ചു വിഭ്രീടിനാൻ
മൽക്കോസ്സിൻ ദക്ഷിണമായ കണ്ണം

സാഹസിയായോനെ ശീഘ്രം തടുത്തുകൊ-
ണ്ടാജ്ഞ ചിത്തനോടോതി ദേവൻ:—

ഊരിയ വാളു റയ്ക്കുള്ളിലൊതുക്കെടോ!
വൈര നിര്യാതനബുദ്ധി മോശം!

വാളെടുക്കുന്നവൻ വാളാൽ മരിക്കുമേ
നീളെയു മിത്തത്വം നിർവിവാദം

ഉണ്ടോ? നിയതിഗതി യെത്തടയുവാൻ
വേണ്ടും വിധമൊരു വേലിയെങ്ങാൻ?

ശാസന മിങ്ങനെ പത്രോസ്സിനേകീട്ട-
ദ്ദാസന്റെ കണ്ണും സുഖപ്പെട്ടുത്തി.

സൈനികനാഥൻ സഹചരരൊത്തുതാൻ
മാനവരത്നത്തെ ബന്ധിക്കയായ്!!

ഭാരുണമാകുമ സ്സംഭവം കണ്ടെന്നാൽ
ഭ്രരി ചാരചരജാതി യെല്ലാം

കേഴ മെന്നോത്തിട്ടോ മാഴ്കും പ്രകൃതിയും
ചൂഴംതമസ്സുടൻ വ്യാപിപ്പിച്ചു!

അന്യായ കമ്മങ്ങളിങ്ങനെ കാണുവാ-
നാവതല്ലെ ങ്ങളാലെന്ന മട്ടിൽ

സോമനും തന്നുടെ ഭൃത്യ ഗണങ്ങളും
വ്യോമത്തിൽ നിന്നു മറഞ്ഞു കഷ്ടം

പുണ്യപുമാൻ വിളിങ്ങീടും മലക്കാവിൽ
നിന്നീടും നാനാ തരു കുലങ്ങളും

കണ്ണീർക്കണങ്ങളും ചൊരിയുന്ന മാതിരി
പൂണ്ണങ്ങളും പാറിച്ചു നാലുപാടും!

രക്ഷ്യങ്ങളും തേടിപ്പുറമേ പോയുള്ളൊരു
പക്ഷിക ളാർത്തു വിളിച്ചുകൂടി!

അല്പവും മാരുതൻ വിയീലപ്പുവനം
വീർപ്പുമടക്കി നിലച്ചുപോലെ!

വന്യ മൃഗങ്ങളലറി നല്ലുച്ചത്തിൽ
വന്ദിതൻ ബന്ദിയായ് ത്തീർന്നനേരം!

ഉത്തമ ശിഷ്യനായുള്ളൊരു പത്രോസ്സു
പേത്തുമങ്ങോവെ പിൻതുടർന്നു.

അന്നാസ്സെന്നുള്ള യഹൂദ പ്രമാണി തൻ
മുന്നി ല ഭ്യനെ കൊണ്ടു ചെന്നാർ

ഉന്നത സിംഹാസനസ്ഥനാ മന്നാസ്ഥാ
നന്നജാപുത്രനെ നോക്കി ചൊന്നാൻ

"ചൊൽക നീ യെന്തൊരുപദേശം ലോകർക്കു
നൽകി നിൻ ശിഷ്യന്മാരാരുപാരിൽ

എന്തൊരുപാഠമീ നിന്നിൽ നിന്നിജ്ജന
മന്തരമെന്യേ പഠിച്ചിരിപ്പൂ?

ശ്രോത്രാഭിരാമ മാമ്മാറതി നുത്തര-
മുത്തമ പുരുഷ നുച്ചരിച്ചാൻ

പാരം പരസ്യമായ് തന്നെയുപദേശ-
മാരിലുമേകിനേ നിത്യനാളും

സ്പഷ്ട മെന്നാലു പഭിഷ്ടങ്ങളായവ
കേട്ടവരുള്ളപോൽ ചൊല്ലുമല്ലൊ

ഉത്തര മിങ്ങനെ കേട്ടു നന്നാസി-
ന്നുദ്ധത ചിത്തനാം ഭൃത്യ നേകൻ

അത്തിരുമേനിയോ ടിങ്ങനെചൊല്ലിനാ -
"നെന്തെടോ? ഭ്രാന്തുപറയുന്നെന്തേ?"

എന്തു പറഞ്ഞവ നേതും മടിക്കാത-
പ്പൊന്നൊളി പൂങ്കവിൾ രണ്ടിലും ഹാ!

പാപ ച്ചെളിയാളും പാണിയുയത്തിട്ടു
പാരം പ്രഹരിച്ചു കഷ്ടം! കഷ്ടം!

ദാന്ത പ്രവരനായീടും മഹേശജൻ
ഭ്രാന്തനോടോതി മധുരമായി

"തെറ്റു പറഞ്ഞാൽ തെളിയിച്ചു കൊൾകതാൻ
മറ്റു വിധമെങ്കിൽ ത്യാജ്യമാമൊ?

നിന്മരിയാദ പ്രവൃത്തിക്കു കാരണ-
മുൺമയിലോതുവാനുണ്ടോ തെല്ലും?"

ഉത്തര മൊന്നു മുരിയാടിയില്ലവ-
നുത്തമ ദേശികൻ തന്നെയപ്പോഠം

കയ്യഫ് മെന്നു പുകഴും പുരോഹിത -
വയ്യൻതൻമുന്നിലണച്ചു പിന്നെ

ന്യായാധിപനാം പിലാത്തോസ്സിൻ സന്നിധൗ
മായാമനുഷ്യനെക്കൊണ്ടു ചെന്നാർ

ധ്യാന നിരതനാ യാനനംകുമ്പിട്ടു
മാനവ സൂനുവും തത്തുനിന്നു.

തെല്ലീർഷ്യാ കോപ ഭയ ക്കറതീണ്ടിയി-
ട്ടില്ലല്ലോ തൻമുഖ മപ്പണത്തിൽ

അന്തസ്സന്തോഷ കളർമതി തുകുന്ന
ബന്ധുര പുഞ്ചിരി പ്പാൽനുരകഠം

തുണ്ണം പൊഴിച്ചുരു തുമകലന്നൊര-
പൂണ്ണാനുഭാവൻ വിളങ്ങും നേരം

വ്യാഘ്രഗണങ്ങളെപ്പോലെ യഹൂദന്മാർ
ശീഘ്രം ചുഴന്നു നിലയുമായി

നീതിക്കധിപതി യാകും പീലാത്തോസ്സീ
ഭ്രതിയിളക്കങ്ങളം കണ്ടു കണ്ടു

ആസ്ഥാനമണ്ഡപം വിട്ടെഴുന്നേറുട-
നാസ്ഥയാ ചെന്നവർ മധ്യത്തിങ്കൽ

"എന്താണീ മാനവൻ ചെയ്തൊരപരാധം?
സന്താപകാരിയോചൊല്ലുകിവൻ?"

ന്യായാധിനാഥ വചനം ശ്രവിക്കവേ
മായികന്മാരവർ ചൊല്ലി മെല്ലെ.

"തെറുകഠം ഭീമമായ് ചെയ്തിരിക്കുന്നിവ-
നുറവനങ്ങിന്നു ചോടിച്ചാലും.

കുറ്റങ്ങൾ ചെയ്യും കുമതിയെ കൊല്ലുവാൻ
ചെറു മധികാര മെങ്ങൾക്കില്ല.

ന്യായജ്ഞ മൗലിയാ മങ്ങുന്ന തന്നെയി-
ന്നായതിനർഹനധികാരസ്ഥൻ".

നീതി യഭിനയിച്ചിങ്ങനെ മൂർഖന്മാ-
രോതിയവാക്കുകൾ കേട്ടശേഷം

വിസ്തരിച്ചെല്ലാമേ കേട്ട വിധിചൊൽവാൻ
സ്വസ്ഥാനം തന്നിലിരുന്ന ധീമൻ

മർത്യർതൻ സ്വകർമ്മങ്ങളെ മന്ത്യത്തിൽ
സത്യസന്ധനെ വിധിച്ചു കൊൾവാൻ

സ്വാധികാര മെഴും ന്യായ മുത്തിയെ
ഗവിഷ്ഠ നല്പജ്ഞൻ വിസ്തരിച്ചു.

തുച്ഛ മനുഷ്യ! സമുദ്രജലം നിന്റെ
കൊച്ചുകൈ കൊണ്ടളന്നീടാമെന്നോ

ഹാ! രാജ രാജന്മാർ പോലു മങ്ങാരുടെ
ചാരേ പ്രജകളായ് ത്തീർന്നുപോകും?

തേജസ്വിയാകു മദ്ദേഹത്തെയീ വെറും
രാജ പ്രതിനിധി വിസ്തരിപ്പാൻ

ഘോരാപരാധിയെ പ്പോലതി നിർദ്ദയം
നേരേയടുത്തു നിറുത്തിക്കൊണ്ടേ

ചോദിച്ചാ "നീ യഹൂദന്മാർക്ക് രാജാവു
നീതന്നെ യെന്നു നിനപ്പതുണ്ടോ?"

ദിവ്യ പ്രഭാവം വിളങ്ങും നയങ്ങ-
ളവ്യയൻ നേരേ നയിച്ചതില്ല.

സാമാന്യ നായൊരു മർത്യന്റെ മാതിരി-
യാമാനവാത്മജൻ ചൊല്ലിയപ്പോഠം

എന്താണു ചൊൽവതു ഞാനൊരു രാജാവെ-
ന്നന്തരം വിട്ടു ഭവാൻ കഥിപ്പൂ?
ബന്ധമെന്തായതി നെന്നതു തെല്ലുമെ-
ന്നന്തരംഗത്തി ലറിയുന്നില്ല.

നിർമ്മല പുരുഷൻ തന്നുടെ വാണികൾ
നിർമ്മായ മിങ്ങനെ കേട്ടപോതിൽ
രണ്ടാമതും പറഞ്ഞാനവൻ തന്നക-
ത്തുണ്ടായൊ രുൽക്കണ്ഠയോടു ക്രൂടെ
"ഇപ്പുരുഷാരം പുരോഹിത രെന്നിവ-
ർക്കുപരിതാപം നീ ചേർത്തുവെന്നായ്
അധികമന്നാ വലാതി യർപ്പിച്ചിതു
ബോധിപ്പിച്ചീടു നീ ചെയ്തതെല്ലാം"
ചിന്തിച്ചു നിൽക്കാതെ യുത്തര മിത്തരം
ചിന്തിതചിന്താമണി യരുളി
രാജ്യംഭരിപ്പവനാണു ഞാനെന്നാകിൽ
രാത്രിയിലെന്നെ പ്പിടിപ്പാനാകാ
മുറവു മിക്കാൺമ തല്ലെന്നുടെ രാജ്യമെ-
ന്നാററിയേണമേ ശ്രുബുദ്ധേ!
ഏതെങ്കിലുമൊരു നാടിൻ മുടിച്ചൂട്ടം
നാഥനാകുന്നുനീ യെന്നോ ചൊൽവൂ?"
എന്നവൻ പിന്നെയും ചോദിച്ച നേരമാ-
നന്ദസ്വരൂപൻ പറഞ്ഞിതേവം
"രാജാവാകുന്നതൊന്നെന്നു നീ ചൊല്ലുന്ന
രാജിയായ് നിൽക്കട്ടെ കായ്മിപ്പോൾ
സത്യ പ്രകാശം വരുത്തുവാൻ വന്ന ഞാൻ
തത്വ മതൻപൊരു ബോധിച്ചാലും

സത്യ പരായണ രെന്നെയറിഞ്ഞീടും
നിത്യ മനസരിച്ചീടും നൂനം"

കണ്ണപീയൂഷമാ യിങ്ങനെ കാരുണ്യ-
പൂർണ്ണജലനിധി ചൊന്നനേരം

ന്യായാധിപാസനം വിട്ട പീലാത്തോസ്സും
പോവാൻ മുതിന്നെഴുനേറ്റു മന്ദം

സ്പഷ്ടം പുരുഷാരത്തോടവ നോതിനാൻ
"വിട്ടിടുന്നുണ്ടു ഞാനിപ്പുമാനെ

കുറ്റങ്ങളൊന്നു മിവങ്കലില്ലെന്നതെ
മുറ്റും നിനപ്പു ഞാൻ മാലോകരെ!

ശിഷ്ടദിനത്തി ലൊരുകുറ്റവാളിയെ
വിട്ടയച്ചീടുമാറുണ്ടു പണ്ടേ

ഇന്നു വിമോചനയോഗ്യത യിദ്ദേഹ-
ധന്യനിലേകുകയല്ലീ നല്ലൂ

ആയതു കേട്ടളവ പ്പുരുഷാരമി
തയ്യയ്യോ! ചെയ്യരുതെന്നരച്ചാർ

ധിക്കാരി വഴ്ത്തും തടവിലകപ്പെട്ട
തൽക്കോമളാങ്ഗിത വിഗ്രഹത്തെ

ക്രൂരമാം മാതിരി മർദ്ദനം ചെയ്യുമൊ-
രാരംഭമായിതു ഘോരം! ഘോരം!

പാരിനു താപമകറ്റും കൃപാരസ-
മൂറിടും മാറിടം നോക്കിദുഷ്ടർ

മുഷ്ടിചുരുട്ടിയിടിച്ചിതു! ഹാ! ഗതി-
മുട്ടിയ ക്രൂത്തിനെത്തുവയ്യ'

ചമ്മട്ടി കൊണ്ടടിച്ചീടിനാർ നിർദ്ദയം!
നെന്മേനി വാകപ്പൂ മേനിയിങ്കൽ.

പല്ലു പറിപ്പാൻ തുടങ്ങാർ ചിലർ വള-
യെല്ലുകൾ തല്ലി വളയ്ക്കുമെന്നായ്!

മമ്മങ്ങൾ കൂത്തി ഞെരിച്ചു! ഗുരുവര—
കമ്മങ്ങളോരോന്നു മെണ്ണി യെണ്ണി
എന്നല്ല ചുറവും വളഞ്ഞവർ കാട്ടിയ
ദുർന്നയമെങ്ങനെ വർണ്ണിക്കുന്നു!!

കിഞ്ചിജ്ഞന്മാരുടെ കൊഞ്ചനം കണ്ടിട്ടോ
പുഞ്ചിരി തൂകിനാനേശു ദേവൻ!

അപ്പുഞ്ചിരി പ്പാലരിനിരയാ മൊരു
സപ്പങ്ങൾ ക്കേറെ വിഷം വളർത്തി!

ക്രൂശു മൂർത്തുള്ളൊരു മുള്ളുകൊണ്ടായവർ
ക്രൂരരെത്തൊപ്പി ചമച്ചുവെച്ചു!

ചെമ്പിച്ച വർണ്ണത്തിൽ കഞ്ചുകമുണ്ടാക്കി-
ച്ചെമ്പോൽത്താർ മേനിയിൽ ചേർത്തുകൊണ്ടാർ!

പുഷ്പാർച്ചനംചെയ്തു പൂജിച്ചു കൊള്ളേണ്ട-
മപ്പുണ്യ പൂരുഷ വിഗ്രഹത്തെ

വേണ്ട മലക്കോല ചിഹ്നം ധരിപ്പിച്ചു
രണ്ടു ചെകിട്ടിലും കൈനടത്തി!

ദണ്ഡമിതേറെറം പരിലസിച്ചാൻ പരം!
സ്വർണ്ണമുരുകുന്ന ശുദ്ധിയേറാൻ.

കണ്ടക ജാതിയെ ക്കുണ്ടിൽ നിന്നേറാനാ-
യ്ക്കാണ്ടകം നൊന്തു പരിശ്രമിക്കേ

കണ്ടക വൃന്ദം തലയിൽ ക്കരേറുക-
കൊണ്ടൊരു കുണ്ഠിത മില്ലവങ്കൽ!

ലോകത്രയാത്തി തുരത്തും മഹിതനീ-
പ്രാകൃതരെന്തൊരു ഭീതി ചേർക്കും!

ഹന്ത! മൃതനേയും ജീവിപ്പിച്ചുള്ളവൻ
ഹന്തവ്യനെന്നു നിനപ്പൂ മൂഢർ!

മുറു മവിവേക പ്പേക്രൂത്തേ! നിൻതല
പറെ യറുക്കുവാൻ കാലമായി!

പ്രാണാവസാനത്തിൽ കാട്ടും നിൻ ശോഷിക-
ളാണി വികൃത ദുശ്ലേഷ്ടിതങ്ങളം!

ഉദ്ധരപ്പിച്ച മുഠംക്കിരീടമതാ-
സ്സിദ്ധനു ചേന്നൊരലങ്കാരമായ്!

മത്തു പിടിച്ചൊരു മുഷ്കരബാഹുക്കൾ
ശക്തി നശിച്ചു കഴങ്ങിവാങ്ങി!

ഏതുമേ വൈവർണ്യലാഞ്ഛനം പോലുമ-
ച്ചൈതന്യ രാശിയിൽ കണ്ടതില്ല!

മക്കടർ നക്കിക്കടിച്ച തുപ്പീടിലും
നൽകനകം കാന്തികൈവിടുമോ!

ദീനദയാലുവെ ദുണ്ഡിപ്പതുകണ്ടു
കാണിക ളമ്പരന്നങ്ങു നിൽക്കേ

ന്യായസഭാപനെ ക്രൂട്ടിക്കൊണ്ടൻ പൊടാ-
ന്യായാസനസ്ഥൻ പുറത്തിറങ്ങി

വീറെഴും ക്രൂരയഹൂദപ്പുരിഷ തൻ
ചാരത്തു ചെന്നവൻ മന്ദമായി

നല്ല മധുരസ്വരത്തി ലുരചെയ്താൻ
സ്വർല്ലോകനാഥനെ ഓർമ്മിപ്പിക്കൊണ്ടേ

"ഏതുമപരാധി യല്ലിവൻ, പ്രത്യുത
നീതി വിശാരദൻ നിർവ്വിശങ്കം"

ആയഭിപ്രായ മരാതി ക്കമർഷമാം
തീയതിൽ തൈലമായെന്നേ വേണ്ടൂ!

ആട്ടിൻ കിടാവിനെ ച്ചുറവും വൃകങ്ങൾപോൽ
യൂദരീയേകനെ ച്ചുററി നിന്നാർ

"ക്രൂശിൽ തറയ്ക്കുക, ക്രൂശിൽ തറയ്ക്കുകെ"
ന്നാശ്രു ഖലന്മാർ വിളിച്ചു ചൊല്ലി

"ഇപ്പാപകമ്മത്തി ലുംപ്പു കലങ്ങുന്നെ"-
ന്നപ്പീലാത്തോസ്സൊഴി ഞ്ഞോതിടുമ്പോഠം

ചൊന്നാരവർ," യുപൻഞാനെ" ന്നകല്പിച്ച
മന്ദനെ ക്കൊന്നുകളഞ്ഞിടാതെ

വീത വിശങ്കം ഹാ! വിട്ടയച്ചീടുവോൻ!
നീ തന്നെ നല്ലോരു രാജ ദ്രോഹി!"

അച്ചണ്ഡഭോഷണം കേട്ടു ചലിക്കാതെ
നിശ്ചിത കമ്മാവവൻ പറഞ്ഞാൻ

"ഉച്ചലിതോദ്ഭഗനാണിവൻ, ഭൂപതി
സച്ചന്ദം നീതി നടത്തിടട്ടെ

എന്മാനസദിവ്യ സിംഹാസന സ്ഥാന-
ത്തിന്മേലിൽ നിന്നിഹ നിർവിശങ്കം

സന്ദേശ മൊന്നുതെളിഞ്ഞുയരുന്ന മേ
സന്ദേഹമില്ല ഞാൻപോയിടുന്നൻ."

ദ്യോവണി പ്പന്തലിൻ കീഴില നോളവു-
മേവനും ചെയ്തിട്ടില്ലാത്തവണ്ണം,

പിന്നീടിന്നേവരെ യാതൊരു ദുഷ്ടനും
തന്നുള്ളി ലോത്തിട്ടില്ലാ വിധത്തിൽ,

അംബ വസുന്ധര യിമ്മട്ടൊരു പുത്ര-
ദുർമൃതികണ്ടിട്ടില്ലാത്തരത്തിൽ,

ചണ്ഡാല വൃത്തികഠം പേയു മറയ്ക്കുമ-
ച്ചണ്ഡ നരബലി യ്ക്കായൊരുങ്ങി!

ശേഷ മെഴുതുവാൻ ശേഷിയില്ലേ! ഭാഗ്യ-
ദോഷത്താൽ ഞാനൊരു കാവ്യകൃത്തായ്!

സപ്തലോകനാഥ ചരിതാന്തമോക്കവേ
കല്പായിപ്പോവുകി ലെത്ര നന്നാം!!

ഘാതകന്മാരുടെ കർമ്മം നിനയ്ക്കവേ
ചേതസ്സുരുകി ത്തിളച്ചിടുന്നു!

ഉള്ളിലുൽഭ്രതമാ മൂഷ്മളവാതകം
വല്ലാതുയർന്നു തടഞ്ഞുമുറവും

അയ്യോ! കഥിക്കുവാ നാവതില്ലാവിധം
പെയ്യുന്നു പേമഴ കണ്ണുനീരായ്!

വായ്ക്കും ബധിരതയേലുന്ന കണ്ണങ്ങൾ!
വാക്കുകൾ സ്തംഭിച്ചു നിന്നിടുന്നു.

ദുഷ്ട മൃഗങ്ങളേ! നിങ്ങളിലില്ല ദു—
ഷ്ടാര്യ ദുഷ്ടവങ്ങ ളൊന്നും തന്നെ

അത്യന്ത ക്രൂരത! നിങ്ങൾക്കു പാർക്കിൽ
ക്ഷുത്തടങ്ങീടും വരെയുള്ള മാത്രം!

ക്രൂരതേ! ക്രൂരതേ നിന്നധി വാസമി—
പ്പാരിൽ നരാധമന്മാരി ലല്ലോ!

സൃഷ്ടി വിശേഷമേ! മാനുഷാ! നീ തവ
സ്രഷ്ടാവിനേകുന്ന പശ്ചാത്താപം:

ആനന്ദ പൂർവ്വക മാത്മബലി ചെയ്യാൻ
മാനസതാരി ലുറച്ച ദേവൻ.

നമ്രമാശീർഷത്തി ലമ്മുഖംകിരീടത്തെ
നിർമ്മല നീരാള ത്തൊപ്പി പോലെ

മുറുമണിഞ്ഞു മമ്മൂഢ പരിഹാസം
മൂകനെ പോലെ സഹിച്ചു കൊണ്ടും

സ്വീയരുധിരത്തെ ചിന്തുവാനുള്ള സ-
ല്ലായമമാം കുരിശേന്തികൊണ്ടും
മുറവു മീ മന്നർ തൻ തെറവു പൊറുക്കുവാ
നുറവുരോടങ്ങിരന്ന കൊണ്ടും
ധീരനായ്, പുരുഷ മൃത്യുയാ മമ്മഹാൻ
ചാരുസ്മിതം തൂകി യാത്രയായി!

ഘട്ടം ഭയങ്കരം! സോദരന്മാരേ! വ്യ-
ത്തട്ടുതരമൊട്ടു നിങ്ങൾക്കെല്ലാം
പൊട്ടിപ്പായീടുന്ന കട്ടിക്കരുമ്പാറ-
ക്കെട്ടിനുൾ തന്നെയോ സൃഷ്ടമായി.

എന്തൊരപരാധം ചെയ്തുപോയിപ്പുമാ-
നെന്തൊരു ഭണ്ഡന സന്ത്രാസം!

ജാത്യന്ധനേത്രം തെളിച്ചു വെന്നുള്ളതൊ-
രത്യപരാധമായ്തീർന്നു വെന്നോ!

ഭൂരി മഹാരോഗ ബാധിതരെക്ഷണാൽ
ആരോഗ്യയുക്തരായ് തീർത്തു വെന്നോ!

പാപസമുദ്രനിമഗ്നരെ പുണ്യമാം
ദ്വീപിൽ കരേറിയിരുത്തിയെന്നോ!

ജ്ഞാന പ്രകാശം വിതറി യേതന്ധനും
ജ്ഞാന സ്വരൂപനെ കാട്ടിയെന്നോ!

സത്യ ധർമ്മാദി തൻകേദാരമാക്കിയി-
പ്പൃഥ്വീ തലത്തെ വിളക്കിയെന്നോ!

എന്തെന്നു ചിന്തിക്കി ലേതു മറിവീല-
ഭ്രാന്തുപ്പിശാചിൻ വികൃത നൃത്തം!!

നീചാഭിലാഷത്തെ നിർഭയം ശാസിച്ചൊ-
രാചാര്യദേവനെ യീ വിധത്തിൽ

കാട്ടുകഠം കാട്ടിയ ഘാതക രങ്ങൊരു
മാട്ടുകണക്കെ നടത്തി മെല്ലെ.

എന്നും പുകഴും "തലയോടിട" മെന്ന
പുണ്യസ്ഥലത്തിങ്കൽ ചെന്നു ചേർന്നു

ധന്യമാ മാചായ്വു രക്തം ചിതറുവാ-
നന്നിലമത്തെ കുറിച്ചിരുന്നു.

വാരുറ കാരുണ്യ വാരിധി, നിർമ്മമൻ
പാരിനുപകാരിച്ചകന്മഷത്തെ

തഞ്ചോര കൊണ്ടു കഴുകി ക്കളയുവാൻ
നെഞ്ചകം തന്നിലുറച്ചുനില്പൂ

വിശ്വാസ ശൂന്യനായീടും വിരോധിക്കു-
മാശ്വാസം നൽകുവാൻ പ്രാർത്ഥിക്കവേ,

ഭക്ത ജനങ്ങൾ തൻ ബാഷ്പകണങ്ങളാം
മുക്താഫലങ്ങൾ പൊഴിഞ്ഞിടവേ

ക്രൂരന്മാരാശ്രുനിലയുന്നി നിർത്തിയ
'ക്രൂശിൽ,' തറച്ചിത പ്പൂവലംഗം

സന്ധികൾ തോറു മിരുമ്പാണി താക്കിനാർ!
ബന്ധുര ചെന്തളിർ മേനിയിങ്കൽ.

ശാന്തി വ്രത ധര! ദാന്തയോഗീശ്വര!
എന്തൊരു ഭീകര ത്യാഗ രീതി!

വർദ്ധിത തൃഷ്ണാവൃകമെ! കൂടിക്കു നീ
സിദ്ധനെറ നിസ്തുല ശുദ്ധ രക്തം!!

ദാരുണ മാരണ പ്രാരംഭം കണ്ടൊരു
നേരം തുടങ്ങി താൻ നീങ്ങി നീങ്ങി

അംബര ഭാഗത്തൊരറ മണഞ്ഞവ,
നംബുജ ബന്ധു! ജഗൽ പ്രദീപം,

നില്ലാതെ മങ്ങി നിബിഡ ഘന പാളി-
ക്കുള്ളിലൊളിഞ്ഞു പോയക്ഷണത്തിൽ!!

ഭ്രുതലമാകെ വിളക്കണഞ്ഞുള്ളൊരു
ജാതുഷ ഗേഹത്തി നൊത്തിരുണ്ടു!

അന്ധകടാഹ മുടയും വിധം മേഘ-
ചണ്ഡനിനദം മുഴങ്ങി വിണ്ണിൽ!

ദണ്ഡം ജഗൽ പ്രാണനേകം കവ ഹാ! നഭോ
മണ്ഡല മാരുത നൊന്നിളകി!

പാരം പതറി പ്പറന്ന പതത്രിക-
ളാരോടു ചൊല്ലുന്നി തെന്തു ചൊല്ലി!

അദ്വന്യ വിഗ്രഹ പാർശ്വഭാഗങ്ങളി
ലത്യുരം ചോരന്മാർ രണ്ടു പേരെ

വെച്ചു തറച്ചു തു നോക്കിരസിച്ചിട്ട-
ദുശ്ചരിതന്മാർ തിരിച്ചു പോയാർ!

നന്ദന നിഗ്രഹ വൃത്തം ചെവികളി
ലന്നതി ഘോരം തറയ്ക്കയാലേ

"കന്യാമറിയം"—കമനീകുലാഞ്ചിത-
പുണ്യാവതാരം വിശുദ്ധശീല

നിത്യപ്രകാശം ചൊരിഞ്ഞുള്ളൊരാക്രിസ്തു-
രത്നം വിളഞ്ഞനൽഗ്രകൃതികയാഠം,

മെത്തുന്ന വൈദ്യുത വേഗത്താലെന്നപോ-
ലെത്തിനാളാഗ്ര കൊലക്കളത്തിൽ!

ഉത്തമ ശിഷ്യനൊരുവനുണ്ടന്തികെ
ചിത്തത്തിലർപ്പിച്ചപോലെ നിൽപ്പൂ

ഒന്നേതികച്ചവം നോക്കിയതുള്ളൂ! ഹാ!
ഭിന്നിച്ചു പോയി ഹൃദന്തമയ്യോ!

രോദനം ചെയ്യും തന്മാതാവിനെ നേക്കി–
പ്പൂതചരിത നരുളിച്ചെയ്തു
പോരും പരിതാപ മമ്മേ മനസിനി-
യാരിഹ തപൽ പുത്രനോത്തുകണ്ടാൽ,

പുത്രവിയോഗ വ്യഥയി ലുരുകാതെ
നിത്യമാം ശാന്തിയെ നേടിയാലും!

ചാരത്തു നില്ക്കുമി ധന്യനെപ്പുത്രനായ്
ത്തേറുമാറാകണ മാശ്ശീലേ!"

ഭക്തനാം ശിഷ്യനോടോതി യനന്തരം
ഭദ്രം ഭവിക്കനിനക്കു സാധോ!

'ഇസ്സ്വാധിതാനത്തേ നിന്നമ്മ'യെന്നുനീ
വിശ്വസിച്ചിടേണ മിന്നി മേലിൽ

ന്യൂനം സവേശ നിദേശം നിറവേറ്റി,
മാനുഷജന്മം സഫലമാക്കി,

ദേഹം പാ സുഖത്തിന്നായ് ത്യജിപ്പതി-
ലാഹന്ത! നിത്യതൃഷ്ണാനു മേകി,

ക്രൂരനിശംസ പ്രവൃത്തിക്കുമുദ്യയായ്
'ക്രൂശി'ൽ കിടപ്പൂഹാ! ധന്യ മൗലി,

ബന്ധമൊഴിഞ്ഞു വപുസ്സാ ളിയാൻവള്ള
തൻ തല തെല്ലുചരിഞ്ഞു, വക്ത്രം

തണ്ടൊടിഞ്ഞങ്ങനെ ചാഞ്ഞു നിന്നിടിന
തണ്ടലർപ്പുഷ്പത്തിനൊത്തിരുന്നു!

ക്രൂശൊട്ടു ചേർത്തുതൻ സന്ധികൾ തോറുമേ
ക്രൂരമായാണി തറയ്ക്കയാലേ

തങ്ങുത്തകിട്ടി ലിടയ്ക്കിടെ ച്ചെമ്പൊട്ട
തങ്കുന്നമാതിരി രക്തമിറ്റു,

ആപാദചൂഡ മണിഞ്ഞൊരപ്പൂമേനി-
യാരൊന്നുനോക്കൂ! മതികഠിനം!

കല്യാണ കാന്തിതൻ കല്ലോലമാളിന
സല്ലോക വന്ദിതൻ തന്റെ ദേഹം

നല്ലോരു കല്ലറ തന്നിൽ വിധി പോലെ
മെല്ലവേ സംസ്കാരം ചെയ്തു പിന്നെ

മൂന്നാംദിനത്തി ലുയിർത്തു മഹേശജൻ
പോന്നാൻ പുറത്തതി ശ്രുധമായി!

അല്ലൽക്കടലിലാപ്പെട്ട മറിയതാൻ
കല്ലറവാതുക്കലെജ്ജഡത്തെ

കാത്തിരുന്നീടവേ കാണായ കാരണം
കാതരയായവൾ കേഴ്ംനേരം -

സത്യ സ്വരൂപനാ മേശു യദൃഛയാ-
വിദ്യുല്ലതികപോൽ കാന്തി മാനായ്

നേത്രം നിറഞ്ഞ കരുണാരസമോടേ
പ്രത്യക്ഷനായി തവകൺകൾ മുന്നിൽ!

ഭക്തരാം ശിഷ്യവൃന്ദത്തിനു മങ്ങനെ
ഭക്തപരായണൻ ദൃശ്യനായി!

സന്ത്രസ്ത ചിത്തരായീട്ട മവർക്കരു -
സംതൃപ്തി നൽകിനാൻ സാധു വന്ദ്യൻ

വിണ്ണ്യാപദാനന നന്തരം ശിഷ്യാഗ്ര-
മണ്ഡലമധ്യത്തിലന്നനേവം

ചേലിൽ തെളിഞ്ഞു തന്നാട്ടിഷ്ട പൂത്തിയിൽ
നാളൊരു നാല്പതു ചെന്നപോതിൽ

തതപാത്ഥഗോക്കളുതിർത്തു നിജശിഷ്യ-
ചിത്തസരോജം വിടത്തിക്കൊണ്ടും

ഭൂതല മാദ്യപരിപൂർണ്ണമാക്കിയും
ചൈതന്യ ധാമം വിളങ്ങിനിൽക്കെ

ദ്യോവിങ്കൽ നിന്നു വരുന്നതു കാണായി
ദിവ്യ പ്രകാശ മൊന്നന്തികത്തിൽ

ചാരത്തണയവേ തേജസ്സിരുത്തമ -
പുരുഷാകാരമായ് മുന്നിൽ നിന്നു

കാണിക ളത്ഭുത മഗ്നരായിടവേ,
നൂന മിമ യണയ്ക്കാതെ നില്പൂ

പ്രാണിഹിതപ്രദൻ തന്നെനയിച്ചവൻ
വാനത്തി ലേറിനാൻ മെല്ലെ മെല്ലെ

നാഥാ! പരിപാഹി! നാഥാ! ദയാനിധേ!
സാധുക്കളെങ്ങളെ തള്ളുകെന്നോ!!

ആധി പൊറുക്കരുതയ്യോ! ഭഗവാനേ!!
പാഥോജലോചനാ പോകരുതേ"

എന്നവരാർത്ത്യാ മുറവിളിച്ചീടവേ.
വിണ്ണിലുയർന്നവിശിഷ്ടരുപൻ

പൂർണ്ണശശാങ്കപ്രതിമ പ്രകാശനായ്
നിന്നു മധുര മായേവമോതി:—

"ഇണ്ടലുണ്ടാകരുതെതുമേ, ഞാനിഹ:—
വിണ്ടും വരുവേനനുഗ്രഹിപ്പാൻ

ദേവ കദംബത്താ ലർച്ചിതനായിട്ട
ദേവ നണഞ്ഞിതുവാനുലകം.

മങ്ങും മനമൊട്ടും മന്യരാം ശിഷ്യന്മാർ
വാങ്ങിപ്പോന്നു, ത്തരകായ്ത്മായ്

ആചായ്യ ശാസിതധർമ്മ പ്രചാരണ-
മാചരിച്ചീടുവാനാടലെന്യേ

നെഞ്ചുറപ്പാൻ നിഖിലം ത്യജിച്ചുടൻ
സഞ്ചരിച്ചീടിനാർ്ഷനാട്ടു തേവും.

ഹാ! തുംഗ പാപ ഭയം തീർത്തു സവ്വി-
ഭ്രതിയുംഭ്രതധാത്രിക്കുചേർപ്പാൻ

ക്രിസ്തുവായ് വന്നവതീർണ്ണനാം ദൈവമേ!
നിസ്തുലതേജോവിഭവവായ്പേ!

ഭാവല്ലപാവന പാദാംബുജസ്മൃതി
ജീവിത യാത്രയി ലെങ്ങഠംക്കെന്നും


നേർവഴികാണിക്കും ദീപമായ് മിന്നുവാൻ
കൈവരുമാറാക നിൻ കടാക്ഷം!

സത്യപരദൈവ സന്തത ചിന്തയാൽ
ചിത്ത വിശുദ്ധിഭവിച്ചു മേന്മേൽ

സവ്ത്രതങ്ങളിൽ മന്മതിയുണ്ടാക്കും
ദുവ്വാര പ്രേമത്താൽ ബദ്ധരായി

ത്രയോ ജനിഫലം നേടിയുയരുവാ-
നായിവക്കേകേണം ഹസ്താലംബം!

ആദിമധ്യാന്ത വിഹീനമായ് ഭാസിക്കും
ജ്യോതിസ്സിൻ ജ്യോതിസ്സേ! കൈ തൊഴുന്നേൻ.



260